കുഞ്ചൻ നമ്പ്യാർ

കല്യാണ സൌഗന്ധികം

(ശീതങ്കൻ തുള്ളൽ)



TEXT
WITH NOTES
&
QUESTION BANK MODEL

QUESTIONS AND ANSWERS

കല്യാണസൗഗന്ധികം

(ശീതങ്കൻ തുള്ളൽ)

WITH
INTRODUCTION, NOTES
&
QUESTION BANK MODEL
QUESTIONS AND ANSWERS



By
വി. കെ. എഴുത്തച്ഛൻ, എം. എ.,
എൻ. എസ്സ്. എസ്സ്. കോളേജ്,
ഒറ്റപ്പാലം–3

PRICE : Rs. 3-00

AJITH BOOK CENTRE
P. O.KANNIYAMPURAM :: OTTAPALAM-679104

ഉള്ളടക്കം



അവതാരിക

കുഞ്ചൻനമ്പ്യാർ

മലയാളികരം അഭിമാനപൂർവ്വം സ്മരിക്കുന്ന മഹാകവികളിൽ അദ്വിതീയനാണു് രസികാഗ്രണിയായ കുഞ്ചൻനമ്പ്യാർ. സ്വന്തം ജന്മഭൂമിയായ കേരളത്തിന്റെ പ്രകൃതിസൗന്ദര്യത്തെയും അവിടത്തെ സമൂഹത്തിൽ നടമാടിയിരുന്ന വിവിധങ്ങളായ ഗുണദോഷങ്ങളെയും സുന്ദരമായും ശക്തമായും സ്വകവിതകളിൽ ആവിഷ്കരിക്കുകയും വിമർശിക്കുകയും ചെയ്ത മറ്റൊരു കവിയെ കണ്ടു മുമ്പു കേരളം കണ്ടിട്ടില്ല. തുള്ളലെന്ന നൃത്യകലയ്ക്കു രൂപം നല്കിയ അദ്ദേഹം സാഹിത്യഭംഗി തുളുമ്പുന്ന നിരവധി തുള്ളൽകൃതികളുടെ കർത്താവുകൂടിയാണു്.

ലക്കിടി തീവണ്ടിയാപ്പീസിനടുത്തുള്ള കിള്ളിക്കുറിശ്ശിമംഗലം എന്ന പ്രദേശത്തെ കലക്കത്തു് എന്ന വീട്ടിൽ കൊല്ലവർഷം 880-ാമാണ്ടടുത്തു് (A. D. 1705) നമ്പ്യാർ ജാതനായി. അദ്ദേഹത്തിന്റെ അച്ഛൻ കിടങ്ങൂർക്കാരനായ ഒരു നമ്പൂതിരിയായിരുന്നുവെന്നും അല്ല, കിടങ്ങൂർക്കാരൻതന്നെയായ ഒരു നമ്പ്യാരായിരുന്നുവെന്നും രണ്ടഭിപ്രായം നിലവിലുണ്ടു്. കിടങ്ങൂരുമായുള്ള ബന്ധം ഏതുതരത്തിലുള്ളതായിരുന്നാലും, അതാണു് അമ്പലപ്പുഴയും തിരുവനന്തപുരവുമായി തന്റെ ജീവിതത്തെ ബന്ധിപ്പിക്കുവാൻ നമ്പ്യാർക്കു പ്രയോജനപ്പെട്ടിരിക്കുക എന്നു് അനുമാനിക്കാവുന്നതാണു്.

നമ്പ്യാരുടെ യഥാർത്ഥനാമധേയം എന്തായിരുന്നുവെന്നു തിട്ടം അറിഞ്ഞുകൂടാ—കുഞ്ചൻ എന്നതു് ഓമനപ്പേരായിരുന്നുവെ

ന്ന് അഭിപ്രായപ്പെടുന്നവരുണ്ട്. [illegible] മുതലായവർ കൃഷ്ണൻ എന്നായിരുന്നു നമ്പ്യാരുടെ പേരെന്നു പറയുന്നു. കിള്ളിക്കുറിശ്ശി ക്ഷേത്രത്തിലെ ബലിക്കൽപ്പുര പുതുക്കിപ്പണി ചെയ്യിച്ചുള്ള നമ്പ്യാരാണെന്നും അവിടെ രേഖപ്പെടുത്തിയിട്ടുള്ള തത്സംബന്ധിയായ ശ്ലോകത്തിൽനിന്ന് അദ്ദേഹത്തിന്റെ പേർ 'രാമ'നെന്നാണെന്നും പുതിയൊരഭിപ്രായം ഉയർന്നുവന്നിട്ടുണ്ട്.

"ശ്രീബലിപ്രസ്തരസ്ഥലം
ശ്രീക്ലേശാലയവാസിനഃ
രാമേണ പാണിവാദേന
കാരിതോ ഭക്തയാ ധ്രുവം."

മൂന്നാംവരിയിലെ രാമപാണിവാദൻ (രാമൻനമ്പ്യാർ) കുഞ്ചനാണെന്നു പറയപ്പെടുന്നു.

നമ്പ്യാരുടെ കൃതികളെന്നു വിശ്വസിക്കപ്പെട്ടുപോരുന്ന ശ്രീകൃഷ്ണചരിതം മണിപ്രവാളം, [illegible]ചരിതം കിളിപ്പാട്ട്, പഞ്ചതന്ത്രം കിളിപ്പാട്ട്, നളചരിതം കിളിപ്പാട്ട് എന്നീ കൃതികളുടെ താളിയോലപ്പകർപ്പുകളിൽ അവ രാമപാണിവാദനാൽ രചിക്കപ്പെട്ടവയാണെന്നെഴുതിയ ചില സൂചനകളുണ്ടെന്ന് ഗവേഷകന്മാർ അഭിപ്രായപ്പെടുന്നു. ഈ വസ്തുതകൾ മുൻനിർത്തി നോക്കുമ്പോൾ നമ്പ്യാരുടെ ശരിയായ പേര് രാമൻ എന്നായിരുന്നുവെന്ന് ന്യായമായും അനുമാനിക്കാം.

നമ്പ്യാരുടെ ബാല്യവിദ്യാഭ്യാസം സ്വഗ്രാമത്തിൽവെച്ചുതന്നെയാണ് നടന്നതെന്നും, ആദ്യഗുരു സ്വമാതുലനായ തെലിയൻ നമ്പ്യാരായിരുന്നുവെന്നും ഉപരിപഠനം തൃക്കണ്ടിയൂർ? നാരായണഭട്ടതിരിയുടെ അടുത്തായിരുന്നുവെന്നും മഹാകവി ഉള്ളൂർ പ്രസ്താവിച്ചിരിക്കുന്നു. അച്ഛനോടൊന്നിച്ച് അമ്പലപ്പുഴ എത്തിച്ചേർന്ന നമ്പ്യാർ നടുവിലേടത്ത് [illegible], പുതുമന നമ്പൂതിരി, തെക്കേടത്തു ഭട്ടതിരി എന്നീ പ്രമുഖന്മാരുടെ കീഴിൽ വിദ്യാഭ്യാസം ചെയ്യുന്നതിനുള്ള സന്ദർഭവും സൗഭാഗ്യവും

സിദ്ധിച്ചു. തന്റെ പല കൃതികളിലും നമ്പ്യാർ ഇവരെ കൃതജ്ഞതാപൂർവ്വം സ്മരിക്കുന്നുണ്ട്. തെക്കേടത്തു ഭട്ടതിരിയുമായുള്ള പരിചയംമൂലമാണ് നമ്പ്യാർക്കു ചെമ്പകശ്ശേരിക്കൊട്ടാരത്തിൽ പ്രവേശനം സിദ്ധിച്ചതെന്നുകൂടി കരുതപ്പെടുന്നു.

കേരളത്തിലെ പല നാടുവാഴികളെയും പ്രഭുക്കളെയും ആശ്രയിച്ചു നമ്പ്യാർ ജീവിച്ചിരുന്നതായി കരുതാം. തന്റെ കവിതാത്തിനു വളരുവാൻ പറ്റിയ അനുകൂലസാഹചര്യങ്ങൾ അവിടങ്ങളിലൊന്നും അദ്ദേഹത്തിന് അനുഭവപ്പെട്ടിരിക്കാൻ ഇടയില്ല. അതുകൊണ്ടാവാം അവയെല്ലാം വിട്ട് അദ്ദേഹമൊടുവിൽ അമ്പലപ്പുഴയും തിരുവനന്തപുരവും എത്തിച്ചേർന്നതു്. ഇങ്ങനെ ദേശാടനംകൊണ്ട് സമ്പാദിച്ചിട്ടുള്ള ജീവിതാനുഭവങ്ങളാണ് ഗ്രന്ഥ[illegible]മായി ഇതിവൃത്തങ്ങളിൽ പുതിയതായ കാവ്യങ്ങളെ വാർത്തെടുക്കുന്ന നമ്പ്യാർക്കു ശക്തി നല്കിയിരിക്കണം. [illegible]ളിൽ വർത്തിച്ചിട്ടുള്ള കൊട്ടാരങ്ങളിലെയും പ്രഭുഭവനങ്ങളിലെയും ജീവിതവും, സേവകപ്പരിഷകളുടെ ഉപജാപകവൃത്തിയും, നമ്പ്യാരുടെ അനുഭവങ്ങളായിത്തന്നെ കരുതുന്നതിൽ അപാകതയില്ല.

അമ്പലപ്പുഴയിലെ ജീവിതം എല്ലാംകൊണ്ടും നമ്പ്യാർക്ക് അനുകൂലവും, സന്തോഷപ്രദവുമായിരുന്നു. തെക്കേടത്തു ഭട്ടതിരി, മാത്തൂർപ്പണിക്കർ മുതലായ പല പ്രമുഖന്മാരും നമ്പ്യാരുടെ ഗുണകാംക്ഷികളായിരുന്നു. ചെമ്പകശ്ശേരിരാജാവു് നമ്പ്യാരുടെ കവിതാവാസനയെ സ്നേഹവാത്സല്യങ്ങളോടെ പ്രോത്സാഹിപ്പിച്ചുപോന്നു. ഈ അനുകൂലസാഹചര്യത്തിലാണ് നമ്പ്യാർ തുള്ളലെന്ന പുതിയ ദൃശ്യകലാരൂപത്തിനു ജന്മംനല്കിയതു്. [illegible] ഇങ്ങനെ പല ഉൽകൃഷ്ടകൃതികളും നമ്പ്യാർ ഇവിടെവെച്ചാണു രചിച്ചതു്.

കൊല്ലവർഷം 929-ൽ മാർത്താണ്ഡവർമ്മമഹാരാജാവു് ചെമ്പകശ്ശേരിരാജ്യം കീഴടക്കി തിരുവിതാംകൂറിനോടു ചേർത്തപ്പോൾ നമ്പ്യാർ തിരുവനന്തപുരത്തേയ്ക്കു താമസമാക്കി. അദ്ദേഹം മാർത്താ

ന്ധവർമ്മമഹാരാജാവിനേയും രാമവർമ്മമഹാരാജാവിനേയും ആശ്രയിച്ചു പത്തുവർഷത്തിലധികം തിരുവനന്തപുരത്തു താമസിച്ചു. ഈ രണ്ടു മഹാരാജാക്കന്മാരിൽനിന്നും അളവററ പ്രോത്സാഹനവും സ്ഥാനമാനങ്ങളും സമ്മാനങ്ങളും നമ്പ്യാർക്ക ലഭിച്ചിട്ടുണ്ട്. ഇക്കാലത്തും ധാരാളം തുള്ളൽകൃതികൾ അദ്ദേഹം നിർമ്മിച്ചു.

കൊല്ലവർഷം 940നോടടുത്ത കാലത്തു നമ്പ്യാർ തിരുവനന്തപുരത്തേയ്ക്ക യാത്രപറഞ്ഞ് അമ്പലപ്പുഴയ്ക്കുതന്നെ മടങ്ങിവന്ന്. അവിടെ സ്ഥിരതാമസമാക്കി. പിന്നീടദ്ദേഹം അധികകാലം ജീവിച്ചിരുന്നില്ല എന്നു പറയപ്പെടുന്നു. പേപ്പട്ടിവിഷംബാധിച്ചു ചികിത്സയിലായിരുന്ന കാലത്തു പത്ഥ്യംതെററിച്ചു സദ്യയുണ്ടതിനാലാണെന്നു പറയുന്നു നമ്മുടെ മഹാകവി പേയിളകി കൊല്ലം 945നൊടുത്തു (A. D. 1770) ഇഹലോകവാസം വെടിഞ്ഞു.

അമ്പതോളം തുള്ളൽകൃതികൾ നമ്പ്യാരുടേതായിട്ടുണ്ട്. അതിനുപുറമേ ശ്രീകൃഷ്ണചരിതംമണിപ്രവാളം, നളചരിതം കിളിപ്പാട്ട്, പഞ്ചതന്ത്രം പതിനാലുവൃത്തം, ശീലാവതി എന്നിവയും അദ്ദേഹത്തിന്റേതാണെന്നു വിശ്വസിച്ചുവരുന്നു. പലതിലും തുള്ളലുകളിലെ ആശയം പ്രതിഫലിച്ചുകാണുന്നതും കിള്ളിക്കുറിശ്ശിമഹാദേവനെ സ്തുതിച്ചുകാണുന്നതുമാണ് ഈ കൃതികൾ നമ്പ്യാരുടേതാണെന്ന ഊഹത്തിന്നടിസ്ഥാനം.

ജന്മസിദ്ധമായ രസികത്വവും ഫലിതപരിഹാസചാതുരിയും നമ്പ്യാരുടെ സ്വകാര്യജീവിതത്തിലും നിറഞ്ഞുതുളുമ്പിയിരുന്നു. അദ്ദേഹത്തിന്റെ ജീവിതവുമായി ബന്ധപ്പെട്ടുകാണുന്ന നിരവധി കഥകൾ അതിനുദാഹരണങ്ങളാണ്. മുഖസ്തുതിക്കാരും പണക്കൊതിയന്മാരുമായ കവികൾ എഴുത്തു തൊഴിലാക്കി നടക്കുന്ന ധർമ്മസചിവന്മാർ എന്നഭാവേന കൊള്ളരുതായ്മകാട്ടി നടക്കുന്ന സർവ്വസ്വാപഹാരികളേയും തരംകിട്ടിയേടത്തുവെച്ചെല്ലാം നമ്പ്യാർ കണക്കിനു കളിയാക്കിവിട്ടിരുന്നു. 'ദീപസ്തംഭം മഹാശ്ചര്യം' "പണ്ടാരയുടെ കല്ല്" എന്നിവയ്ക്കിഷ്ടമാണ്" കാതിലോല ന

ള്ളതാണ്‌ "കരി കലക്കിയ കുളം, കളം കലക്കിയ കുളം" എന്നിവയെ അടിസ്ഥാനപ്പെടുത്തിയുള്ള സംഭവകഥകൾ നമ്പ്യാരുടെ നർമ്മബോധത്തിനും ധർമ്മബോധത്തിനും രസികത്വത്തിനും മികച്ച ദർശനങ്ങളാണ്‌. കാലത്തെ അതിജീവിക്കുന്ന മികച്ച ജീവിതമൂല്യമുള്ള കൃതികളാണ്‌ തുള്ളലുകൾ എന്ന കാര്യത്തിൽ ആർക്കും രണ്ടഭിപ്രായമില്ല.

തുള്ളൽപ്രസ്ഥാനം

മലയാളത്തിലെ മഹത്തായ സാഹിത്യപ്രസ്ഥാനങ്ങളിൽ പ്രമുഖസ്ഥാനമാണ്‌ തുള്ളലിനുള്ളത്‌. അതിന്റെ ഉപജ്ഞാതാവായ കുഞ്ചൻനമ്പ്യാരാകട്ടെ മലയാളത്തിലെ ആദ്യത്തെ ജനകീയ കവിയുമാണ്‌. ലളിതമധുരമായ ഭാഷാശൈലിയും നിറഞ്ഞുതുളുമ്പുന്ന ഫലിത പരിഹാസങ്ങളും, ശക്തമായ സാമൂഹ്യവിമർശനവും, സമാകർഷകമായ രചനാരീതിയും തുള്ളലിനെ സാമാന്യജനങ്ങളുമായി കൂടുതൽ അടുപ്പിച്ചു. ക്ഷേത്രകലകളിൽ ഈ ദൃശ്യകലാരൂപംപോലെ ജനങ്ങളെ രസിപ്പിക്കാൻ കൂത്തിനോ, കൂടിയാട്ടത്തിനോ, കഥകളിക്കോ കഴിഞ്ഞിട്ടില്ല എന്നതാണ്‌ പരമാർത്ഥം.

അമ്പലപ്പുഴ ഉത്സവകാലത്തൊരിക്കൽ ചാക്യാർകൂത്തിന്‌ മിഴാവു കൊട്ടുവാൻ മുട്ടുശാന്തിക്കാരനായി നമ്പ്യാർക്ക്‌ പ്രവർത്തിക്കേണ്ടി വന്നു. പരിചയക്കുറവു നിമിത്തമോ, കൂത്തിന്റെ ദീർഘത നിമിത്തം ഉറക്കം തൂങ്ങിയതിനാലോ നമ്പ്യാർക്ക്‌ താളം പിഴച്ചു. കോപം വന്ന പരിഹാസപ്രിയനായ ചാക്യാർ നമ്പ്യാരെ ആ നിറഞ്ഞ സദസ്സിൽ വെച്ചു കണക്കിന്‌ കളിയാക്കിവിട്ടു. മാനഹാനി സംഭവിച്ച നമ്പ്യാർ ഇതിനു പകരം വീട്ടണമെന്ന്‌ നിശ്ചയിച്ചു. അന്നു രാത്രി "കല്യാണസൗഗന്ധികം" നിർമ്മിച്ച്‌ പിറ്റെ ദിവസം ഉചിതവേഷവിധാനങ്ങളോടു കൂടി ക്ഷേത്രത്തി

ങ്ങേറ മറെറാരു രാഗത്തു് അവതരിപ്പിച്ചു. കാണികളും ചാക്യാരെ വിട്ടു് തുള്ളലു കാണാറായി. അങ്ങിനെ ചാക്യാർ വിഡ്ഢിയായി. തുള്ളലിന്റെ ഉത്ഭവത്തെക്കുറിച്ചു് ഇങ്ങിനെ ഒരൈതിഹ്യം പ്രചാരത്തിലുണ്ടു്.

ഒരൊററ രാത്രികൊണ്ടു് ഒരു പുതിയ ദൃശ്യകലാരൂപം തയ്യാറാക്കി എന്നു് ആരു പറഞ്ഞാലും വിശ്വസിക്കാൻ പ്രയാസമാണു്. ചാക്യാർകൂത്തിന്റെ ആവർത്തനവിരസമായ അവതരണം സഹൃദയനും പരിഹാസപ്രിയനുമായ നമ്പ്യാരെ പുതിയൊരു കലാരൂപത്തിന്റെ നിർമ്മാണത്തിനു് പ്രേരിപ്പിച്ചിരിക്കാം. കൂത്തിന്റെ ജീവസ്സായ അംശങ്ങളൊന്നും വിട്ടുകളയാതെ താളമേളങ്ങളെയും സംഗീതത്തെയും കൂടി ചേർത്തു പുതിയ രൂപത്തിൽ എങ്ങിനെ അവതരിപ്പിക്കാമെന്നു് നമ്പ്യാർ ദീർഘകാലമായി ആലോചിച്ചിട്ടുണ്ടാവണം. അതിന്റെ സാക്ഷാൽക്കാരമാണു് ഈ ഒരേ നിസ്സാര സംഭവത്തിന്റെ പ്രത്യക്ഷീകരണമായി കാണുന്ന ഐതിഹ്യം.

ചരിത്രപരമായി ചിന്തിക്കുമ്പോൾ നമ്പ്യാർ തുള്ളലിന്റെ പരിഷ്കർത്താവു മാത്രമാണെന്നു തെളിയും. കേരളത്തിൽ പ്രദേശങ്ങളിൽ പ്രചാരത്തിലുള്ള "പടയണി" എന്ന ആരാധനാനൃത്തത്തിലും, അമ്പലപ്പുഴയിലുള്ള "കോലംകളി"യിലും തുള്ളലിന്റെ പ്രാകൃതമായ പൂർവ്വരൂപം കാണാൻ കഴിയുന്നതാണു്. ഇവയിലെ നൃത്താംശവും വാദ്യാംശവും ക്രോഡീകരിച്ചു് ആകർഷകങ്ങളായ വേഷവും താളവും സമ്പ്രദായങ്ങളെ നമ്പ്യാർ പരിഷ്കരിച്ചു് ചിട്ടപ്പെടുത്തിയിരിക്കണം. അങ്ങിനെ അതിനൂതനമായ പ്രത്യേകതകളോടു കൂടിയ ഒരു സാഹിത്യം നമ്പ്യാർ വിരചിച്ചു. ഇതും ചരിത്രപരമായി നോക്കു് അറിയാവുന്ന വസ്തുതകളാണു്.

തമിഴ കൃതികളിൽനിന്നും സാഹിത്യപ്രസ്ഥാനങ്ങളിൽനിന്നും, കൃതികളിൽ നിന്നും ആശയങ്ങളെല്ലാം നമ്പ്യാർ സ്വകൃതികളിലേക്കു് സ്വീകരിച്ചിട്ടുണ്ടു്. തുള്ളലിലെ പ്രധാന വൃത്തമായ തരംഗിണി ഭാഷയിലെ ഒരു പ്രാചീനവൃത്തമാണു്. ചമ്പുക്ക

ളിൽ ഇവ സുലഭമായി കാണാം. ശീതങ്കനിലെ "കാകളി" കിളിപ്പാട്ടുവൃത്തംതന്നെയാണ്. സംസ്കൃതത്തിലെ മല്ലികയാണ് പറയൻതുള്ളലിൽ ധാരാളമായി ഉപയോഗിച്ചിട്ടുള്ളത്. ഇവയെല്ലാം പുറമെ വക്ത്രം, സ്വാഗത, സുമംഗല, ശീതാഗ്ര: കളകാഞ്ചി എന്നിവയെല്ലാം പഴയ വൃത്തങ്ങൾതന്നെയാണ്.

പരിഹാസത്തിലൂടെ സാമൂഹ്യവിമർശനം നടത്തുന്ന സമ്പ്രദായം നമ്പ്യാർ പ്രാകൃതത്തിൽനിന്ന് സ്വീകരിച്ചതാണ്. വേഷവിധാനത്തിലും തുള്ളലിന് കൂത്തിനോട് കടപ്പാടുണ്ട്. പുരാണപാത്രങ്ങളെ ചിത്രീകരിക്കുന്നതും സംഭവങ്ങളാകട്ടെ, പാത്രങ്ങളാകട്ടെ കേരളീയത്വം വരുത്തുന്നതും ചമ്പുക്കളിൽ അവിടവിടെ കാണാവുന്നതാണ്. പുരാണേതിഹാസപ്രസിദ്ധങ്ങളായ കഥകളെ ഉപാഖ്യാനങ്ങളെക്കൊണ്ടും മറ്റും കൂടുതൽ ഹൃദ്യമാക്കുന്നതിൽ നമ്പ്യാർ സ്വല്പം സ്വാതന്ത്ര്യം ഉപയോഗിച്ചിട്ടുണ്ട്.

തുള്ളലിന് നമ്പ്യാർ നൽകിയ പ്രത്യേക സംഭാവനയെന്ത് എന്ന് ചിന്തിക്കാം. മുൻപറഞ്ഞ പടയണിയും കോലംകളിയും ഉയർന്ന സമുദായക്കാർക്ക് ഇഷ്ടപ്പെട്ടിരുന്നില്ല. പാമരന്മാരുടെ വിനോദങ്ങളായ അവയിൽനിന്ന് അതിന്നാവശ്യമായവ തിരഞ്ഞെടുത്ത് അവയുടെ സംഗീതമാധുര്യവും ഗ്രാമീണകലാഭംഗിയും നഷ്ടപ്പെടാതെ പണ്ഡിതപാമരന്മാർക്കൊരുപോലെ രസിക്കുന്ന ലളിതസുന്ദരശൈലിയിൽ കാവ്യങ്ങളിലൂടെ നമ്പ്യാർ പുരാണകഥകൾ അവതരിപ്പിച്ചു. കഥകളി ആസ്വദിക്കാൻ ആവശ്യമായ സാങ്കേതികപരിജ്ഞാനം തുള്ളലാസ്വദിക്കാൻ വേണ്ട. നൃത്തം, അഭിനയം, വാദ്യം, സംഗീതം, എന്നിവയുടെ മേളനവും, പരിഹാസവും ഫലിതവും സാമൂഹ്യവിമർശനവും എല്ലാംകൂടി അവയ്ക്ക് പ്രത്യേകമായൊരാസ്വാദ്യത ഉളവാക്കിത്തീർത്തു. കേരളീയ സഹൃദയർ ഈ പുതിയ കലാരൂപത്തെ സഹർഷം സ്വാഗതംചെയ്തു.

അവതരണത്തിലും കഥകളിയുടെ വിഷമതകളൊന്നും തുള്ളലിനില്ല. വളരെ ലളിതമാണ്. നടനും ഒരു മേളക്കാരനും കൂ

ഴിതാളക്കാരനും മാത്രമേ തുള്ളലിനു വേണ്ടൂ. നടൻതന്നെ പാട്ടു പാടും. പിന്നണിക്കാർ ഏറ്റു പാടിക്കൊള്ളും. അതിനാകട്ടെ താളമൊപ്പിച്ചു പാടാനുള്ള കഴിവുമാത്രം മതിയാകും. നടന്റെ വേഷവിധാനം വളരെ ലളിതമാണ്. രംഗസജ്ജീകരണങ്ങളൊന്നും ആവശ്യമില്ല. പകലും രാത്രിയും തുള്ളൽ നടത്തുകയും ചെയ്യും. ഇങ്ങനെ അവതരണത്തിന്റെ കാര്യത്തിലും തുള്ളലിന് പുതുമയുണ്ടായിരുന്നു.

മുന്നിലിരിക്കുന്ന കാണികളെ ചൂണ്ടിക്കാട്ടി പരിഹസിക്കുന്ന ചാക്യാരുടെ സ്വഭാവം തുള്ളൽക്കാരൻ സ്വീകരിച്ചിട്ടുണ്ട്. എന്നാൽ തുള്ളൽക്കാരന് വ്യക്തിദ്വേഷമില്ല. കാണികളെയെല്ലാം ചൂണ്ടി പരിഹസിക്കാറുമുണ്ടാവാം. പിന്നെ ക്ഷേത്രത്തിന് പുറത്തും തുള്ളൽ നടത്താം. കൂത്തങ്ങിനെയല്ല.

ഓട്ടൻ, ശീതങ്കൻ, പറയൻ എന്ന് തുള്ളൽ മൂന്ന് വിധത്തിലുണ്ട്. തുള്ളക്കാരന്റെ വേഷവിധാനത്തിൽ ഈ മൂന്നെണ്ണത്തിലും അല്പാല്പവ്യത്യാസം കാണാം. കവിതയെ സംബന്ധിച്ചിടത്തോളം ഇവയിലെ വൃത്തങ്ങൾക്കും വ്യത്യാസമുണ്ട്. കേരളത്തിലെ സാർവ്വജനീനമായ ഒരു ദൃശ്യകലാരൂപമെന്ന നിലയിൽ തുള്ളലിന് അദ്വിതീയസ്ഥാനമാണ് ഉള്ളതെന്ന തീർത്തുപറയാം.

കല്യാണസൗഗന്ധികം
(ശീതങ്കൻ തുള്ളൽ)

1. കല്യാണസൗഗന്ധികത്തിലെ കഥാവസ്തു

കുഞ്ചൻനമ്പ്യാർ

മഹാകവി കുഞ്ചൻനമ്പ്യാരുടെ ആദ്യത്തെ തുള്ളൽ കൃതിയാണ് കല്യാണസൗഗന്ധികം. പാണ്ഡവന്മാരുടെ വനവാസകാ

ലത്തു നടന്ന ഇതിലെ കഥ മഹാഭാരതം വനപർവ്വത്തിലുള്ളതാണ്.

ചൂതുകളിയിൽ പരാജിതരായ പാണ്ഡവന്മാർ കരാറനുസരിച്ച് വനവാസം ചെയ്യുന്ന കാലം. പാശുപതാസ്ത്രം നേടിയ അർജ്ജുനൻ ഇന്ദ്രന്റെ ആവശ്യപ്രകാരം സ്വർഗ്ഗത്തിലേക്ക് പോയിരുന്നതിനാൽ ഈ കഥ നടന്ന കാലത്ത് അദ്ദേഹം മറ്റു പാണ്ഡവരോടൊപ്പം ഉണ്ടായിരുന്നില്ല.

അക്കാലത്തൊരു ദിവസം പാഞ്ചാലിക്ക് കാറ്റത്തു പറന്നു വന്ന ഒരു ദിവ്യപുഷ്പം ലഭിച്ചു. കുബേരരാജ്യമായ അളകയിലെ മനോഹരമായ ഒരു പൊയ്കയിൽ നിന്ന് പാറി വന്ന സൗഗന്ധികപുഷ്പമായിരുന്നു അത്. ആ പൂവിന്റെ സൗന്ദര്യവും സൗരഭ്യവും ആസ്വദിച്ച പാഞ്ചാലി, അവ കൂടുതലും തനിക്ക് കൊണ്ടുവന്നു തരണമെന്ന് ഭീമനോട് അപേക്ഷിച്ചു.

പാഞ്ചാലിയുടെ ആഗ്രഹം നിറവേറ്റിക്കൊടുക്കാൻ സൗഗന്ധികപ്പൂക്കൾ തേടി ഭീമൻ വടക്കോട്ട് പുറപ്പെട്ടു. ഗന്ധമാദനപർവ്വതത്തിലെ സുന്ദരങ്ങളായ കാഴ്ചകളും, കാട്ടാളന്മാരുടെ നായാട്ടും, സുരസുന്ദരിമാരുടെ ലീലകളും കണ്ട് രസിച്ച് അദ്ദേഹം ഹനുമാൻ താമസിക്കുന്ന കദളീവനത്തിൽ എത്തിച്ചേരുന്നു.

ഭീമൻ വരുന്നതെന്നറിഞ്ഞ് ഹനുമാൻ ആ സഹോദരനെ ഒന്ന് പരീക്ഷിക്കാൻ തീരുമാനിച്ചു. അവന്റെ അഹംഭാവവും ഒന്നടക്കിത്തീർക്കണം എന്ന് നിശ്ചയിച്ചു. ഹനുമാൻ ഒരു വൃദ്ധവാനരവേഷം ധരിച്ച് ഭീമന്റെ മാർഗ്ഗമദ്ധ്യത്തിൽ ചെന്ന് കിടന്നു. അഹങ്കാരിയായ ഭീമൻ കാടുകളുലച്ച് തകർത്ത് ഹനുമാന്റെ അടുത്തെത്തി വഴിമാറിക്കൊടുക്കുവാൻ ആജ്ഞാപിച്ചു. തർക്കം പരമത്തിൽ വാഗ്വാദമായി. ഭീമൻ തന്റെ വീരപരാക്രമങ്ങൾ വർണ്ണിച്ചു തുടങ്ങി. ഹനുമാനാകട്ടെ അവയെല്ലാം കണക്കിന് കളിയാക്കി വിട്ടു. കൈയിലുള്ള ഗദകൊണ്ട് വാൽ എടുത്തു മാറ്റി നേർവഴിക്കു തന്നെ പൊയ്ക്കൊള്ളുവാൻ വൃദ്ധവാനരൻ ഭീമനോട് പറഞ്ഞു. ഭീമൻ അങ്ങിനെത്തന്നെയാവാമെന്ന് നിശ്ചയിച്ചു. വാൽ

ഗദകൊണ്ട് നീക്കുവാൻ ശ്രമിച്ചു. എന്നാൽ വാലിലെ ഒരു രോമംപോലും ഇളക്കുവാൻ ആ വീരപരാക്രമിക്ക് കഴിഞ്ഞില്ല. ഭീമന്റെ തല താണു. തന്റെ ഉദ്ദേശം സാധിച്ചതോടെ ഹനുമാൻ യഥാർത്ഥരൂപത്തിൽ ഭീമന്റെ മുന്നിൽ പ്രത്യക്ഷപ്പെട്ടു. തന്റെ ജ്യേഷ്ഠസഹോദരന്റെ കാല്ക്കൽ ഭീമൻ നമസ്കരിച്ചു. തന്നെ സ്തുതിക്കുന്ന ഭീമനെ ഹനുമാൻ അനുഗ്രഹിച്ചു, രാമായണകഥ ഉപദേശിച്ചു. സൗഗന്ധികപ്പൂവും തേടാനുള്ള മാർഗ്ഗം പറഞ്ഞുകൊടുത്തു വാത്സല്യപൂർവ്വം യാത്രയാക്കി.

ഭീമൻ അളകയിലെത്തി. സൗഗന്ധികപ്പൊയ്കയുടെ കാവൽക്കാരായ രാക്ഷസന്മാരെ നിഷ്പ്രയാസം തോല്പിച്ചു ധാരാളം പൂക്കൾ പറിച്ചെടുത്തു മടങ്ങിപ്പോന്നു. വഴിക്കു ജ്യേഷ്ഠസഹോദരനായ ഹനുമാനെ കണ്ടു വണങ്ങി. പാഞ്ചാലിയുടെ അടുത്തെത്തി അവൾക്കു സൗഗന്ധികപ്പൂക്കൾ നൽകി പകരം പുഞ്ചിരിപ്പൂക്കൾ സ്വീകരിച്ചു.

ഇതാണ് കല്യാണസൗഗന്ധികത്തിലെ കഥയുടെ ചുരുക്കം.

2 ഭീമന്റെ സ്വഭാവം വിവരിക്കുക

കല്യാണസൗഗന്ധികം തുള്ളലിലെ പ്രധാന കഥാപാത്രമാണ് ഭീമൻ. ഒരു ധീരോദ്ധതനായ നായകന്റെ ഔദ്ധത്യം, ധൈര്യം, ആത്മപ്രശംസ, കോപം, തട്ടിക്കയറ്റം എന്നിവയെല്ലാം ഭീമന്റെ വാക്കിലും പെരുമാറ്റത്തിലും പ്രവൃത്തിയിലും തെളിഞ്ഞുകാണാം. നമ്പ്യാർ തന്നെ മറ്റൊരു സന്ദർഭത്തിൽ ഈ സ്വഭാവവിശേഷങ്ങളെ ഉയർത്തി, സകലാചാരഗംഭീര പുരുഷൻ, ഉഗ്രാഗ്രഹാധികാര പുരുഷൻ, വീരൻ, പരാക്രമപ്രൗഢൻ, ഉത്തമ നരപതി എന്നീ വിശേഷണങ്ങൾകൊണ്ട് വെളിപ്പെടുത്തിയിട്ടുണ്ട്.

മാർഗ്ഗമദ്ധ്യത്തിൽ വിലങ്ങിക്കിടക്കുന്ന വൃദ്ധവാനരനോട് ഭീമൻ ആദ്യമേ പറയുന്ന വാക്കുകൾ അദ്ദേഹം തികഞ്ഞ

അഹംഭാവിയാണെന്നു വ്യക്തമാകുന്നുണ്ടു്. നാട്ടിൽ പ്രബലരായ തന്നെ കണ്ടറിയാത്ത ആ ക്ഷുദ്രജീവികളോടു്,

> "ആരെടാ നമ്മുടെ മാർഗ്ഗേ കിടക്കുന്ന
> മർക്കടാ നീയങ്ങു മാറിക്കിട ശഠാ!"

എന്നാണു് ഭീമൻ പറയുന്നതു്. ഈ വാക്യവും ഗർവ്വാക്ഷരമാണെന്നു കവിതന്നെ പറയുന്നുണ്ടു്. വാനരനാണെങ്കിലും വലിയവനാം അവതാരമാണെന്ന ചിന്തപോലും ഭീമനുണ്ടായില്ല. കണ്ടമാത്രയിൽതന്നെ തട്ടിക്കേറലും അധിക്ഷേപവും തുടങ്ങി. ധിക്കാരവും അവിനയവും സ്ഫുരിക്കുന്ന ഭീമന്റെ ശകാരം ഏതു ക്ഷമാശാലിയേയും പ്രകോപിപ്പിക്കുന്നതാണു്.

താൻ ആരാണെന്നു്, എവിടത്തുകാരനെന്നു ചോദിക്കാതെതന്നെ തന്റെ യോഗ്യതകൾ ഒന്നൊന്നായി ഉദ്ഘോഷിക്കാൻ ഭീമസേനനു മടിയില്ല. ഈ ആത്മപ്രശംസയിലും ധിക്കാരമനോഭാവം പ്രത്യക്ഷപ്പെടുകയാണു്.

ബകൻ, ഹിഡിംബൻ, കിർമ്മീരൻ തുടങ്ങി രാക്ഷസന്മാരെ നിഗ്രഹിച്ച വീരപരാക്രമിയും, പാണ്ഡുപുത്രമധ്യമനും, ധർമ്മരാജാനുജനുമാണു് താനെന്നു വളരെ അഭിമാനത്തോടെ പറയുന്ന ഭീമസേനനു സ്വന്തം ബാഹുബലത്തിൽ അടിയുറച്ച ആത്മവിശ്വാസമുണ്ടു്. ഒട്ടും വകതിരിവില്ലാത്ത ആ വാനരൻ നാട്ടിൽ പ്രബലരായ തന്നെ അറിയാതിരിക്കുന്നതിലാണു് ഭീമനു് അതിരില്ലാത്ത കോപം. ഔദ്ധത്യബോധം അറ്റുപോയ ഭീമനു് തിരിച്ചറിവുണ്ടായില്ല. ഹനുമാന്റെ വാലിളക്കാൻ കഴിയാതിരുന്നപ്പോഴും അതു തന്റെ അശക്തികൊണ്ടു സംഭവിച്ചതാണെന്നു് അദ്ദേഹം ശങ്കിക്കുന്നില്ല. വാനരന്റെ കൂടപ്രയോഗംകൊണ്ടു സംഭവിച്ചതാകാമെന്നു സംശയിക്കുകയാണു്. ഒടുവിൽ ബാഹുയുദ്ധത്തിൽ പരാജയപ്പെടുത്താമെന്ന വിശ്വാസത്തോടെ വാനരനെ വെല്ലുവിളിക്കുകതന്നെ ചെയ്യുന്നു.

തന്നെയും സഹോദരന്മാരെയും പത്നിയെയും അപമാനിച്ചുകൊണ്ടുള്ള ദുര്യോധനന്റെ വർണ്ണനം കേട്ട് ഭീമൻ കഠിനമായി കോപിക്കുന്നുണ്ട്. ആ വാനരനെ കൊല്ലുവാൻ പ്രയാസമില്ലെങ്കിലും ധർമ്മപുത്രരുടെ അനുജനായ താൻ ധർമ്മം വെടിഞ്ഞു നടക്കുകയില്ലെന്ന് അദ്ദേഹം പറയുന്നു. കൂടാതെ തന്റെ ജ്യേഷ്ഠനായ ഹനൂമാനെക്കുറിച്ചോർക്കുമ്പോൾ വാനരവംശത്തിൽപ്പെട്ട ഒരാളെയും കൊല്ലാൻ പാടില്ലെന്നും ഭീമൻ വിചാരിച്ചിരിക്കണം. എല്ലാററിനുംമീതെ, "മരിക്കാറായിരിക്കുന്ന മർക്കടകിഴവനെ മരുത്തിന്റെ മകൻ വന്നു മരിപ്പിച്ചെന്നു കേട്ടാൽ" ആളുകൾ പരിഹസിക്കുമെന്ന ഭയവും ഭീമനെ വാനരവധത്തിൽനിന്നു പിൻതിരിപ്പിച്ചതാകണം.

സൗഗന്ധികപ്പൂവിന്റെ കാവൽക്കാരനായ ക്രോധവശനോടും ഉദ്ധതനായിത്തന്നെയാണ് ഭീമൻ പെരുമാറുന്നത്. ക്രോധവശന്റെ വാക്ക് കേട്ടാൽ അങ്ങിനെത്തന്നെയാണ് പറയേണ്ടതെന്നു തോന്നുകയും ചെയ്യും. ഇങ്ങിനെ എല്ലാ സന്ദർഭങ്ങളിലും ഔദ്ധത്യപരാക്രമങ്ങൾ തികഞ്ഞവനായ ഭീമൻ ബാഹുബലത്തിൽ വിശ്വസിക്കുന്ന വ്യക്തിയായിട്ടാണ് പ്രത്യക്ഷപ്പെടുന്നത്.

അസാമാന്യമായ ബാഹുവീര്യവും സാഹസബുദ്ധിയുമാണ് ഭീമനുള്ളത്. അദ്ദേഹത്തിന്റെ ഗദാഘട്ടനംകൊണ്ട് വൃക്ഷങ്ങൾ വീഴുന്നത് അത്ഭുതകരമായ രീതിയിലാണ്.

"പെട്ടെന്നൊരു മരം പൊട്ടിപ്പിളർന്നുടൻ
മറ്റൊരു വൃക്ഷം പതിക്കുന്നനേരത്ത്
മററതും ഖണ്ഡിച്ചു മററതിന്മേൽവീണു
മററതും മററതും മററതും ചൂർണ്ണമായ്."

ഭീമൻ ഗദ കയ്യിൽ ചുഴററുമ്പോഴുണ്ടാകുന്ന കാററിൽ പുലികളും, സിംഹങ്ങളും, ചോരയിൽക്കുളിക്കുന്ന പന്നിത്തടിയന്മാരും പാറിപ്പോകുന്നു. കദളീവനത്തിലേക്ക് പ്രവേശിച്ച ഭീമൻ കാണിക്കുന്ന പരാക്രമങ്ങളും അദ്ദേഹത്തിന്റെ അഹംഭാവംപോലെത്തന്നെ അളവററതാണ്.

തുമ്പിക്കരംകൊണ്ടു മുമ്പിൽ പല പല
വമ്പിച്ച വന്മരമൊന്നു പിടിച്ചൊടി–
ച്ചമ്പോടടുക്കുന്ന വമ്പൻ കൊലയാന–
ക്കൊമ്പന്റെ കൂർത്തുള്ള കൊമ്പുരണ്ടും പിടി–
ച്ചമ്പത്തു പാറകളിന്മേൽ കലർന്നുള്ള
മുമ്പിൽക്കളിപ്പിച്ച വമ്പൻ വ്യാഘ്രവീരൻ
കാട്ടും തകർത്തുകൊണ്ടോട്ടും മൃഗങ്ങളെ
ചാടിയടിച്ചിട്ടു ചോടിയടുക്കുന്ന
കണ്ഠീരവങ്ങളെ കയ്യൂക്കുകൊണ്ടു
കണ്ഠതലംകൊത്തു മരിപ്പിച്ചുമങ്ങനെ
കെല്പോടു നല്ല കളിവിനോദം തന്നി–
ലുല്ലസിച്ചേവം നടന്നു തുടങ്ങിനാൻ.*

ക്രോധവശന്മാരോടുള്ള വാഗ്വാദത്തിലും യുദ്ധത്തിലും ഭീമൻ തന്റെ ഔദ്ധത്യം പ്രകടിപ്പിക്കുന്നുണ്ട്. ഈവക വീരന്മാരെയൊന്നും തന്റെ ഗദയ്ക്കിന്നു് സംഹാരം ചെയ്യേണ്ടിവരില്ലെന്നു് ഭീമൻ ക്രോധവശന്മാരോടു് പറയുന്നു. അങ്ങിനെ ചെയ്യുന്നതു തനിക്കു് ശ്രേയസ്കരമല്ലെന്നു് രാക്ഷസന്മാരെ തല്ലിയോടിച്ചതിൽനിന്നു് മനസ്സിലാക്കാം.

ഭ്രാതൃഭക്തി, ഗുരുഭക്തി, ബ്രാഹ്മണഭക്തി എന്നിവ ഗുണങ്ങളെല്ലാം ഭീമസേനനുണ്ടു്.

“ധർമ്മപുത്രനാമെൻ ധർമ്മമൊഴിഞ്ഞൊരു
കർമ്മമൊന്നും ചെയ്യുകയില്ലെന്നു് ബോധിക്കേണം.

ജ്യേഷ്ഠനായ ധർമ്മപുത്രരോടു് ഭീമനുള്ള ബഹുമാനവും സ്നേഹവും എത്ര മാത്രമാണെന്നു് ഹനൂമാനോടു് പറയുന്ന ഈ വാക്യത്തിൽനിന്നു് മനസ്സിലാക്കാം. തന്റെ പ്രവൃത്തികൾ ധർമ്മപുത്രാദികളായ സഹോദരന്മാരുടെ സൽപ്പേരിനും ധർമ്മബോധത്തിനും കളങ്കം ചേർക്കരുതെന്നു് ആഗ്രഹത്തിനു് നിർബ്ബന്ധമുണ്ടു്. അതു പോലെ “പഴുതേ കൂടാതെ വഴി തടുക്കുകിൽ, അഗ്രജന്മാരാരുമേ സഹിക്കയില്ലേതുമേ” എന്നു് പറയുന്നതിൽനിന്നു് വില്ലാളിവീര

ന്റെയ ശക്തിയെക്കുറിച്ച് ഭീമനുള്ള അഭിമാനം എത്ര ഉയർന്നതായിരുന്നുവെന്ന് ഗ്രഹിക്കാം. തന്റെ ജ്യേഷ്ഠൻ വാനരവംശത്തിലൊന്നായിരുന്നാൽ വഴിമുടക്കികിടക്കുന്ന വൃദ്ധവാനരനെ ചാടിക്കടക്കാൻപോലും ഭീമൻ മടിക്കുന്നു. ചാടിക്കടക്കുന്നതുപോലും ഗുരുത്വക്കേടാവുമെന്നാണ് അദ്ദേഹത്തിന്റെ വിശ്വാസം. ഹനൂമാനോട് അദ്ദേഹത്തിനുള്ള ഭക്തിബഹുമാനാദരങ്ങൾ അപാരമാണെന്ന് ആളറിയാതെ വൃദ്ധവാനരനോട് സംസാരിക്കുന്നതിൽനിന്നു തന്നെ മനസ്സിലാക്കാം. ആ ഭക്തി കണ്ടിട്ടാണ് കൂടുതൽ പരീക്ഷിക്കാൻ നില്ക്കാതെ ഹനൂമാൻ തന്റെ യഥാർത്ഥരൂപം അനുജന് കാണിച്ചുകൊടുത്ത് അനുഗ്രഹിച്ചത്. ജ്യേഷ്ഠനാണ് വൃദ്ധവാനരവേഷം ധരിച്ച് തന്നെ പരീക്ഷിക്കാൻ വഴിമുടക്കി കിടന്നിരുന്നതെന്ന് മനസ്സിലായപ്പോൾ ഭീമനുണ്ടായ അത്ഭുതവും സന്തോഷവും ഭക്തിയും കവി വർണ്ണിച്ചിരിക്കുന്നത് എത്ര മനോഹരമായാണ്.

സൗഗന്ധികം കൊണ്ടുവരണമെന്നാണ് ആദ്യം അപേക്ഷ. യത്നപൂർവ്വമാണ് കണ്ടു വന്നിരുന്നത്. പിന്നീടേ പ്രിയപ്പെട്ട പാഞ്ചാലിയെ കാണാൻ പോകുന്നുള്ളൂ. ഇതിനുള്ള സമ്മതം കണിയാനോട് ചോദിച്ചു കൊണ്ടാണ്. സൗഗന്ധികപ്പൂവും കൊണ്ടുവരാൻ "വിപ്രവേഷം ധരിച്ചു"കൊണ്ടാണ് ഭീമൻ പുറപ്പെടുന്നത്.

സാഹസസ്വഭാവിയാണ് ഭീമൻ. കൈക്കരുത്തുകൊണ്ടും, ധൈര്യംകൊണ്ടും കാര്യങ്ങൾ നേടുന്ന സ്വഭാവക്കാരനാണ് അദ്ദേഹം.

ഭീമനും അദ്ദേഹത്തിന്റെ ... കൊടുങ്കാട്ടിലെത്തുമ്പോൾ അദ്ദേഹത്തിന്റെ ഉത്സാഹം വർദ്ധിക്കുകയാണ്. നായാട്ടും കോലാഹലങ്ങളും ഇഷ്ടപ്പെടുന്ന അദ്ദേഹം സൗഗന്ധികപ്പൂവിനായി വിവിധ ദൃശ്യങ്ങളും കണ്ട് അതിനാൽ രസിക്കുന്നു.

പാഞ്ചാലിയുടെ, ഭീമന്റെ ... പ്രത്യേകത. പെണ്ണിന്റെ വാക്ക് കേട്ട് പുറപ്പെട്ട് അബദ്ധത്തിലാവേണ്ട എന്നും മറ്റ

പാഞ്ചാലി പറഞ്ഞതുപ്രകാരം ഭീമൻ ചിരിച്ചുകൊണ്ടു പറയുന്ന മറുപടി അദ്ദേഹത്തിനു പ്രിയപത്നിയോടുള്ള പ്രണയത്തെ വെളിപ്പെടുത്തുന്നതാണ്.

“ചപലസ്ത്രീകളെപ്പോലെ ......

......വരിക നീ മനോരമേ

എത്രതന്നെ ക്ലേശം സഹിക്കേണ്ടിവന്നാലും തന്റെ പ്രിയപത്നിയുടെ ആഗ്രഹം നിറവേററിക്കൊടുക്കണമെന്ന തീരുമാനിച്ച് ഇറങ്ങിത്തിരിച്ച ഭീമൻ, യഥാർത്ഥപ്രേമത്തെ മറെറന്തിലും മീതെ മഹത്തായി കരുതുന്ന സ്വഭാവശീലനും കൂടിയാണ്.

5. ഹനുമാന്റെ സ്വഭാവം

കല്യാണസൗഗന്ധികത്തിലെ മറെറാരു പ്രധാന കഥാപാത്രമാണ് ഹനുമാൻ. അനുജനായ ഭീമനെ കണ്ട പരീക്ഷിച്ച് അയാളുടെ അഹങ്കാരമടക്കി ആളെ മനസ്സിലാക്കിക്കൊടുത്ത് അനുഗ്രഹിച്ചു പറഞ്ഞയയ്ക്കുക മാത്രമാണ് ഹനുമാന്റെ ഉദ്ദേശം. ദീർഘകാലത്തെ വനവാസംകൊണ്ടു ഭീമനിൽ ജനിച്ചുകൊണ്ടിരുന്ന ക്ഷാത്രവീര്യം കെട്ടടങ്ങിപ്പോയിട്ടുണ്ടെങ്കിൽ അത് ഒന്നാളിക്കത്തിക്കുക എന്നതും അദ്ദേഹത്തിന്റെ ഉദ്ദേശമായിരുന്നില്ല എന്നു കരുതേണ്ടിയിരിക്കുന്നു. അഗാധമായ ഭ്രാതൃവാത്സല്യമാണ് ഹനുമാനെ ഈ വിഷയത്തിനു പ്രേരിപ്പിച്ചതെന്നു തീർച്ചയാണ്. തന്റെ ഉദ്ദേശത്തിന് അനുയോജ്യമായ വേഷവും സംഭാഷണവുമാണ് അദ്ദേഹം സ്വീകരിച്ചത്.

ഹനുമാന്റെ പാരവശ്യം തികച്ചും സ്വാഭാവികമായിട്ടുണ്ട്. “വാനരകുലാധമ! നമ്മുടെ മാർഗ്ഗേ കിടക്കുന്ന മർക്കട! നീയങ്ങു മാറിക്കിട ശഠാ!” എന്ന ഭീമന്റെ ഉഗ്രഭാഷണം കേട്ടാൽ അല്പം ഉശിരുള്ളവൻപോലും ഉടനെ ക്ഷോഭിച്ചു പോകും. എന്നാൽ ഹനുമാൻ തികഞ്ഞ സമചിത്തതയോടുകൂടി വിവശഭാവത്തിലാണ് ഭീമനോട് വഴിമാറിപ്പോകാൻ അപേക്ഷിക്കുന്നത്. “ജരയാ മങ്ങും വെടിഞ്ഞു നടക്കയില്ലാതൊട്ടിങ്ങനെ കേൾപ്പതുമില്ലെടോ,

മാറാറില്ലെന്നു പറയുന്ന ക്ഷുദ്രന്റെ മാറിൽപ്പതിക്കും ഗദാഗ്രമെന്നോർക്കണം" എന്ന ഭീമന്റെ വാക്ക് കേട്ടതോടെ ഹനുമാൻ ഉരുളയ്ക്കുപ്പേരിപ്പോലെ മറുപടി പറഞ്ഞുതുടങ്ങി.

ഭീമന്റെ ആത്മപ്രശംസയ്ക്കും വമ്പു പറച്ചിലിനും ഹനുമാൻ നൽകുന്ന പരിഹാസഗർഭമായ മറുപടി ഭീമനെ കുറച്ചൊന്നുമല്ല പ്രകോപിപ്പിച്ചത്. അദ്ദേഹം പാണ്ഡവരുടെ കുറവുകളും കൊള്ളരുതായ്മകളും, പരാജയങ്ങളും എണ്ണിയെണ്ണിപ്പറഞ്ഞുതുടങ്ങി. അഞ്ചുപേരുംകൂടി പാഞ്ചാലിയെ വിവാഹം ചെയ്തത് എന്ത് ധർമം മുൻനിർത്തിയാണെന്നും, കാട്ടാളനോട് തോറ്റ് വനവാസം അനുഭവിക്കുന്നത് ഏത് തരത്തിലുള്ള വിജയമാണെന്നും, ഹനുമാൻ ചോദിച്ചു. ബകഹിഡിംബാദികളായ രാക്ഷസരെ കൊന്ന ഭീമന്റെ ധൈര്യവും പരാക്രമവും പാഞ്ചാലിയുടെ വസ്ത്രാക്ഷേപസമയത്ത് കാണിക്കാഞ്ഞതോ എന്ന ആക്ഷേപം കേട്ട് ഭീമൻ മറുപടി പറയാനാവാതെ വെയിലേറ്റ കർപ്പൂരംപോലെ അലിഞ്ഞുപോയി. ഗദകൊണ്ട് വാൽ തട്ടിമാറ്റുന്നേരം മുറിഞ്ഞുപോകുമോ എന്ന് ഭീമൻ ആശങ്കിക്കുമ്പോൾ "മുറിയുന്നതെന്തോ ഭീമ! ഗദയോ നമ്മുടെ വാലോ" എന്ന ഹനുമാന്റെ മറുപടിയിൽ അന്തർഭവിച്ചിട്ടുള്ള പരിഹാസവും ആക്ഷേപവും ഭീമനെന്ന പുലിയെ പൂച്ചയാക്കി മാറ്റുന്നതാണ്.

"മർക്കടൻ മർക്കടൻ" എന്ന് പറഞ്ഞ് ഭീമൻകളിയാക്കുമ്പോഴാണ് ഹനുമാന്റെ സ്വവർഗ്ഗസ്നേഹം വെളിപ്പെടുന്നത്. മർക്കടന്മാർ അത്ര നിസ്സാരന്മാരല്ലെന്നും അവരിലും ബലവാന്മാരുണ്ടെന്നും അദ്ദേഹം ഭീമനെ ധരിപ്പിക്കുന്നു.

ഭീമന്റെ ഗർവ്വം അല്പമൊന്ന് ശമിച്ചുവെന്ന് മനസ്സിലായപ്പോഴാണ് ഹനുമാൻ സ്വന്തം രൂപം ഭീമന് കാണിച്ചുകൊടുക്കുന്നത്. അതുവരെയുള്ള ഹനുമാന്റെ രൂപഭാവങ്ങളല്ല അതിനുശേഷം നാം കാണുന്നത്. വാത്സല്യനിർഭരമായ ഹൃദയത്തോടെ ഹനുമാൻ സൗഗന്ധികം കണ്ടുപിടിച്ച് കൊണ്ടുവരാനുള്ള മാർഗ്ഗം ഭീമന് വിസ്തരിച്ച് ഉപദേശിച്ചുകൊടുത്തു.

ഹനുമാൻ രാമഭക്തന്മാരിൽ അഗ്രേസരനാണ്. സഹോദരനെ അനുഗ്രഹിച്ചുശേഷം അദ്ദേഹം അവന് രാമായണകഥ

ചൂണ്ടിപ്പറഞ്ഞുകൊടുക്കുന്നുണ്ട്. രാമനേക്കാൾ വലിയൊരു അവതാരപുരുഷൻ ഉണ്ടാവില്ല. ചിരഞ്ജീവിയായ അദ്ദേഹത്തിന് രാമനില്ലാത്ത ഒരു ലോകത്തിൽ ജീവിക്കാൻപോലും സാധ്യമല്ല.

സഹോദരന്റെ ബലവേഗപരാക്രമങ്ങൾ വേഷപ്രച്ഛന്നനായി വന്ന് മനസ്സിലാക്കിയ ഹനുമാൻ സഹോദരസ്നേഹത്തിന്റെയും രാമഭക്തിയുടെയും മൂർത്തിമദ്ഭാവംതന്നെയാണ്.

4. തുള്ളൽപ്രസ്ഥാനം

മലയാളത്തിലെ മഹത്തായ സാഹിത്യപ്രസ്ഥാനങ്ങളിൽ പ്രമുഖസ്ഥാനമാണ് തുള്ളലിനുള്ളത്. അതിന്റെ ഉപജ്ഞാതാവായ മഹാകവി കുഞ്ചൻനമ്പ്യാരാകട്ടെ മലയാളത്തിലെ ആദ്യത്തെ ജനകീയകവിയുമാണ്. ലളിതകോമളമായ ഭാഷാശൈലിയും, നിറഞ്ഞുതുളുമ്പുന്ന ഫലിതപരിഹാസങ്ങളും, ശക്തമായ സാമൂഹ്യവിമർശനവും, സമാകർഷകമായ കേരളീയതയും തുള്ളലിനെ സാമാന്യജനങ്ങളുമായി കൂടുതൽ അടുപ്പിച്ചു. രംഗകലകളിൽ ഈ ദൃശ്യകലയോളം ജനങ്ങളെ രസിപ്പിക്കാൻ കൂത്തിനോ കൂടിയാട്ടത്തിനോ കഴിഞ്ഞിട്ടില്ല എന്നതാണ് പരമാർത്ഥം.

അമ്പലപ്പുഴ ഉത്സവകാലത്തൊരിക്കൽ ചാക്യാർകൂത്തിന് മിഴാവുകൊട്ടുവാൻ മുട്ടശാന്തിക്കാരനായി കുഞ്ചൻനമ്പ്യാർക്ക് പ്രവർത്തിക്കേണ്ടിവന്നു. പരിചയക്കുറവുനിമിത്തമോ, കൂത്തിന്റെ വിരസതനിമിത്തം ഉറക്കം തൂങ്ങിയതിനാലോ നമ്പ്യാർക്ക് താളം പിഴച്ചു. കോപംവന്ന പരിഹാസപ്രിയനായ ചാക്യാർ നമ്പ്യാരെ ആ നിറഞ്ഞ സദസ്സിൽവെച്ച് കണക്കിന് കളിയാക്കിവിട്ടു. മാനക്കേട് പിണഞ്ഞ നമ്പ്യാർ ഇതിന് പകരം വീട്ടണമെന്ന് നിശ്ചയിച്ചു. അന്നുരാത്രി "കല്യാണസൗഗന്ധികം" നിർമ്മിച്ച് പിറ്റേദിവസം ഉചിതവേഷവിധാനങ്ങളോടുകൂടി ക്ഷേത്രത്തിന്റെ മറ്റൊരു ഭാഗത്ത് അവതരിപ്പിച്ചു. കാണികളെ

ചാക്യാരുടെ വീട്ടു് തുള്ളൽ കാണാനെത്തി. അങ്ങിനെ ചാക്യാർ വിസ്മിതരായി. തുള്ളലിന്റെ ഉത്ഭവത്തെക്കുറിച്ചു് ഇങ്ങിനെ ഒരൈതിഹ്യം പ്രചാരത്തിലുണ്ടു്.

ഒരൊറ്റ രാത്രികൊണ്ടു് ഒരു പുതിയ ദൃശ്യകലാരൂപം തയ്യാറാക്കിയെന്നു് ആരു പറഞ്ഞാലും വിശ്വസിക്കാൻ പ്രയാസമുണ്ടു്. ചാക്യാർക്കൂത്തിന്റെ ആവർത്തനവിരസമായ അവതരണം സഹൃദയന്മാരുടെ പരിഹാസപ്രിയതയായ നമ്പ്യാരെ പുതിയൊരു കലാരൂപത്തിന്റെ നിർമ്മാണത്തിനു പ്രേരിപ്പിച്ചിരിക്കാം. കൂത്തിന്റെ വിദൂഷകാംശങ്ങളെല്ലാം വിട്ടുകളയാതെ താളമേളങ്ങളോടും സംഗീതത്തോടുംകൂടി ഇങ്ങിനെ പുതിയ രൂപത്തിൽ എങ്ങിനെ അവതരിപ്പിക്കാമെന്നു് നമ്പ്യാർ ദീർഘകാലമായി ആലോചിച്ചിട്ടുണ്ടാവണം. അതിന്റെ സാക്ഷാൽക്കാരമാണു് ഇതൊരു സ്വസ്ഥതസമയത്തിന്റെ പ്രത്യുല്പന്നമതിത്വമെന്നേ ഉണ്ടാവൂ.

ചരിത്രപരമായി ചിന്തിക്കുമ്പോൾ നമ്പ്യാർ തുള്ളലിന്റെ പരിഷ്കർത്താവു മാത്രമാണെന്നു് തെളിയും. കുട്ടനാടൻ പ്രദേശങ്ങളിൽ പ്രചാരത്തിലുള്ള "പടയണി" എന്ന ആരാധനാനൃത്തത്തിലും, അമ്പലപ്പുഴയിലുള്ള "വേലകളി"യിലും തുള്ളലിന്റെ പ്രാകൃതമായ പൂർവ്വരൂപം കാണാൻ കഴിയുന്നതാണു്. ഇവയിലെ നൃത്താംശവും പാട്ടുകളും, ഒന്നാമതായി ആചാര്യന്മാരെയും മറ്റും സഹായത്തോടെ നമ്പ്യാർ പരിഷ്കരിച്ചു ചിട്ടപ്പെടുത്തിയിരിക്കണം. അങ്ങിനെ അതിനുവേണ്ട പ്രത്യേകതകളോടുകൂടിയ ഒരു സാഹിത്യം നമ്പ്യാർതന്നെ രചിച്ചു. ഇതെല്ലാം ചരിത്രപരമായി നമുക്കു് അനുമാനിക്കാവുന്ന വസ്തുതകളാണു്.

അറിയപ്പെടുന്ന സാഹിത്യപ്രസ്ഥാനങ്ങളിൽനിന്നും കൃതികളിൽനിന്നും ആവശ്യമായതെല്ലാം നമ്പ്യാർ സ്വകൃതികളിലേക്കു സ്വീകരിച്ചിട്ടുണ്ടു്. തുള്ളലിലെ പ്രധാനവൃത്തമായ തരംഗിണി ഭാഷയിലെ ഒരു പ്രാചീനവൃത്തമാണു്. ചമ്പുക്കളിൽ

ഇവ ധാരാളമുണ്ട്. ശീതങ്കനിലെ "കാകളി" കിളിപ്പാട്ടുവൃത്തം തന്നെയാണ്. സംസ്കൃതത്തിലെ മല്ലികയാണ് പറയൻതുള്ളലിൽ ധാരാളമായി ഉപയോഗിച്ചിട്ടുള്ളത്. ഇവകൂടാതെ പ്രധാനമായുള്ള വക്ത്രം, സംഗത, സുമംഗല, ശിഖാഗ്രം, കളകാഞ്ചി എന്നിവ യെല്ലാം പഴയ വൃത്തങ്ങൾ തന്നെയാണ്.

പരിഹാസത്തിലൂടെ സമൂഹവിമർശനം നടത്തുന്ന സമ്പ്രദായം നമ്പ്യാർ പ്രായോഗികതലത്തിൽ സ്വീകരിച്ചിരുന്നു. ഭാഷ വിധാനത്തിലും തുള്ളലിന് പുതിയൊരു ശൈലി കണ്ടെത്തി. പുരാണപാത്രങ്ങളെ ചിത്രീകരിക്കുന്നതും സംഭാഷണങ്ങൾ ഒരുക്കുന്നതും കേരളീയത്വം വരുത്തുന്നതും പാത്രങ്ങളിൽ നാടൻ സ്വഭാവം പകരുന്നതും ആണ്. പുരാണേതിഹാസപ്രസിദ്ധങ്ങളായ കഥാപാത്രങ്ങളും ഉപാഖ്യാനങ്ങൾകൊണ്ടും മറ്റു ഗ്രന്ഥങ്ങളിലും നമ്പ്യാർ ധാരാളം സ്വാതന്ത്ര്യം ഉപയോഗിച്ചിട്ടുണ്ട്.

തുള്ളലിന് നമ്പ്യാർ നല്കിയ പ്രത്യേകസംഭാവനകളെക്കുറിച്ച് ഇനി ചിന്തിക്കാം. മുൻപറഞ്ഞ പടയണിയും കോലംതുള്ളലും ഉയർന്ന സമുദായക്കാർക്ക് ഇഷ്ടപ്പെട്ടിരുന്നില്ല. കലാകാരന്മാരുടെ വിനോദങ്ങളൊന്നും അവയിൽനിന്ന് ലഭിക്കാവുന്നതായിരുന്നില്ല. എന്നാൽ തുള്ളൽ അവയുടെ സംഗീതമാധുര്യവും ഫലിതങ്ങളും കൊണ്ട് എല്ലാ ക്കൂട്ടരെയും പണ്ഡിതപാമരഭേദമെന്യേ ആകർഷിച്ചു. ലളിത കോമളപദാവലിയിൽ കല്ലുകെട്ടുകളില്ലാതെ നമ്പ്യാർ പുരാണകഥ കൾ അവതരിപ്പിച്ചു. കഥകളി ആസ്വദിക്കാൻ ബുദ്ധിമുട്ടായ സാധാരണക്കാർക്ക് ഇതൊരാശ്വാസമായി. ഉള്ളടക്കത്തിൽ നൃത്തം അഭിനയം, വാദ്യം, സംഗീതം എന്നിവയുടെ സമന്വയവും, പരിഹാസവും, ഫലിതങ്ങളും, സാമൂഹ്യവിമർശനവും ഒക്കെ കൂട്ടിച്ചേർത്ത് അവയെ പ്രത്യേകമായൊരു ജനകീയ കലാരൂപമാക്കി മാറ്റിയ നമ്പ്യാർ ഈ പുതിയ കലാരൂപത്തെ നാട്ടിലെങ്ങും പ്രചാരം ചെയ്തു.

അവതരണത്തിലും കഥകളിയുടെ വിഷമതകളൊന്നും തുള്ളലിനില്ല. വളരെ ലളിതമാണ്. വേഷം ഒരു ചുട്ടികുത്താനും കി

ഴിതാളക്കാരനും മാത്രമേ തുള്ളലിനു വേണ്ടു. നടൻതന്നെ പാട്ടു പാടും. പിന്നണിക്കാർ ഏറ്റുപാടിക്കൊള്ളും. അതിനാകട്ടെ താളമൊപ്പിച്ചു പാടാനുള്ള കഴിവുമാത്രം മതിയാകും. നടന്റെ വേഷവിധാനം വളരെ ലളിതമാണ്. രംഗസജ്ജീകരണങ്ങളൊന്നും ആവശ്യമില്ല. പകലും രാത്രിയും തുള്ളൽ നടത്തുകയും ചെയ്യും. ഇങ്ങിനെ അവതരണത്തിന്റെ കാര്യത്തിലും തുള്ളലിനു പുതുമയുണ്ടായിരുന്നു.

മുന്നിലിരിക്കുന്ന കാണികളെ ചൂണ്ടിക്കാട്ടി പരിഹസിക്കുന്ന ചാക്യാരുടെ സ്വഭാവം തുള്ളൽക്കാരനും സ്വീകരിച്ചിട്ടുണ്ട്. എന്നാൽ തുള്ളൽക്കാരനു വ്യക്തിഭേദമില്ല. കാണികളെയെല്ലാം ചൂണ്ടി പരിഹസിക്കാവുന്നതാണ്. അതുപോലെ ക്ഷേത്രത്തിനു പുറത്തും തുള്ളൽ നടത്താം. കൂത്തങ്ങിനെയല്ല.

ഓട്ടൻ, ശീതങ്കൻ, പറയൻ എന്നു തുള്ളൽ മൂന്നു വിധത്തിലുണ്ട്. തുള്ളലുകാരന്റെ വേഷവിധാനത്തിൽ ഈ മൂന്നെണ്ണത്തിലും അല്പാല്പം വ്യത്യാസം കാണാം. കവിതയെസംബന്ധിച്ചിടത്തോളം ഇവയിലെ വൃത്തങ്ങൾക്കും വ്യത്യാസമുണ്ട്. കേരളത്തിലെ സാർവ്വജനീനമായ ദൃശ്യകലാരൂപമെന്ന നിലയിൽ തുള്ളലിന്ന് അദ്വിതീയസ്ഥാനമാണ് ഉള്ളതെന്നു തീർത്തുപറയാം.

കല്യാണസൌഗന്ധികത്തിലെ ഫലിതവും പരിഹാസവും

പാമരന്മാരായ ജനങ്ങളും സാധാരണജനങ്ങളും നിറഞ്ഞ ഒരു സദസ്സിനെ മുന്നിൽ കണ്ടുകൊണ്ടാണ് കുഞ്ചൻനമ്പ്യാർ തുള്ളലുകൾ നിർമ്മിച്ചതു്. പുരാണേതിഹാസകഥകൾ പരിചയിച്ചു ജനങ്ങളിൽ സന്മാർഗ്ഗബോധം ഉണ്ടാക്കിത്തീർക്കുക എന്നതായിരുന്നു നമ്പ്യാർക്കവിതകളുടെയും ലക്ഷ്യം. എന്നാൽ ഗൗരവത്തോടെ അതു നിർവ്വഹിക്കുന്നതുകൊണ്ടു ഫലമില്ലെന്നു മനസ്സിലാക്കിയ നമ്പ്യാർ ചിരിപ്പിച്ചു രസിപ്പിച്ചു കാര്യബോധം ഉണ്ടാക്കിക്കൊടുക്കുവാനാ

ണ് ശ്രമിച്ചത്. തുള്ളൽ കണ്ടു രസിക്കാനുള്ളതാകയാൽ ചിരിക്കുന്ന കഥ തന്നെ വേണമെന്ന് നമ്പ്യാർ തീരുമാനിച്ചു. കഥ പുരാണത്തിലോ ഇതിഹാസത്തിലോ ഉള്ളതാണെങ്കിലും ഫലിതപരിഹാസങ്ങളും, പുരാണപാത്രങ്ങളുടെയും പരിചിതവ്യക്തികളുടെയും ചിത്രങ്ങളും ഇടകലർത്തി ഒരു പ്രത്യേക രീതിയിലാണ് നമ്പ്യാർ ഇതിവൃത്തം അവതരിപ്പിച്ചത്. ഒരു ദൃശ്യകലയെന്ന നിലയ്ക്ക് കൂത്തും ഉന്നതകുലജാതന്മാരേ രസിക്കുകയുള്ളു എന്ന് അദ്ദേഹം മനസ്സിലാക്കിയിരുന്നു. കുഞ്ചൻ തന്നെ പാഠകസഭയിൽ പൊതിഞ്ഞു കിടക്കുന്ന തോതനുസരിച്ചു ചിരിയിലും നേരമ്പോക്കിലും പൊതിഞ്ഞാണ് നമ്പ്യാർ ജീവിതപാഠങ്ങൾ സാധാരണക്കാർക്ക് നൽകിയിരുന്നത്. തന്റെ ഉദ്ദേശ്യസാഫല്യത്തിന് അനുഗുണമായ രീതിയിൽ പുരാണകഥാഭാഗങ്ങളെ അദ്ദേഹം പുതിയ ഭംഗിയോടെ ആഖ്യാനം ചെയ്തു. ഉപാഖ്യാനങ്ങൾകൊണ്ടു പ്രധാന കഥയ്ക്ക് തിളക്കം നൽകാനും വർണ്ണനകൾകൊണ്ടു വിരസഭാഗങ്ങൾ ചടുലമാക്കാനും കഴിഞ്ഞു.

നമ്പ്യാരുടെ ആദ്യത്തെ തുള്ളൽകൃതിയാണ് കല്യാണസൗഗന്ധികം എന്ന് ചിലർ അഭിപ്രായപ്പെടുന്നു. അതിനാൽ തുള്ളലിന്റെ എല്ലാ സവിശേഷതകളും ഈ കൃതിയിൽ തെളിഞ്ഞുകാണാം. പാത്രസ്വഭാവം ആവിഷ്കരിച്ചതിൽ തന്നെ ചിരിക്കാനുള്ള വക എല്ലാം നമ്പ്യാർ ഒരുക്കിയിട്ടുണ്ട്. ആത്മപ്രശംസയിലൂടെ അഹങ്കാരത്തിന്റെ കൊടുമുടിയിലെത്തിയ ഭീമസേനൻ ഒരു വൃദ്ധവാനരന്റെ വാലിന്റെ ഒരു രോമംപോലും ഇളക്കാൻ സാധിക്കാതെ പരിഹാസ്യനായിത്തീരുന്ന രംഗം ആരിലാണ് പൊട്ടിച്ചിരി ഉയർത്താത്തത്. കിർമ്മീരനെ വധിച്ചും ശത്രുനും, ജരാസന്ധനെ പിടിച്ചു രണ്ടായി പിളർന്നവനായ ഭീമന് ഇതിൽപ്പരം ഒരു പരാജയം പിണയാനുണ്ടോ? എത്ര കേമനായാലും ആത്മപ്രശംസ ചെയ്യുന്ന അഹങ്കാരിക്ക് ഇതൊരു പാഠമെന്ന് ഏറ്റവും ശക്തിയായ ഭാഷയിലും രീതിയിലും നമ്പ്യാർ പ്രതിഷ്ഠിക്കുകയാണിവിടെ ചെയ്യുന്നത്.

"മുറിയുന്നതെന്തെടോ ഭീമാ, ഗദയോ നമ്മുടെ വാലോ,
അറിയായ്കതിട്ടു ചോദിച്ചതാണീഷ്യുണ്ടാകവേണ്ട"

എന്നു് ഹനൂമാന്റെ ചോദ്യം കേട്ട ഭീമന്റെ അഹങ്കാരത്തിന്റെ വാൽ മുറിഞ്ഞുപോയിരിക്കണം തീർച്ച.

സ്വന്തം കേമത്തത്തെ കൊട്ടിഘോഷിക്കുന്ന ഭീമനു ഹനുമാൻ കൊടുക്കുന്ന ഓരോ മറുപടിയും ആരെയും കുടുകുടെ ചിരിപ്പിച്ചു "ബലേ" പറയിക്കുന്നതാണു്. പാഞ്ചാലിയുടെ വാക്കു കേട്ടു പൂ തേടി പുറപ്പെട്ട ഭീമനെ ഹനുമാൻ കളിയാക്കുന്നതു നോക്കുക.

"കള്ളത്തരം ചൂതുകൊണ്ടു ദുര്യോധനൻ
തള്ളിപ്പുറത്താക്കി നിങ്ങളെത്തൽക്ഷണം
ഉള്ള ധനം പോയി മണ്ടുന്ന നിങ്ങളെ-
ത്തുള്ളിപ്പതിന്നൊരു പെണ്ണും പുറപ്പെട്ടു
കണ്ട വസ്തുക്കളിൽ കാംക്ഷയുണ്ടാകയാൽ
കൊണ്ടുവാ കൊണ്ടുവാ എന്നു കല്പിച്ചതും
ഗർവ്വിച്ചുകൊണ്ടൊരു തെറ്റുപെട്ടു
മണ്ടിത്തുടങ്ങും മടങ്ങാതെ നിങ്ങളും."

വലിയ ധാർമ്മികന്മാരെന്നു ഭാവിക്കുന്ന പാണ്ഡവർ എല്ലാവരും കൂടി പാഞ്ചാലിയെ കല്യാണം കഴിച്ചതിനെ ഹനുമാൻ കണക്കിനു കളിയാക്കുന്നതു്.

"നാലഞ്ചു ഭർത്താവൊരുത്തിക്കു തന്നെ
ബാല്യത്തിങ്കലും വിധിച്ചതല്ലോർക്കണം
നാലുപേർ കേട്ടാൽ നിരക്കാത്ത വസ്തുവീ
വാലുള്ള വാനരന്മാർക്കും ചിതം വരാ."

പാഞ്ചാലിയെ നിറഞ്ഞ സദസ്സിൽവെച്ചു വസ്ത്രാക്ഷേപം ചെയ്തു് അപമാനിച്ചപ്പോഴും അതു കണ്ടു നിന്ന പൊണ്ണത്തടിയനായ ഭീമന്റെ പരാക്രമം കാണിക്കാഞ്ഞതെന്തേ എന്നു ഹനുമാൻ ചോദിക്കുമ്പോൾ നമുക്കുപോലും ഭീമന്റെ ആ ധർമ്മബോധത്തിന്നടിപ

ണിത്തുകൊണ്ടുള്ള കഥ അത്ര പിടിച്ചിട്ടില്ലെന്നാണ് തോന്നിപ്പോവുക. ഇതിലെ ഭീമഹനുമാൻസംവാദത്തിലെ, ഹാസ്യത്തിൻ്റെ ഓരോ വാക്കും മൂർച്ചയുള്ള ഓരോ പരിഹാസശരമായിട്ടാണനുഭവപ്പെടുക.

നായാട്ടുകാരുടെ ഈ സംഭാഷണം കല്യാണസൗഗന്ധികത്തിലെ അധികപ്പറ്റായ ഒരു ഭാഗമാണ്. നായാട്ട് തൊഴിലാക്കിയ തൻ്റെ നാട്ടുകാരെ ഒന്നു കളിയാക്കാൻ മനഃപൂർവ്വം ആ ഭാഗം അത്രയും അദ്ദേഹം വിസ്തരിച്ചതാണ്. ആയുധമില്ലാത്ത നായാട്ടുകാരെപ്പറ്റി പറയുന്ന ഭാഗം നോക്കുക:

"കൈകൾക്കും വിശപ്പുണ്ടെന്നു താൻ
അയ്യോ! ചുമടെടുപ്പാനല്ല പോകുന്നു
മെയ്യോട്ട് നേരിട്ടുകൊണ്ടു വൻപുലി
കയ്യോങ്ങിയാലെന്തു മാറുമോ വേടരേ."

കല്ലുളിയാണിയുടെ ഉടമയായി കഴിയുന്ന കല്ലുളരാജാവിലൂടെ സമുദായത്തിലെ "പെൺകോന്ത"ന്മാരെത്തന്നെയാണ് നമ്പ്യാർ കളിയാക്കുന്നത്.

"അപ്പിക്ക ദാസ്യപ്രവൃത്തി ചെയ്യുന്നവൻ
കോപ്പിക്കെപ്പറയേണ്ടു തൊപ്പിയിട്ടീടണം."

ധൂർത്തന്മാരായ ഭരണാധികാരികളും പ്രഭുക്കന്മാരും നമ്പ്യാർക്ക് പരിചിതരാണ്. സ്ത്രീലമ്പടന്മാരായ അവരെയാണ് കുബേരനെക്കുറിച്ചുള്ള രാക്ഷസന്മാരുടെ സംസാരത്തിലൂടെ അദ്ദേഹം ലക്ഷ്യമാക്കിയിട്ടുള്ളത്.

"തമ്പുരാനിപ്പോളിരിക്കാൻ കൊടുക്കുന്ന
ചെമ്പിറന്നാൾ പള്ളിയറയിൽ കുറവില്ല."

ഈ കാവല്ക്കാർ ആരുമറിയാതെ പൂ പൊട്ടിച്ചെടുത്തു കുബേരപത്നിമാർക്ക് രഹസ്യമായി കൊണ്ടുകൊടുക്കും. അവർക്ക് അതുകൊണ്ട് ചില്ലറ "നേട്ടങ്ങളും കൈമടക്കുകളും" കിട്ടാറുമുണ്ട്. രഹസ്യമായി പുഷ്പം അപഹരിക്കുന്നതിനെപ്പറ്റി ആർ ഏഷണി പറഞ്ഞാലും

ഈ കാവ്യാംശം ഒട്ടുമില്ല. കാരണം കണ്ടോരൻ ഭൃത്യന്മാർ പറയുന്നതു കേൾക്കുകയുള്ളൂ. അവരാകട്ടെ കാവ്യാംശം ദോഷമായി ഒന്നും പറയുകയുമില്ല.

ഭീരുത്വം നമ്പ്യാർക്കൊരിക്കലും സഹിപ്പാൻ സാദ്ധ്യമല്ല. സന്ദർഭമുണ്ടാക്കിത്തന്നെ അദ്ദേഹം അവരെ ആക്ഷേപിക്കും. ഭീമന്റെ ഗദകൊണ്ടുള്ള അടിയേറ്റ് ഓടിപ്പോയ രാക്ഷസർ ക്രോധവശന്മാരെ സൽക്കരിക്കുന്നതു നോക്കുക:

"മൂക്കുമുറിഞ്ഞിട്ടു മുത്തിച്ചതച്ചിട്ടു
കാല് കുടുക്കം ചിലർക്കു വന്നു പിന്നെ
നാക്കു മുറിഞ്ഞുപോയ് വാക്കു പുറപ്പെടാ
ചാക്കമാത്രം പുറത്തേക്കും ലഭിച്ചില്ല
നോക്കുന്ന ദിക്കിലപ്പൊണ്ണൻ ഗദയുമായ്
പാർക്കുന്നു കൊൽവാൻ വരുന്നെന്നു തോന്നുന്നു."

"ചാക്കോട്ടും പുറത്തേക്കും ലഭിച്ചില്ല" എന്നു പറയുമ്പോഴും ഈ നിലയിലകപ്പെടാതെ ചാകുന്നതാണു ഭേദം എന്ന് ആശയം തോന്നിപ്പോകും മട്ടിലാണ് അവന്റെ സങ്കടനിവേദനം. ആ ഭീരുത്വത്തിന് അതിനിതാ വേണം ശിക്ഷയെന്നാവാം നമ്പ്യാരുടെ മതം.

ഇങ്ങിനെ സന്ദർഭം കിട്ടുമ്പോഴെല്ലാം ഫലിതപരിഹാസങ്ങളും പ്രയോഗിച്ച് കാവ്യത്തെ മധുരമധുരവും ഹൃദ്യവുമാക്കിത്തീർത്ത്, കാവ്യത്തിന്റെ പരമപ്രയോജനം സാക്ഷാൽക്കരിക്കാൻ നമ്പ്യാരെപ്പോലെ മറ്റൊരു കവിക്കും കഴിഞ്ഞിട്ടില്ല.

6 കല്യാണസൗഗന്ധികത്തിലെ വർണ്ണനകൾ

പാടവപൂർണ്ണനായ കുഞ്ചൻനമ്പ്യാർ വർണ്ണനയുടെ കാര്യത്തിൽ ചെറുശ്ശേരിയെയും എഴുത്തച്ഛനെയും അതിശയിക്കുന്നു. ദൃശ്യകലയായ തുള്ളലിൽ കാണികളെ രസിപ്പിക്കാൻ വർണ്ണനകൾക്കാണ് കൂടുതൽ കഴിവെന്ന് മനസ്സിലാക്കി അദ്ദേഹം ചിലപ്പോൾ ഇതിവൃത്തത്തിൽ നിന്ന് വ്യതിചലിച്ചു പോലും നീണ്ട നീണ്ട വർണ്ണനകൾ ചെയ്തിട്ടുണ്ട്. വ്യക്തിയോ, വസ്തുവോ, സംഭവമോ

സന്ദർഭമോ, പരിഹാസമോ, എന്തു തന്നെയായാലും, ഓരോന്നിനെ അനുയോജ്യമായ പദങ്ങൾ തെരഞ്ഞെടുത്തു് സ്ഥൂലമായോ സൂക്ഷ്മമായോ വർണ്ണിച്ചു് അനുവാചകനു് അനായാസപ്രതീതിയുണ്ടാക്കിത്തീർക്കുവാനാണു് നമ്പ്യാർ ശ്രമിച്ചിട്ടുള്ളതു്. അതിനാൽ അദ്ദേഹം തികച്ചും വിജയിച്ചിട്ടുണ്ടു്.

ചമ്പുക്കളെയാണു് സ്ഥൂലവർണ്ണനയിൽ നമ്പ്യാർ മാതൃകയാക്കിയിട്ടുള്ളതു്. വാരിവലിച്ചുകൊണ്ടുള്ള ചമ്പുക്കളിലെ വർണ്ണന അവയുടെ കാവ്യശൈലിയെ കെടുത്തിയപ്പോൾ തുള്ളലുകളിൽ അവ വിജയിക്കുകയാണു ചെയ്തതു്. തന്റെ മുന്നിലുള്ള വിവിധ വിഭാഗത്തിൽപ്പെട്ട കാണികളെ കണ്ടുകൊണ്ടാണു് നമ്പ്യാർ ഈ വർണ്ണനകളെല്ലാം ചെയ്തതു്. ഇതിവൃത്തവുമായി പലപ്പോഴും വലിയ ബന്ധമൊന്നും അവയ്ക്കില്ലായിരിക്കാം. എങ്കിലും തന്റേതായ പരിചിതമായ പ്രശ്നങ്ങളേയും പരിതഃസ്ഥിതികളേയും കുറിച്ചുള്ള ആ സ്ഥൂലവർണ്ണനകൾ കാണികൾക്കു് രസിച്ചു. സാധാരണക്കാരന്റെ ജീവിതവും പ്രശ്നങ്ങളും ചിന്താഗതിയും പ്രതിഫലിപ്പിക്കുന്നു എന്നതാണു് തുള്ളലുകളിലെ വർണ്ണനകൾക്കുള്ള മെച്ചം; മറ്റെന്തെല്ലാം ദോഷങ്ങൾ അവയ്ക്കുണ്ടെങ്കിലും.

കല്യാണസൗഗന്ധികത്തിലെ വനവർണ്ണന നോക്കുക. സൗഗന്ധികപുഷ്പം കണ്ടുപിടിച്ചു് പാഞ്ചാലിക്കു് കൊണ്ടുകൊടുത്തു് അവളുടെ ഇഷ്ടപൂർത്തി വരുത്തുവാനല്ലേ ഭീമന്റെ . ഉത്ക്കണ്ഠയെപ്പോലും വിസ്മരിച്ചുകൊണ്ടാണു് കവി ആ ഘോരകാനനത്തിന്റെ വർണ്ണന നടത്തുന്നതു്. നക്ഷത്രമാർഗ്ഗം തൊടുന്ന പത്തുനൂറായിരം ശൃംഗങ്ങളോടു കൂടിയ ഗന്ധമാദന പർവ്വതത്തിലെ താലം, തമാലം മുതലായ നാനാതരം വൃക്ഷങ്ങളും, പലതരം വള്ളികളും, നാനാജാതി പൂക്കളും പേർപറഞ്ഞു് വർണ്ണിച്ചു നമ്പ്യാർ . തൃപ്തിപ്പെടുന്നില്ല. ഭീമന്റെ ഗദാഘട്ടനമേല്ക്കുമ്പോൾ പൊട്ടിത്തകർന്നു് നിലംപതിക്കുന്ന വൃക്ഷസമൂഹങ്ങളുടെ ഘോഷം "മരങ്ങളും ഖണ്ഡിച്ചു മരത്തിന്മേൽ വീണു മരങ്ങളും, മരങ്ങളും ഒട്ടുമാക്കെ" എന്നു് ശബ്ദഘോഷംകൊണ്ടു തന്നെ കവി നമുക്കു് അനുഭവ

പ്പെടുത്തിത്തരുന്നു. പാതാളരന്ധ്രത്തിനു തുല്യമായ ഗുഹകളിൽ വസിക്കുന്ന വേതാളപാളിയും കാളിയും കൂളിയും മുതലായിപ്പൂതനാജാലങ്ങളും മറ്റും വർണ്ണിച്ച് കാനനത്തിലെ ഭയാനകമായ അന്തരീക്ഷം ആവിഷ്കരിക്കുന്നു.

ഇതിന് കാട്ടാളന്മാരും നായാട്ടും, കാട്ടുമൃഗങ്ങളുമാണ് നമ്പ്യാരുടെ വർണ്ണനക്ക് വിഷയമാവുന്നത്. "ചെമ്പിച്ച താടിയും മീശയും കേശവും മറ്റും ചേർന്ന കാട്ടാളരാജാവിന്റെ ചിത്രം എത്രയും സജീവമായിരിക്കുന്നു. നായാട്ടുനായ്ക്കളുടെ പേരും സ്വഭാവവും കൂടി അദ്ദേഹം വിട്ടുകളയുന്നില്ല. തികച്ചും സ്വന്തങ്ങളെന്ന് തോന്നുന്ന ഇത്തരം ഭാഗങ്ങൾ അഭിനയമറിയുന്ന തുള്ളൽക്കാരന്റെ കയ്യിലെത്തുമ്പോൾ കാണികൾക്കെല്ലാം രസകരമായിരിക്കുമെന്ന് നമ്പ്യാർക്കറിയാം. കാട്ടാളന്മാരുടെയും വേട്ടക്കാരുടെയും സംഭാഷണത്തിലാണ് പിന്നീട് അദ്ദേഹം ശ്രദ്ധിക്കുന്നത്. എന്തെല്ലാം പ്രശ്നങ്ങളാണവർക്ക്! കാട്ടാളരാജാവിന്റെ കോപം ക്രൂരതകൾ, കാട്ടാളത്തിയുടെ വൃത്തികെട്ട രൂപവും, വേഷവും, ഒരുവന്റെ പെണ്ണിനെ മറ്റൊരുവൻ തട്ടുന്ന കഥ ഇതിനെ പലതും സംഭാഷണവിഷയമാണ്.

അപ്പിക്ക ദാസ്യവൃത്തി ചെയ്യുന്ന കാട്ടാളരാജാവ് കൊച്ചിക്കപോയി തൊപ്പിയിട്ടെന്നെന്നും കൂടി ചിലർ കഠോരകാട്ടാളന്മാർ പറയുന്നത്, രസകരമായിട്ടുണ്ട്. തനിക്ക് പരിചിതമായ വ്യക്തികളെയും സാമൂഹ്യസ്ഥിതിഗതികളെയുമാണ് ഇതെല്ലാം വർണ്ണിക്കുമ്പോൾ നമ്പ്യാരുടെ മനസ്സിലുണ്ടായിരുന്നത്.

നായാട്ടിന്റെ ഘോഷമാണ് അടുത്തത്. കുരമ്പുകളേറ്റു നിലവിളിച്ച് ഓടുന്ന മൃഗങ്ങൾ. മൃഗങ്ങളെ കണ്ട് ഭയപ്പെട്ടോടി കിണറ്റിലും കടവായിൽവായിലും ചെന്നു പെടുന്നവർ ഇവരെയെല്ലാം ഏററവും രസകരമായ രീതിയിലാണ് നമ്പ്യാർ വർണ്ണിക്കുന്നത്. ഹാസ്യബോധവും പരിഹാസവുംകൊണ്ട് ഏറ്റവും ഹൃദ്യമായിത്തീരുന്ന ഈ വർണ്ണനകൾ, കഥയിൽ നിന്ന് വേറിട്ട

രം ചേർക്കുന്ന കഥാപാത്രവും കാണികളെ വിസ്മരിപ്പിക്കുവാൻ പര്യാപ്തമാണ്.

വള്ളിഗൃഹങ്ങളിൽ സല്ലപിക്കുന്ന ഗന്ധർവ്വകിന്നരന്മാരുടെ ശൃംഗാരവിലാസങ്ങളുടെ വർണ്ണന, അവരവരെ കാന്തന്മാരും തങ്ങളെ ട്ടും വർണ്ണിക്കുന്നതു കേട്ടു മുഖംതാഴ്ത്തിനിൽക്കാനിടയുള്ള കാമിനികൾക്ക നൽകുന്ന ഒരു ഇക്കിളിയാണ്. സഹൃദയരായ പ്രേക്ഷകരെ വള്ളിഗൃഹങ്ങളിലെ ആ ലീലാവിലാസം ഒന്നു കണ്ടിട്ടാകാമെന്നു എന്ന പ്രലോഭനത്താൽ നാം അറിയാതെ ഉണർത്തിവിടുകയും ചെയ്യും.

കോമളശ്രീപൂണ്ടുള്ള കദളീവനത്തിന്റെ സൂക്ഷ്മവും സുന്ദരവുമായ വർണ്ണന നമ്പ്യാരുടെ ഔചിത്യത്തിനു മികച്ച ഉദാഹരണമാണ്. പൂവിതളും പച്ചിലകളും നിറച്ചുകൊത്ത മാലകൾകൊണ്ടു വിതാനിച്ചു നിൽക്കുന്ന തോരണങ്ങൾ നന്നായി പഴുത്ത പഴങ്ങളോടു കൂടിയ പച്ചക്കുലകളിലെ തിങ്ങിയ ആ കദളീവനം ശ്രീഹനുമാന്റെ വാസസ്ഥലം തന്നെയാണെന്ന് അത്രയും സമുചിതം. കുറച്ചു വരികൾകൊണ്ട് ഏറെയും മനോഹരവും സജീവവുമാക്കിത്തീർത്ത ഈ വർണ്ണന നമ്പ്യാരുടെ അനുപമമായ കവിതാപാടവത്തിന്റെ ശക്തിതെളിവുമാണെന്നു പറയാം.

പദങ്ങൾകൊണ്ടു ചിത്രം വരയ്ക്കാനുള്ള നമ്പ്യാരുടെ പാടവത്തിന് ഉദാഹരണമാണ്. ഇതിലെ വ്യാഘ്രവാനരന്റെ വർണ്ണന.

"മനംകൊണ്ടിങ്ങനെ ... ...
... ...മെത്രയും ചിന്തി___ക്കിട

ക്കുന്ന ആ വ്യാഘ്രവാനരനെ നമുക്ക് കൺമുന്നിൽ കാണാം.

ഇതേ വ്യാഘ്രവാനരൻ ഹനുമാനായി ഭീമന്റെ മുന്നിൽ വിശ്വരൂപം കാണിക്കുന്ന ഭാഗം വർണ്ണിക്കുമ്പോൾ ഉപയോഗിക്കുന്ന പദങ്ങളുടെ ശക്തി ശ്രദ്ധേയമാണ്.

"ഇരുളുട നയനങ്ങളിരണ്ടും ചെമ്പുകിടാരംപോലെ
കടിലാകൃതി ശശികലപോലെ വിളങ്ങിന ദംഷ്ട്രകളും

ചടുലസ്ഫുട സരസകളമിടകലരുന്ന മധുകരമുഖവും
പരിചൊടു പദപൊതമിനിന്ന പുതുതരക മന്ദമുരഗം"

എന്നിങ്ങനെയുള്ള ഗാംഭീര്യമാണ് പദശക്തികൊണ്ട് ഈ ഭാഗത്തിനു് കൈവന്നിട്ടുള്ളതെന്നു് നോക്കുക.

സൗഗന്ധികപ്പൂവു വർണ്ണിക്കുന്നിടത്തു് അതിന്റെ മഹത്ത്വവും ദിവ്യത്വവും മനോഹാരിതയും പൂർണ്ണമായി പ്രതിഫലിപ്പിക്കുവാൻ പര്യാപ്തമായ പദങ്ങളും രീതിയുമാണ് നമ്പ്യാർ സ്വീകരിച്ചിരിക്കുന്നതു്. ആ വൃത്തത്തിനു തന്നെ ആ പൂവിന്റെ അസാധാരണത്വം വെളിപ്പെടുത്താൻ കഴിവുണ്ടെന്നു തോന്നിപ്പോകും.

"കല്ഹാരജാലം കളിക്കുന്ന കണ്ടു
കമലമണി നിറയുന്ന കമലമുകുളങ്ങൾ"—എന്നാരംഭിക്കുന്ന ആ ഭാഗം നമ്പ്യാരുടെ സൃഷ്ടിവർണ്ണനകൾക്കു് ഉദാഹരണമാണ്.

വർണ്ണ്യവിഷയത്തിന്റെ സ്വഭാവമനുസരിച്ച് അനുയോജ്യമായ പദങ്ങളും വൃത്തങ്ങളും തിരഞ്ഞെടുത്തു് പ്രയോഗിക്കുന്നതിൽ നമ്പ്യാർക്ക് അസാമാന്യമായ കഴിവാണുള്ളതെന്നു് മുൻഉദാഹരണങ്ങളിൽനിന്നു് വ്യക്തമാവുന്നതാണ്. എന്നാൽ നായാട്ടും, സഖ്യവും യുദ്ധവും വിവാഹവും വർണ്ണിക്കുന്നേടത്താണ് നമ്പ്യാരുടെ നിരീക്ഷണം പൂർണ്ണരൂപത്തിൽ നമുക്കു് കാണാൻ കഴിയുന്നതു്. ചുരുക്കേണ്ടിടത്തു് ചുരുക്കിയും വിസ്തരിക്കേണ്ടിടത്തു് വിസ്തരിച്ചും വർണ്ണിക്കാൻ അദ്ദേഹത്തിനു് ഒരു വിഷമവുമില്ല. കാമിനികളുടെ അലങ്കാരവിധിയും, അഭിനയവും മറ്റുമേ ഉള്ളറിവ് സംബന്ധിച്ച് പരിപാലിക്കേണ്ട ഔചിത്യമായി നമ്പ്യാർ പരിഗണിച്ചിരുന്നുള്ള എന്നാലേ കയറാൻ. അതിൽ അദ്ദേഹത്തിനു് കണക്ക് തെറ്റിയിട്ടുണ്ടെന്നു് പറഞ്ഞുകൂടാ.

സാമൂഹ്യവിമർശനം

തനിക്കു് പരിചിതമായ കേരളീയ സമൂഹത്തെ അതിന്റെ എല്ലാ സ്വഭാവവിശേഷങ്ങളോടുംകൂടി സ്വ കൃതികളിൽ പ്രതി-

ബിംബിപ്പിച്ച പ്രതിഭാസമ്പന്നനായ മഹാകവിയാണ് കുഞ്ചൻ നമ്പ്യാർ. പുരാണേതിഹാസപ്രസിദ്ധങ്ങളായ കഥകളേയും കഥാപാത്രങ്ങളെയും കേരളീയജീവിതത്തിന്റെ പ്രത്യേകതകളോടുകൂടി പ്രാദേശികമായി ബന്ധപ്പെടുത്തി. പരിഹാസമധുരമായി അദ്ദേഹം ആവിഷ്കരിച്ചു. ദൃശ്യകലയായ തുള്ളലിന് അന്നോളം ലഭിച്ച പ്രചാരവും പൊതുജനാംഗീകാരവും അതിനെ ആ കാലഘട്ടത്തിലെ ജനകീയകലയാക്കിത്തീർത്തു.

വ്യക്തമായ ലക്ഷ്യബോധത്തോടുകൂടിയാണ് നമ്പ്യാർ തുള്ളലുകൾ രചിച്ചത്. ഭീരുത്വം, കള്ളുകുടി, വ്യഭിചാരം, അഴിമതി, കൈക്കൂലി, മൂർഖത്വം മുതലായ സാമൂഹ്യദോഷങ്ങൾ അദ്ദേഹത്തെ വേദനിപ്പിച്ചു. ഫലിതമായ പരിഹാസത്തിലൂടെ അവ ദൂരീകരിച്ച് സമുദായത്തെ ശുദ്ധമാക്കിത്തീർക്കുവാനാണ് നമ്പ്യാർ ശ്രമിച്ചത്.

തനിക്ക് പരിചിതമായ സമൂഹത്തെ അതിന്റെ യഥാർത്ഥരൂപത്തിൽ ആവിഷ്കരിക്കുവാനുള്ള ഒരു ഉപാധി മാത്രമായിരുന്നു നമ്പ്യാർക്ക് പുരാണേതിഹാസകഥകൾ. സംഭവം നടക്കുന്നത് സ്വർഗ്ഗത്തിലോ, അളകയിലോ എവിടെയായാലും കൊള്ളാം. തനിക്ക് പരിചയമുള്ള കൊട്ടാരക്കെട്ടുകളും പ്രഭുക്കളുടെ മണിമാളികകളും കേരളീയക്ഷേത്രങ്ങളും, അവിടത്തെ ഉത്സവങ്ങളും, കേരളത്തിലെ ആചാരരീതികളും വർണ്ണിച്ചുകൊണ്ടാണ് നമ്പ്യാർ ആ പുരാണകഥകളുടെ ലോകം നമുക്ക് പരിചയപ്പെടുത്തിത്തരുന്നത്. രാജസേവകന്മാരെന്ന് ഭാവിച്ച് സ്വജനദ്രോഹം ചെയ്യുന്നവരെയും, ഒരു ജോലി ചെയ്യാതെ കിടന്നുരുളു് തിന്നുകുടിച്ചും ആയുധങ്ങൾ പണയംവെച്ചും കഴിഞ്ഞുകൂടുന്നവരെയും, സ്ത്രീലമ്പടന്മാരെയും പൊങ്ങച്ചം ഭാവിച്ചു നടക്കുന്ന പ്രഭുക്കളെയും, കള്ളക്കണക്കെഴുതുന്ന കണക്കപ്പിള്ളമാരെയും ഊട്ടുതേടിനടക്കുന്ന ബ്രാഹ്മണരെയും, ഉള്ളതെല്ലാം വൈദ്യനും മന്ത്രവാദിക്കും ജോത്സ്യനും, വേശ്യക്കും കൊടുത്ത് തെണ്ടിനട

ഷന്മാരെയും നമ്പ്യാർ രോഷത്തിന്റെ ചുള്ളികൊണ്ട് കുറി വെളിപ്പെടുത്തുന്ന പരിഹാസത്തിന് കളിയാക്കി വിടുന്നത്. ഉദ്യോഗസ്ഥൻ, മാടമ്പി എന്നിവരുൾപ്പെടെ രാജാക്കന്മാരുടെ മറവിൽ വിലസുന്നവർ, കവികൾക്ക് ആശ്രയം നൽകിയിരുന്ന രാജാക്കന്മാരെയും പ്രഭുക്കന്മാരെയും കൊള്ളരുതായ്മകളെയും ജനദ്രോഹപ്രവർത്തനങ്ങളെയും നമ്പ്യാർ അവതരിപ്പിച്ച് ഇതിനെ സമൂഹത്തെ ബോധ്യപ്പെടുത്താൻകൂടി ഉള്ളതാണ് സാഹിത്യമെന്ന് തന്റെ തുള്ളലുകളിലൂടെ വ്യക്തമാക്കി.

കല്യാണസൗഗന്ധികത്തിൽ സാമൂഹ്യ വിമർശനത്തിനും പരിഹസിക്കുന്നതിനും ഉള്ള സന്ദർഭം കുറവാണ്. എങ്കിലും രസികനായ നമ്പ്യാർ അവിടെയും ചില സന്ദർഭം സൃഷ്ടിക്കുന്നു. ഗന്ധമാദനപർവ്വതത്തിലെ നാട്ടുകാരുടെ വർത്തമാനം കേരളത്തിലെ ഒരിടത്തരം കുടുംബത്തിന്റെ അനുഭവമാണെന്ന് പറയാം. മരുമക്കത്തായത്തറവാട്ടിലെ കാരണവരായ അമ്മാമന്റെ അതേ സ്വഭാവവും ഉൾക്കൊണ്ടുമാണ് കാട്ടാളരാജാവിൽ കവി ആരോപിച്ചിട്ടുള്ളത്. നാട്ടുകാരുടെ കുടുംബജീവിതമാകട്ടെ, രാജാക്കന്മാരുടെ ഉപദ്രവം കൊണ്ട് നിത്യദാരിദ്ര്യത്തിൽ കഴിയുന്ന സാധാരണ കേരളീയ കുടുംബത്തിന്റേതുമാണ്.

ചങ്ങാതിയുടെ പെണ്ണിനെയും പിടിച്ചതിനാൽ കൂട്ടുകാരെല്ലാംകൂടി തല്ലിപ്പുറത്താക്കിയ ഒരു വൻചാട്ടം പിടിച്ച കത്തിനൊപ്പോലെ നടപ്പാണ്. കള്ളും കപ്പും വാങ്ങാൻപോലുമൊരു പടയാളി നാലഞ്ച് പണം കൈവശമിരിക്കയാണ്. പറയുന്നത് ഒന്നു നിമിഷം തന്നെ ചെയ്യാത്ത ഭൃത്യരെ തല്ലുന്നവനാണ് കാര്യക്കാരൻ. കല്ല് ചുമന്ന തലവേദന പിടിപെട്ട ചെല്ലമ്പലം വല്ല വാക്കിനും പറയാതെ കൊള്ളിവാക്ക് പറയുന്ന കാട്ടാളരാജാവ് കാട്ടാളന്മാരിൽ പേടിപ്പെടുന്നതാണ് ജീവി

ക്കുന്നു. ഉണ്ണിയും മകളും കൂടി വള്ളിക്കെട്ടിലിരുന്നതിൽ കി-
ടക്കുന്ന കാട്ടാളന്മാരിലൂടെ കല്ലുവെട്ടുവർക്ക് ചോറു കിട്ടുകയു-
ള്ളൂ. ഇതെല്ലാം നമ്പ്യാരുടെ കാലത്തെ കൊട്ടാരങ്ങളിലെയും
ഇടത്തരം വീടുകളിലെയും സ്ഥിതിഗതികളായിരുന്നു.

അപ്പിക്ക ഭോജ്യപ്രവൃത്തി ചെയ്യുന്നവൻ
കൊപ്പിക്ക പോയതു കൊപ്രിയിട്ടിരുന്നു.

എന്നാലുടനെ ഒരു രസികനെക്കൊണ്ട് പറയിക്കുന്ന നമ്പ്യാർ സ്ത്രീ-
ജിതന്മാരായ പുരുഷന്മാരെയാണ് അതിലൂടെ ലക്ഷ്യംവെച്ചിട്ടു-
ള്ളതെന്ന വ്യക്തമാണ്.

പടയിൽ ഒളിച്ചോടിപ്പോകുന്ന കടുവായുടെ വാലിൽ പിടി-
ക്കുന്നത് ഒരു നായരാണ്. ഇതു കണ്ട മറ്റൊരു കുന്തക്കാരൻ
കോപിച്ചു ചിരി തുടങ്ങി. ഇതിനെ മറ്റൊരു കാര്യം വിട്ടിരിക്കട്ടെ.
ചോറിനുവേണ്ടി കൊട്ടാരസേവനമനുഷ്ഠിച്ച് പടക്കളത്തിൽ ഭീരു-
ക്കളായി വർത്തിക്കുന്ന ഇവർ നമ്പ്യാർക്ക് പരിചിതരായ തിരു-
വിതാംകൂർ ഭടന്മാരാണ്.

സദാചാരികളെപ്പോലും കാംക്ഷിക്കുന്ന രാക്ഷസന്മാരുടെ
സംരക്ഷണത്തിലൂടെ കൊട്ടാരങ്ങളിൽ താമസിക്കുന്ന പുരുഷ-
ന്മാരുടെ സ്വഭാവം നമ്പ്യാർ വെളിപ്പെടുത്തുന്നത്. സ്ത്രീജിത-
ന്മാരായ രാജാക്കന്മാരുടെ അലസതയിരിപ്പും കുബേരന്റെ
വർണ്ണനയിലൂടെ നമ്പ്യാർ നല്കുന്നു.

തമ്പുരാനിപ്പോളുറപ്പാൻ പോകുന്ന
പെമ്പിറന്നോർ പത്തുനൂറിൽ കുറവില്ല.

അവർക്കെല്ലാം നിത്യം പൂ വേണം. അതു കൊണ്ടുപോകുന്ന രാ-
ക്ഷസന്മാർക്ക് പുകയില, വെറ്റില, പാക്കെന്നിവ ഞാൻ ധാരാ-
ളം കൊടുക്കും.

"ശോഭനം പല്ലക്കിലെഴുന്നെള്ളും ഞങ്ങളെ
ഭൂഷണക്കാർ ചെന്നു കൂപ്പിലെ കൊള്ളിച്ചാൽ
പൂഷണിക്കാരും പലതരക്കാരുടെ
ഭീഷണികൊണ്ടും ഭയമില്ല ഞങ്ങൾക്കു"

പെൺപിറന്നോർ ചെന്നുണർത്തിച്ചതൊന്നുമി-
തമ്പുരാൻ കേൾക്കാതിരിക്കില്ല നിശ്ചയം."

എന്നാണു് അവരുടെ വിശ്വാസവും സമാധാനവും.

രാജാവിനോടു് ഏഷണി പറയുന്ന മന്ത്രിമാർ, അവരുടെ ഏഷണിയിൽനിന്നു് മോചനം നേടാൻ കെട്ടിലമ്മമാരെ സേവ പിടിക്കുന്ന സേവകന്മാർ, ഇവരെല്ലാം നമ്പ്യാർക്കു് പരിചിതരാണു്. ആ സമ്പ്രദായങ്ങളെ ഈ പുരാണകഥയുടെ മറവിൽനിന്നുകൊണ്ടു് ശക്തിയായി എതിർക്കുകതന്നെയാണു് നമ്പ്യാർ ഇവിടെ ചെയ്തിട്ടുള്ളതു്. കാര്യക്കാരും, മേനോക്കിയപ്പനും, ആരിയപ്പട്ടരും, തടക്കളക്കാരും, അകമ്പടിക്കാരും, നായന്മാരും ബ്രാഹ്മണരും സ്വാർത്ഥലാഭത്തിനുവേണ്ടി തമ്മിൽതല്ലിയും, കുതികാൽ വെട്ടിയും, സേവപിടിച്ചും, തിക്കിത്തിരക്കിയിരുന്ന അന്നത്തെ കൊട്ടാരങ്ങളെ മനസ്സിൽ വെച്ചുകൊണ്ടുതന്നെയാണു് കുഞ്ചൻ കുബേരരാജധാനിയെ ഈ വിധം ചിത്രീകരിച്ചതെന്നു കരുതേണ്ടിയിരിക്കുന്നു.

രാജാക്കന്മാരുടെയും പ്രഭുക്കന്മാരുടെയും ഔദ്ധത്യം അനുഭവിച്ചുകൊണ്ടു് കഴിഞ്ഞുകൂടിയ നമ്പ്യാർ സമുദായത്തിന്റെ എല്ലാ മണ്ഡലങ്ങളിലുമുള്ള വൃത്തികേടുകളെയും പറ്റി ശക്തിയായി വിമർശിച്ചു. ആരെയും അദ്ദേഹം ഭയപ്പെട്ടില്ല. ജനങ്ങളെ ബോധവാന്മാരാക്കിത്തീർക്കുക എന്നതു് തന്റെ സാഹിത്യപ്രവർത്തനങ്ങളുടെ പ്രധാന ലക്ഷ്യങ്ങളിലൊന്നായി അംഗീകരിച്ച നമ്പ്യാർ, സാഹിത്യത്തെ ജനജീവിതവുമായി ബന്ധപ്പെടുത്തിയ ആദ്യത്തെ മഹാകവിയാണെന്നു തീർത്തു പറയാം.

വൃത്തങ്ങൾ

കല്യാണസൗഗന്ധികത്തിൽ പ്രയോഗിച്ചിട്ടുള്ള പ്രധാന വൃത്തങ്ങൾ താഴെ വിവരിക്കുന്നു.

1 കാകളി

മാത്രയഞ്ചക്ഷരം മൂന്നിൽ
വരുന്നോരു ഗണങ്ങളെ
എട്ടുചേർത്തുള്ളീരടിക്ക
ചൊല്ലാം കാകളിയെന്നപേർ.

ഉദാ:— അച്ചിക്ക ദാസ്യപ്രവൃത്തി ചെയ്യുന്നവൻ
കൊച്ചിക്ക പോയങ്ങു തൊപ്പിയിട്ടീടണം.

ഈ കൃതിയിൽ അധികഭാഗവും ഈ വൃത്തത്തിലാണ്.

2 വക്ത്രം

"ആദ്യക്ഷരം കഴിഞ്ഞിട്ടു
നസകാരങ്ങൾ കൂടാതെ
നാലിൻശേഷം യകാരത്തെ
ച്ചേർത്താൽ വക്ത്രമനുഷ്ടുപ്പിൽ"

ആദ്യക്ഷരം വിട്ട് മറ്റുള്ളവയെ ഗണങ്ങളാക്കുക. അതിൽ ഒന്നാം ഗണം നഗണമോ, സഗണമോ പാടില്ല. നാലാമക്ഷരത്തിനു ശേഷം അതായത് രണ്ടാംഗണം യഗണമായിരിക്കണം. ഇതാണ് വക്ത്രം. ഭാഷാവൃത്തത്തിൽ പലപ്പോഴും ലഘുക്കളെ പാടി നീട്ടി ഗുരുവാക്കേണ്ടിവരും.

ഉദാ:— "കലുഷസമനായ
കലയാനന്ദലവന്റെ
കലമെല്ലാമൊടുങ്ങാതെ
കൊലചെയ്യുവതാകാതൻ"

കാകളി കഴിഞ്ഞാൽ പിന്നെ പ്രധാനമായ വൃത്തം ഇതാണ്.

3 കൃശമധ്യ

"അടിയൊന്നിലെഴുത്തേഴ്
നാലിലോ അഞ്ചിലോ ലഘു
മറ്റുള്ളതെല്ലാം ഗുരുവാം
കൃശമധ്യാഖ്യമാമിത്.

ഉദാ:— കായാമ്പൂ മലർക്കുളി—
ലായാസം വളർത്തുന്ന
കായാകാർമുകിൽ വർണ്ണാ
മായാമാനുഷാ കൃഷ്ണാ.

4 അജഗരഗമനം

ലഘുപ്രായം ചതുർമാത്ര
ഗണമാറൊരു ദീർഘവും
ചേർന്നുവന്നാലജഗര—
ഗമനാഖ്യവൃത്തമാം.

ഉദാ:—

വർദ്ധിത ഭയചപലതിമതമൊടു സന്നിഭൃതഗോത്രൻ
ഭരതമാകിയ കൊടിമരമെന്ന കനകക്ക തകിടിപ്പൊതിവാരുക

5 കേക

മൂന്നും രണ്ടും രണ്ടും മൂന്നും
രണ്ടും രണ്ടെന്നെഴുത്തുകൾ
പതിന്നാലിലാറു ഗണം
പാദം രണ്ടിലുമൊന്നുപോൽ
ഗുരുവൊന്നെങ്കിലും വേണം
മാറാതോരോ ഗണത്തിലും
നടുക്കു യതി പാദാദി—
പ്പൊരുത്തമിതു കേകയാം

ഉദാ:— പാരാതെ കപിശ്രേഷ്ഠന്മാരോടുമൊരുമിച്ചു
വീരപുംഗവൻ താനും വാരിധി തീരേ ചെന്നു.

കേകയുടെ ഒരു വരിയെ മദ്ധ്യത്തിൽവെച്ചു മുറിച്ചു രണ്ടു വരികളാക്കി എഴുതാം. ഇതിന് അർദ്ധകേക എന്നു പറയും.

കേകപാദത്തെ ഖണ്ഡിച്ചാ—
ലർദ്ധകേകയതായിടും.

ഉദാ:—പാരാതെ കപിശ്രേഷ്ഠ–
ന്മാരോട്ടൊതുക്കിച്ചു.

6 കളകാഞ്ചിയുടെ ഒന്നാംപാദം രണ്ടാംപാദമായും രണ്ടാംപാദം ഒന്നാംപാദമായും മറിച്ചിട്ടാൽ പര്യസ്തകാഞ്ചി.

കിളികാഞ്ചി

കാകളിക്കാദ്യ പാദേ തു
രണ്ടാ മൂന്നാ ഗണങ്ങളെ
അഞ്ചു ലഘ്വാക്കിയി–
ട്ടുളവാം കളകാഞ്ചികം.

ഉദാ:—'കല്ല്യാണജാലം കളിക്കുന്ന കണ്ടു
കരളെന്നി നിറവുള്ള കനിവുറ്റ കണ്ടു.

രണ്ടു വരിയിലും ഒരു അഞ്ചാമത്തെ ഗണത്തിൽ, കാകളിയുടെ നിയമമനുസരിച്ച് ഓരോ അക്ഷരം കുറവാണ്.

"കളകാഞ്ചിയുടെ പാദങ്ങളെ മറിച്ചിട്ടും പാദാവസാനങ്ങളിൽ ഓരോ അക്ഷരം വിട്ടും വരുന്നതാണ് പര്യസ്തകാഞ്ചി" എന്ന കേരളകൗമുദിയിലെ ലക്ഷണമാണ് ഇവിടെ യോജിക്കുന്നത്.

ഇവയിൽ പെടാത്തതും ലക്ഷണനിർണ്ണയം ചെയ്യപ്പെടാത്തതുമായ ചില വൃത്തങ്ങളും ഇല്ലാതില്ലതു്.

കല്യാണസൗഗന്ധികം



ശീതങ്കൻതുള്ളൽ

പ്രാരംഭം

"കലഗിരിസുതമായ കലയാനനത്തിലവന്റെ
കലമെല്ലാമൊന്നോടെ കോലമകപ്പൂന്തമാകാതൻ
കലുഷമാതെ കരിവദനം കലന്നുള്ള വിരവോടെ
മലമകളെ പിടിയായി മലമൂട്ടിൽ കളിച്ചപ്പോൾ
മലർബാണം തടുപ്പാനു മലമകന്റെ മടം തന്നിൽ
മലനാരിയെന്നതിപ്പൂലമാനതമെതിച്ചപ്പോൾ
ഉലകിന്റെ ഗുരുപരമരസമുളവാതുവാൻ
അലസാതെ പിറന്നുള്ള ബലനായിട്ടിരിക്കുന്ന
പരമൈവം ഗണനായകൻ കലാവിദ്യോടനിയന്റെ
കലുഷങ്ങൾക്കിളക്കം ഗുരുപാദസേവം തുണയ്ക്കേണം
കലമായാവം നമസ്കാരം കലയാവാം നമസ്കാരം
കളവാണി സരസ്വതി തെളിവോടെ മനക്കാമ്പിൽ
വിളയാടിക്കളിക്കേണം കളങ്കമകന്നേരം
കളിഹാസ്യങ്ങളെല്ലാമാവും കളകന്തമണ്ണനെയുണം
ഹരിഹരസുതനയ്യൻ തിരുവടിയടിയന്റെ
മനതാരിൽ പരിചൊടു കളിച്ചുവാൻ തുണയ്ക്കേണം.
വരതോർ നരിപുരമായമായിരുന്ന
ബീനാനകമ്പിയാം കൃഷ്ണൻ തിരുവടി

ഭീമാംകുളത്തെത്തന്നെ രക്ഷിച്ചുകൊള്ളണ
മാനസമുള്ളിൽ വളരെ വളർത്തണം
ചെമ്പകനാട്ടിന്നലങ്കാരഭൂതനാം
തമ്പുരാൻ ദേവനാരായണ സ്വാമിയും
ഭവംകുളത്തെത്തന്നെ രക്ഷിച്ചുകൊള്ളണം.
കുമ്പിട്ടന്നേ നിന്ന തമ്പുരാംബോധവും
നാരികാരണ്യമാം മന്ദിരേ വാഴുന്ന
മാരാരിജാതനാം ബാലരവിയുടെ
നാമിവരുത്തുന്ന കണ്ടകരിക്കാവി—
ലിന്ദുപ്രദശ്രീമേ! വരദ ഭഗവതി
മാനസത്തിനും കഥ മനമ തിരുന്നെൻ
വന്നിസ്സഭതന്നിലൊന്ന വിലസണം.
കിള്ളിക്കുറിശ്ശിയെന്നുള്ള പുരംതന്നി-
ലുള്ള പരദൈവ ക്ഷേത്രത്തിൽവാണിടൻ
കള്ളങ്ങളാകവേ തള്ളിപ്പുറത്താക്കി
വെള്ളത്തിരപോലെ തള്ളിപ്പുറത്തുന്ന
വെള്ളസ്സരസ്വതി വള്ളിയിലാകണം
പുള്ളിവിസർഗ്ഗമെന്നുള്ള പള്ളുവോരാതെ ക-
ണ്ടുള്ളിൽ സമ തിരുവുള്ളംവെച്ചീടണം
തുള്ളൽക്കളങ്ങളിൽ പള്ളികൊള്ളുന്നമേ
ഭാഷയായിട്ട ചമയ്ക്കുന്നവാക്കുകൾ
ദോഷമകന്നു വരുത്തുവാൻ ദുർഘടം
ശേഷമുള്ളോർക്കും കേട്ടാനന്ദിക്കാവു-
ഭൂഷണം കെട്ടിച്ചമയ്പ്പാനടുക്കയാൽ,
ദോഷനാശമുള്ളോരെനിക്കു കനക്കവേ
ഭൂഷണമെന്നു മനസ്സിലുറയ്ക്കണം.
ഏറെത്തുടങ്ങിയാലൊന്നും ഫലംവരാ
വാറില്ല വാക്കിനൊന്നല്ലാവതിന്നി
ക്കുറുള്ളവർക്കും ദുഷിച്ചീടും ഇടങ്ങി-

ച്ചോറത്തരമേറെപ്പറഞ്ഞു തുടങ്ങിയാൽ
ആരൊരാളെങ്കിലും കോരിവിളമ്പിയാൽ
സ്വാദില്ലയെന്നു വരുമിനി നിർണ്ണയം
പണ്ടു സാരപ്പാടിയോരം ചെലുത്തിയാൽ
നെഞ്ചകത്തങ്ങാച്ചിയും കുറഞ്ഞുപോം
ചൊല്ലുന്ന കേൾക്കുമിപ്പാരെന്നുറച്ചിട്ടു
പല്ലുതൊട്ടെണ്ണുവാനിച്ഛ തുടങ്ങൊലാ.
നെല്ലും പണങ്ങളുമുണ്ടെന്നുറച്ചിട്ടു
കല്ലിലും പുല്ലിലും തൂകിത്തുടങ്ങൊലാ.
നല്ലോരു ബുദ്ധിമാന്മാരിക്കഥാസാര-
മെല്ലാമറിഞ്ഞു നിറഞ്ഞ സഭതന്നി-
ലുല്ലാസമോടെ പ്രയോഗിച്ചു കാണ്കിൽ
കല്ല്യാണമല്ലോ കവികൾക്കു സന്തതം.
അംഭോജനാളത്തിലുല്ലസിതം പൊരു-
ളൻപുള്ള പത്തുരണ്ടിൽ ചേർക്കിട്ടവ-
ന്യാകരത്തോടി ശോഭാലതാപുഷ്പ-
സഞ്ചയം തന്നിൽ മറഞ്ഞു നികന്ന
സന്താന വേരപ്പാരങ്ങൾക്കു വെച്ചിട്ടു
താമരസാക്ഷന്റെ മെത്താൾ താഴ്ന്നു
താണിക്കിടക്കുന്നവനെ പുകഴുന്ന
വമ്പന്റെ കൊമ്പന്റെ കൊമ്പൊന്നൊടിച്ചോന്റെ
ചെട്ടനെപ്പിടിച്ചു നാട്ടിന്നു പോയോന്റെ
ചാട്ടിന്റെ കുട്ടിന്റെ കോട്ടം തിമിർത്തവ-
ന്നുണ്ണികൃഷ്ണനുകന്നോരു പുരുഷനെ
നമ്മെയും തെളിവോടു വന്നു തുണയ്ക്കണം.
കല്യാണശീലനാം കാർമുകിൽ വർണ്ണനെ-
ക്കല്യാണ ഭാവേന വന്ദിച്ചുകൊണ്ടു ഞാൻ
കല്യാണസൗഗന്ധികാഖ്യം കഥാഭാഗ-
മുല്ലാസകാരണം ഭാഷ സന്തതം

ചൊല്ലുവനിക്കഥാശേഷം ചുരുക്കി ഞാൻ
ചൊല്ലാൻ തുടങ്ങുന്നതൊരീശാനുഗ്രഹാൽ
കല്ഹാരപുഷ്പം ഹരിച്ചോരു ഭീമൻെറ
കല്യാണവിക്രമം വർണ്ണിച്ചു ചൊല്ലുവാൻ
തെല്ലും മതിയാകയില്ല ഞാനെങ്കിലും
വല്ലതും ചിലതിൽ കഥിക്കുന്നതു വരും.
'നല്ല വിദ്വാന്മാർ പറഞ്ഞു ഫലിപ്പിച്ചു
നല്ലൊരു കീർത്തി ലഭിച്ച കഥാമൃതം
കില്ലുകൂടാതെ കഥിപ്പാൻ തുടങ്ങിനാൻ
നല്ല ഭോഷത്വമതിനില്ല സംശയം
എന്നു പറഞ്ഞു പരിഹസിക്കുന്നവ-
രൊന്നു ബോധിച്ചുകൊള്ളണമീലോകരേ,
മുന്നം മഹീധരൻ പാദം പണിഞ്ഞിട്ടു
മന്ദാകിനീജലം കൊണ്ടുവന്നാദരാൽ
മന്നിടം തന്നിൽ പരത്തി മഹാരഥൻ
തന്നുടെ മുമ്പിൽ മരിച്ച പിതൃക്കളെ
ഒന്നൊഴിയാതവൻ തർപ്പിച്ചു തർപ്പിച്ചു
ധന്യരെ സ്വർഗ്ഗത്തിലാക്കിപ്പോലും നൃപൻ
അജ്ജലം തന്നിൽ മറ്റുള്ള മഹാജനം
മജ്ജനം ചെയ്യുന്നു തർപ്പണം ചെയ്യുന്നു
ഗർജ്ജനം ചെയ്യുന്നപോലെ മഹിതലേ
ദുർജ്ജനം നമ്മെപ്പരിഹസിച്ചെങ്കിലും
അർജ്ജുനാഗ്രജഭീമൻ തൻെറ പരാക്രമം
വർണ്ണിച്ചു മറ്റൊന്നു വർണ്ണിക്കയില്ല ഞാൻ.

പാഞ്ചാലീ ഭീമസംവാദം

എങ്കിലോ പണ്ടുയുധിഷ്ഠിരൻ ഭീമനും
തങ്ങൾ മറ്റെല്ലാരും പാഞ്ചാലപുത്രിയും
മാറിസ്വരൂപമായിവാണൊരു
മറ്റാരുമറിയാതെ ദുഃഖം ശമിയാതെ,

ഗന്ധവാഹത്താൽ സമാഹൃതമായ സൗര–
ഗന്ധികം കണ്ടൊരു കൗതുകാൽ പാർഷതി
ഗന്ധവാഹാത്മജൻ തന്നോടു ചൊല്ലിനാൾ
ഗന്ധമിയലും പ്രസൂനമനസൂനമിതി:—
    കണ്ടാലുമാശ്ചര്യ പുഷ്പമിതെൻ വല്ലഭ!
കണ്ടാൽ മനോഹരം കണ്ടവരാരെല്ലാം
പണ്ടു ഞാനിവണ്ണമുള്ളൊരു വസ്തുവെ
കണ്ടറിയുന്നില്ല കാന്ത! ധരിക്കേണമേ!
തണ്ടാർമധുരസം തെണ്ടിപ്പറക്കുന്ന
വണ്ടുകളെല്ലാം മുരണ്ടു കളരവം
പൂണ്ടു വനങ്ങളിൽ പാഞ്ഞു പുഷ്പങ്ങളെ
കൊണ്ടുള്ളതരവം തെണ്ടുന്നതല്ലന്ത
കണ്ടുടൻ വദനവും കൊണ്ടു പുറപ്പെട്ടു
മണ്ടിവരുന്നതു കണ്ടിലയോ ഭവാൻ!
കണ്ടിവാർകുഴലിമാർക്കുണ്ടാം ദുരാഗ്രഹം–
കൊണ്ടല്ല ഞാനിതു കണ്ടു പറയുന്ന
ദണ്ഡമാവം നിനക്കെന്നറിയണമേ!
ഉണ്ടുകാന്തിയെങ്കിൽ വേണ്ടുവോളം മതി–
ഖണ്ഡിതംകൂടാതെ മണ്ടിഗ്ഗമിച്ചിതു
കൊണ്ടുവരാൻ നിനക്കുണ്ടു പരാക്രമം
കണ്ടകശൈലങ്ങളും കണ്ടവൃക്ഷങ്ങളും
കണ്ടകക്കുറ്റിയും കണ്ടാലുള്ള ഗ–
കൊണ്ടതകർത്തു തിമർത്തു ഗമിപ്പതിൽ
വേണ്ടുംബലം നിനക്കെന്നു നിർണ്ണയം
പണ്ടെടോ! നിൻകരംകൊണ്ടു ഹിഡിംബന്റെ
കണ്ഠംപിടിച്ചുടൻ കണ്ടിച്ചെറിഞ്ഞതും
ഞണ്ടിച്ചുവന്നൊരു കിർമ്മീരനെന്ന ദാനവൻ
തിണ്ടിച്ചുവെന്നല്ല തണ്ടോടു പിളർന്നതും.

കഷ്ടതരമൊന്നു ബാലിയെ വധിച്ചതും
കണ്ടുകേട്ടില്ലറപ്പുണ്ടെന്നിരിക്കിലുമേ!

ഉത്തരരാമായണം തന്നിൽനിന്നറിയും
ഉത്തമമായൊരു സന്ദേശമിതൊന്നു
ന കപടം വന്നു ശൂർപ്പണഖയ്ക്കുമേ
സന്താപമാണല്ലോ നടിക്കുന്നോ! അവൻ
ഇത്തരം പാപങ്ങളെല്ലാം ചെയ്യുന്നവ
ചിത്തം നൊന്തിരിക്കുന്നുണ്ടോ നിശ്ചയം
എങ്ങുമൊന്നാണു വരില്ലു മാരാമെന്ന്
ചൊന്നതിന്നാലുള്ള ഗതിപ്പാലൂമൊക്കാൻ.
എന്തുള്ളതും കോപം രാമൻകിതെന്നാരി
പറയുന്നതുമെല്ലാം നരനെയോമില്ലയോ!

“പെണ്ണിന്റെ ചൊൽകേട്ടു കരളിപ്പുറപ്പെട്ടു
പെണ്ണൻ മഹാനസഭാഗ്യമോ! മഹാബലൻ
ബന്ധിച്ചയപ്പാൻ വരുമാറിട്ടുള്ളതാൽ
ബന്ധിച്ചുമാറായിതെന്നു വരുമാറലം
ഇത്യാദി നന്ദന ഭ്രമിച്ചും മഹാലോക-
ത്യാഗ്രഹം മൂലമെന്ന ശങ്കിച്ചു നീ
ചിന്ത വിചാരിച്ചു നിൽക്കേണ്ട വല്ലതി
പത്നിയില്ലെങ്കിൽ പറഞ്ഞതുമില്ല ഞാൻ
ശ്രീരാമവിദ്യാസ്വായകന്ന രാഘവൻ
തന്നാമിതിവാക്കുകേട്ടു മോഹിച്ചുതാൻ
പോരുമിനെപ്പിടിച്ചുമാറായ” പുറപ്പെട്ടു
അന്നായകേൾക്കുനോക്കിവരും വിധേയ
വൈദേഹിയെക്കൂടെക്കൊണ്ടുപോയിതാൻ
വൈദേഹികയൂഥനാമം സീതാവചൻ
വാമാക്ഷിവാക്കും പ്രമാണിച്ചുകാരണം
രാമാദികൾക്കെ കഥാമേം പിന്നെയുംപോൽ

എന്നതുകൊണ്ടു പറഞ്ഞിതു പണ്ടു!
എന്നതിനെ ഞാൻ കേട്ടറിവുണ്ടു സഖിമാരോടു.
തന്നതു ബുദ്ധ്യാ വിചാരിച്ചരുളു ഭീമ
തന്നെക്കിലുമൊരു ഖേദമൊന്നാഗ്രഹം

ദ്രുപദനൃപതി തന്റെ വചനമിതെന്നാകെട്ടു
നൃപതിസഹജൻ ഭീമൻ ചിരിച്ചുകൊണ്ടരുൾചെയ്തു:—
"ചപലാക്ഷികളെപ്പോലെ പറയുന്നതെന്തേ ബാലേ!
സകലം നിന്നുടെ കാര്യം സഫലം സംഭവിച്ചീടും.
സുകുമാരാംഗി! നിന്റെ വിരഹമെന്നാകിലും [പൊറുപ്പാൻ
സുഖകരം മാനിനിമാരണിഞ്ഞീടുന്ന മനോരമേ!
ധരണിയിലൊരുത്തരുമെതിർക്കയില്ലെനിക്കു ഞാൻ
തിരഞ്ഞുകണ്ടാലൊപ്പം വീരന്മാർ കൊടുംപോരിനായ്
സുരവരാദികളാകും നരന്മാർ ചന്ദ്രമൗലി
ചന്തമാർ ചമയങ്ങൾ ഞാനൊരുത്തൻ പൊരുതിടുവനാകിൽ
കപടം കൊണ്ടുതടുത്തെതിർക്കുന്നവരെ പറഞ്ഞ-
യക്കും ഞാൻ പടക്കളത്തിലെങ്ങും സംഗരമതിൽ
കിട്ടും വിരുതുകളെല്ലാം നേടീടും കല്പനയാക്കി
ക്കൂടീടും കൈക്കരുത്തും കാണിച്ചീടും കോപമേറ്റം
കൊടുക്കും കുതിരയിലുള്ള പോരിൽ പാശ്ചാത്യരെ ഞാൻ
ഇടിക്കും ദുഷ്ടന്മാരെ പിടിക്കും കർണ്ണാഭരണ-
മഴിക്കും മന്നവരെയും കുടിക്കും ചോരയിതെന്നും
കടിക്കും കാലന്മാരെപ്പോലെ കടക്കും മന്നിടത്തിൽ
കിടക്കും ചിന്താകുലമാനികൾക്കുള്ളം വിറയ്ക്കുമെല്ലാം
അടക്കും സാഗരങ്ങളും മടക്കുമെന്നിലെതിർപ്പ-
വർക്കും ഭീമനാൽ ഞാൻ തടുക്കുമെന്നതു പോര-
മടക്കമൊത്തിട്ടില്ല എനിക്കു ഭയമിങ്ങു! ബാലേ!
വടക്കുദിക്കിനെ നോക്കിനടക്കും പർവ്വതങ്ങളും
കടക്കും സമുദ്രങ്ങളും കുടക്കും വൈരികളെല്ലാം

കടകം കാലസോപാനത്തിൽ കിടക്കും കേളീപാകത്തിൽ
പൊട്ടുകൊണ്ടാണ്ടു തിൻകാര്യം ലഭിച്ചപോതവൻഭീമൻ

ഭീമന്റെ പുറപ്പാട്

ഇതി പറഞ്ഞു ഗദയും വഹിച്ചുകൊ–
ണ്ടതിമോദവുംപൂണ്ടു ഗന്ധവാഹാത്മജൻ
ഉത്തരാശാമുഖം നോക്കിപ്പുറപ്പെട്ടു
സത്വരം പോകുന്ന ഗംഭീരപൂരുഷൻ
അഗ്രതോ കണ്ടുപന്നി നിരക്കവെ
അഗ്രഹാരംകണ്ടു കൗതുകം പൂണ്ടവൻ
നിഗ്രഹാനുഗ്രഹശക്തപ്രഭാവരാം
വിപ്രലോകാഗ്രേസരന്മാരെ വന്ദിച്ചു
വിഗ്രഹശക്തനാം വീരൻ വൃകോദരൻ 200
വ്യഗ്രതാഹീനം നടന്നു തുടങ്ങിനാൻ
ഉഗ്രമാം കാനനം തന്നിലകം പുക്കു
ദുർഗ്രഹിയായിരിക്കുന്ന പൂരുഷൻ

വനവർണ്ണന

നന്ദനോദ്യാനത്തിലേറ്റം വിളങ്ങുന്നോരു
സൗന്ദര്യം കണ്ടവൻ വിസ്മയിച്ചീടിനാൻ
ചന്ദനകാരകിൽമരുതം ധൂളീപരാഗവും
ലക്ഷ്മികരിച്ചുയർന്നൊന്നിച്ചുനിന്നവർ
കമലം തമാലവും നാരകമാലങ്ങളും
സാലം രസാലവും ഹിന്താലജാലവും
ശാല്മലം ബകുളം നീലപലാശവും
സർജ്ജകം ഖർജ്ജൂരകാരസ്കരങ്ങളും
ചൂതം പനസവും ചിഞ്ചിക ചമ്പകം
മാതുലുംഗങ്ങളും മാകന്ദവൃന്ദവും
പുന്നാഗനാഗപ്രിയാളുകമങ്ങളും
പിന്നാറ്റുകള്ളങ്ങളും പൂപ്പാതിരികളും

അശോകതിലകാദികം കദളിതരുക്കളും
ശശാങ്കമണിയുള്ള ചോലകൾ സമൃദ്ധവും
വിട്ടിയും ചെമകം തിലകതരുക്കളും
പൊട്ടിക്കുരുവിയും പുന്നവൃക്ഷങ്ങളും
അത്തിയുമിത്തിയും പിന്നെ പ്രത്തിയും
പുത്തിലഞ്ഞിക്കുരവക മാലങ്ങളും
മരോട്ടികൾ കരുവ ഷണ്ഡങ്ങളും
പനമരങ്ങളും കാട്ടുപുല്ലുകളും
കിന്നരി വൃക്ഷങ്ങൾ വെൺമരുതങ്ങളും
മാവ വൃക്ഷങ്ങളും ഇലിപ്പകൾ തിനവും
ജംബീര വൃക്ഷവും മാതുലുങ്ഗങ്ങളും
ഇലവിന്മരങ്ങളും താംബൂലവള്ളിയും
ഊരാവിക്കൊടികളും മുല്ലവള്ളിയും
കുരുമുളകുവള്ളിയും മാലതീലതകളും
ഇപ്രകാരം പുഷ്പവല്ലിജാലങ്ങളാൽ
തൽപ്രദേശം മനോഹരമായ് രാജിതം
ക്ഷിപ്രം പ്രവേശിച്ചു ഭീമസേനൻ മുദാ
തൽപ്രദേശം കണ്ടു സന്തുഷ്ടനായവൻ
പുഷ്പിതമായുള്ള കാട്ടുമാവുകളിൽ
അത്ഭുതമാംവണ്ണം പൊട്ടിപ്പൂവിരിക്കയും
ചെമ്പിച്ച കായ്കളും പൂത്തും മധുര—
ക്കൂട്ടങ്ങളിൽ തേനൊഴുകും വഴിയും
മുത്തൊത്ത വൃക്ഷങ്ങൾ പൊട്ടിത്തകർന്നുള്ള
കെട്ടിപ്പുണർന്ന വല്ലീവ്രാതങ്ങളും
തെറ്റുമരങ്ങളിൽ കെട്ടിപ്പടർന്നതി
കെട്ടിപ്പിണഞ്ഞുള്ള തെറ്റന്ന വള്ളിമരം
ചെറ്റുമുള്ള കൈപ്പിട്ട മരങ്ങളും
ഒരോന്നു മണിക്കൂമ്പും പ്രവാളവും
പൊങ്ങുന്നൊരു മരം പൊട്ടിപ്പിളർന്നുള്ള

മററാന വട്ടക്കു പതിയ്ക്കുന്ന നേരത്തു്
മററും ഖണ്ഡിച്ചു മറെറതിരേറൻ വീരൻ
മററും മററും മററും ഭസ്മമായ്
ഏറേറം മരങ്ങളിൽ പററുന്ന വഹ്നികൾ
പററം ഗോപുരതാഴയുടൻ കൂടവും
അററുമരങ്ങളിൽ പററം വെടിഞ്ഞാശു
പററം നരന്നാശു ഏറേറം പതിക്കയും
ഇററപ്പലികളും സിംഹാസനങ്ങളും
ചോററിൽ കിടക്കുന്ന പന്നിമാതിരിയന്ത്രം
ഏററു പുരപ്പെട്ടു പാർത്തടങ്കം വീരൻ
കാററിൻ മകൻ ഗദാചക്രം തിരിക്കുന്ന
കാററുമാളും മെയ്യിലേററാന നേരത്തു്
പാററകൾ പോലെ പലരും കൈപ്പേശും
അത്യന്തം ഗന്ധമാദന പർവ്വതം
അത്യന്ത വിസ്താരമുള്ളതും പാരം
ഉത്തുംഗശൃംഗങ്ങൾ നക്ഷത്ര മാർഗ്ഗത്തി-
ലെത്തുന്നതൊട്ടു പത്തുനൂറായിരം
കത്തുന്ന തീക്കനൽ ജ്വാലാകലാപത്തി-
നൊത്തുള്ള തേജഃപ്രകാശങ്ങളങ്ങനെ
കത്തിയെരിയുന്ന പൂങ്കാവല വാടിയിൽ
തത്തിക്കളിക്കുന്ന മത്സ്യനാക്കങ്ങളും
ഭക്തജനത്തിനൊക്കെ ഗുഹകളിൽ
ചേതസി തോഷാൽ കളിച്ചു വസിക്കുന്ന
വേതാളപാളിയും കാളിയും കൂളിയും
ഭൂതാളി പൂതനാജാലങ്ങളും കപടിൽ
പ്രേതാദശദ്വിപരമ ഗണങ്ങളും
ഏതാനമല്ലാത്ത ലക്ഷവും കോടിയും
വാതരോഗങ്ങളും മാനം കലകളും
മാതംഗയൂഥവും സിംഹഗണങ്ങളും

വള്ളിപ്പുലികളും വരിയൻ പുലികളും
പുള്ളിപ്പുലികളും കരിമ്പുലിക്കൂട്ടവും
വള്ളിക്കുടിലകത്തുള്ളിൽ കടന്നങ്ങു
തുള്ളിക്കളിക്കുന്ന പുള്ളിമാൻപേടയും
കൊള്ളിക്കു മാറുള്ള ബാണം പ്രയോഗിച്ചു
കൊല്ലുന്ന കാട്ടാളജാതിയെ കാൺകയാൽ
ഉള്ളിൽ ഭയംപൂണ്ടു മറ്റും മൃഗങ്ങളെ
ആയത്തിലെത്തിപ്പിടിച്ചു കടിക്കുന്ന
വായിലാക്കീടുന്നതു പറഞ്ഞുപോകും കടു-
വായും പുലികളും ചെന്നാ വരികൂട്ടിൽ
ചാരിക്കിടക്കുന്നിതന്നേരമങ്ങു
പാരം കുതിച്ചുകൊണ്ടമ്പുറപ്പിച്ചവർ
ഓടിവന്നീടുന്ന വേടന്മാരെക്കണ്ടു
പാടവമെത്രയുമധികപ്രകാരവും
പേടിച്ചൊളിക്കുന്ന ചെന്നായിക്കൂട്ടങ്ങ-
ളോടെ കലമ്പുമാറായ് വന്നടുത്തിട്ടും
എട്ടടിമാനിനെ പെട്ടെന്ന കണ്ണി-
ലിട്ടുകളിപ്പിച്ചു കാട്ടാളരാജന്റെ
ചട്ടറ്റ വിക്രമം കണ്ടു പുകഴ്ത്തുന്ന
കാട്ടാളരാജനും ക്രൂരതയോടവേ
വേട്ടയ്ക്കു കോപ്പുകൾ കൂട്ടിപ്പുറപ്പെട്ടു
കാട്ടിൽപ്പുറങ്ങളും കണ്ടു വസിച്ചവൻ.
ചെമ്പിച്ച താടിയും മീശയും കേശവും
വമ്പിച്ച കൈകളിൽ വില്ലും ശരങ്ങളും
ചെമ്പരത്തിപ്പൂവണിഞ്ഞു നെറുകയിൽ —
കൊമ്പിളിപോലെ വളഞ്ഞുള്ള പല്ലുകൾ
അഞ്ജനപർവ്വതം പോലെ ശരീരവും
ഗുഞ്ജാഫലംകൊണ്ടു കോർത്തുള്ള മാല്യവും
കുഞ്ജരമാരുടെ കിങ്കരന്മാരെ —

ഭോജനം ചെയ്യണമതിൽപ്പിന്നും കൂത്തുകളും
അങ്ങനെ പല കതിരുണ്ടാകും കൊണ്ടതു ഞങ്ങൾ
സന്തോഷമൊത്തുള്ള മാലപ്പെരാപ്പും
മഞ്ഞക്കുറിക്കളും മാല്യപ്പിണയലും
മഞ്ചാടിമാലയും മാറിപ്പൂണതും
ഉച്ചത്തിലുള്ളോരു കണ്ഠനാദങ്ങളും
മെച്ചത്തിലുള്ളോരു വാദ്യഘോഷങ്ങളും
കമുകുകെട്ടിപ്പുതിയ തോരണവും വാഴകൾ —
ളിത്യാദിഘോഷവും വേഷം മേളകം
കണ്ഠങ്കളം നല്ല നായകന്മാരുടെ
കണ്ഠാഭരണ സൗവർണ്ണശൃംഖല—
കൊണ്ടു മുറുക്കിപ്പിടിച്ചു പിൻതുടർന്നു
മണ്ടിച്ചു കൊണ്ടു നടക്കുന്നിതു ചിലർ.
ബാലകന്മാരെല്ലാം വരുന്നതും നല്ലക—
വാദകൻ താളവാദ്യം മുരളവും വീണയും
ചാത്തനും കോരനും ചടയൻ വരുന്നതും
ചാടി മറിഞ്ഞു കളിക്കുന്ന വേലരും
കരടത്തോൽപ്പിടിപ്പിക്കുന്ന കള്ളനും
ഉഷ്ണീഷകം കുപ്പായം കുറിമാലയും
കൈകൾ തെറ്റിച്ചുടൻ ബന്ധുക്കളെ പുണർന്നോരു
ഭണ്ഡകക്കാരന്മാരൊക്ക പറന്നാട
വാളുംവടിയുമായ് നായാട്ടിനെത്തുന്ന
കാട്ടാളർ കൂകി വിളിച്ചു പറകയും
*കാട്ടിലിച്ചാടിയ തൊട്ടുകൾ ഓടിവാ
കൂട്ടുവിളിപ്പവരൊക്കെയും പന്നിയെ
ഹോഹോഹോ! അതാതൊരു പന്നിയെന്നും ചിലർ
പൂ പൂപ്പൂ! നീയല്ല ഞാനൊന്നുമാണെന്നും
ററററാ ററററ എന്നങ്ങനെങ്ങളിൽ
ഭീമമായുള്ള കലശലുണ്ടെന്നു വേണ്ട

ഭീമൻ വലിയ ഗദയുമെടുത്തുടൻ
ഭീമപരാക്രമി കാനനമാണ്ടു മുദാ.

നായാട്ടുകാരുടെ സംഭാഷണം:—

പന്നിത്തടിയനെൻ കൺമുമ്പിൽ വന്നെങ്കി-
ലന്നരമെൻറ മിടുക്കുകാണാമെടോ!
ഒന്നിപ്പോരാളു പന്നിത്തടിയനെ-
ക്കൊന്നിടുവാൻ മടിയില്ല നമുക്കെടോ
വേട്ടയ്ക്കു നല്ലതിക്കള്ള നമ്മുടെ
ചെട്ടൻെറ വക്കാണമിക്കാലം മൂർഖമായ്
കേട്ടീലയോ നിങ്ങളിന്നതെൻറ ചങ്ങാതി
കെട്ടിയ പെണ്ണിനെ ചെന്നവൻ തൊട്ടപ്പോൾ
കൂട്ടത്തിലുള്ളവർ കൂടി നിരുപിച്ചു
ചെട്ടിനെത്തള്ളി പുറത്താക്കിടിനാർ.
ചാട്ടും പിടിച്ചു കരഞ്ഞനേരപ്പോലവൻ
കൂട്ടം പിരിഞ്ഞങ്ങു പോയെന്നറിഞ്ഞില
എന്തെങ്കിലും കാട്ടുജന്തുക്കളെയൊന്നു
അന്തിക്കു തിന്മാൻ കൊടുക്കണം നമ്മുടെ
കുന്തം മുറിഞ്ഞു പോയെന്നൊരു കാരണ-
മെന്തിനി വേണ്ടുന്നതെന്നറിഞ്ഞീലിന്നരെ!
മാനിനെക്കൊല്ലുവാൻപോലുമൊരായുധം
ഞാനിന്നിക്കണ്ടില്ല കള്ളമല്ലുരചെയ്;
മാനിപ്പുനിത്യം വേട്ടയ്ക്കുപോകുന്നതും
ഞാനിങ്ങനെ കണ്ടിരിക്കുമാറായിതു.
കൈകളും വിറച്ചുപുറപ്പെടുന്നു ഞാൻ
അയ്യോ! ചുരട്ടപ്പുറപ്പെട്ടുപോകുന്നു.
മെയ്യോട്ടുമാറിയിരിക്കുന്ന വൻപുലി
കൈയൊഴിയാലതു മാറുമോ വേടരേ?
നോക്കെടോ! വേടരേ! നിയ്യെന്തിനിന്നെ
തോക്കെടുക്കാതെ പുറപ്പെട്ടു നായാട്ടിന്"

ലോകം പണ്ടായതിലാക്കിനാനന്ദവാ-
നോക്കമനുപാളിവകക്കാർക്കില്ലായുധം
കള്ളം കപടം കൊതിച്ചവൻ തൻകൈയി-
ലുള്ളതെല്ലാം വകയാക്കിപ്പുലർകവെ
കള്ളംപറഞ്ഞു നടന്നപ്പോഴും കളം-
കൊള്ളുന്നപോലെയുതകൊള്ളാമിണങ്ങരെ!
കള്ളുള്ളമുള്ളവൻ പിള്ളയുള്ളവൻ
പള്ളയുരിക്കണതിപോലെമില്ലാതെയായ്.
കായ്കനിതിന്നു വെള്ളംകുടിച്ചുണ്ടിന്നു
ചാകാതെകഴിച്ചു പൊറുക്കുന്നു ഞങ്ങളും
ആകാതെപാട്ടിൽ പിറന്ന നാം കാത്തിട്ടു
പോകയാണല്ലയോ കഷ്ടമെന്തീവിധമേ!
മരമാതൃവൻ പറഞ്ഞാറുള്ളതെന്റെ
കരമെല്ലാമുള്ള കെട്ടുകൊണ്ടിട്ടു.
മൊറിന്നില്ലാത്തവൻ കാപ്പു മാറിയ്ക്കുമോ!
വാറിന്നില്ലാത്തവൻ പാൽകുടിച്ചീടുമോ!
വീട്ടിലെന്നെങ്കിൽ വീതനയമാവാനെട്ടു-
കൂട്ടില്ലാകിട്ടാ മരിച്ചതെന്നാകിലോ;
കാട്ടിൽ കിടന്നു പൊറുക്കുന്ന നാമിനും
വീട്ടിലിരുന്നു നടക്കുന്നതേ ദുഃഖം.
നെല്ലും പണങ്ങളും നല്ല ധനങ്ങളും
തെല്ലും കുറവില്ല നാട്ടുവാണീടിനാൻ
കല്ലും മരങ്ങളും പുല്ലും പുഴുക്കളു-
മില്ലാതെയില്ലയോ കാട്ടുവാണീടിനാൽ
കൊല്ലുംമൃഗങ്ങളെ വായില്ലിറന്ന നാ-
മെല്ലാവരും വളർന്നതു വിസ്മയം!
ചൊല്ലുന്നതപ്പോഴേ കേൾക്കാത്ത ഭൃത്യരെ
തല്ലുന്ന കാര്യക്കാരനെപ്പേടിച്ചു
കല്ലുപെറിത്തലക്കെണ്ണും പിടിപെട്ടു

ചെല്ലുന്നോരത്തു കാട്ടാളമന്നവൻ
നല്ലാത്ത വാക്ക പറകയില്ലെന്നല്ല
വല്ലാത്ത വല്ലായ്മയുണ്ടാക്കുമപ്പോഴേ;
കൊള്ളിവാക്കല്ലാതെ ചൊൽകയുമില്ലവൻ
കൊള്ളാമിതില്ലാഭൂതങ്ങൾക്കു സങ്കടം
ഉള്ളിയും മഞ്ഞളും പൂശിപ്പുരണ്ടൊരു
വള്ളിക്കരിലക്കുത്തുള്ളിൽ കിടക്കുന്ന
കാട്ടാളനാരി കല്പിക്കുന്ന കല്പന
കേട്ടെന്നിയേ ചോറുകിട്ടാ നമുക്കഹോ!
ചേട്ടകളൊക്കെയും വെടിപ്പില്ലവരെ
കൂട്ടത്തിലൊന്നില്ല നന്നെന്നു ചൊല്ലുവാൻ
കാട്ടാളനാരിയെക്കണ്ടാൽ കുളിക്കണം
കേട്ടാൽ കലമ്പുമേ വേടക്കിടന്നുതാൻ;
വേട്ടാളുടെ ശീലമായവർക്കും വരും
വേട്ടാളനെപ്പോലെ തൻനിറമാക്കുവാൻ
കാട്ടാളനെപ്പോലെ മറ്റാരുമില്ലെന്നു
കേട്ടാളുകളൊക്കെയും ബോധംവരും ദൃഢം.
അച്ചിക്കു മാസപ്രവൃത്തി ചെയ്യുന്നവൻ
കൊച്ചിക്കുപോയതു തൊപ്പിയിട്ടീടണം
ഉച്ചിക്കുനിൽക്കുമതൊക്കെയും കത്തി—
വെച്ചുകെട്ടിച്ചു പൊറുത്തുകൊള്ളാമിനി
പച്ചമാംസം തിന്നുതന്നെ വളർന്നവൻ
മെച്ചമേറും പുളിശ്ശേരി കൊതിക്കുമോ?
പച്ചടിപ്പാവും പരിപ്പും പണിപ്പെട്ടു
വെച്ചുചമച്ചൊരു പക്കപ്രഥമനും
പഞ്ചസാരപ്പൊടി പാലും ഗുളങ്ങളും
പഞ്ചാമൃതം നല്ല ശർക്കരപ്പായസം
ഇഞ്ചിനാരങ്ങാക്കറികളുമെന്നിവ
പിഞ്ചിൽ കൊതിക്കുമോ മാംസം ഭുജിപ്പവൻ!

മാംസത്തിലെത്തി പ്രധാനൻ കടിക്കുന്നു
ഗന്ധമവരാകെത്തരിച്ചുമേരാകം
മാംസത്തിലാഗ്രഹമുള്ള പരിഷയ്ക്കു
മാംസമില്ലെന്നിരിക്കിലും കിട്ടേണം.
പന്നിയിറച്ചിയ്ക്കു ജന്തുക്കളായിട്ടു–
മൊന്നില്ല മാംസത്തിനെന്നുമൊരുമിച്ചവനം
എന്നിങ്ങനെ പലരും പറഞ്ഞതു
നിന്നിടിയാതെ കൊണ്ടുപോകുന്നു കണ്ടേ! 425
മന്നിച്ചുവരാട്ടിയാചിച്ചപ്പോഴേയ്ക്കും
ചെന്നതു പക്ഷികളൊക്കെയും കൊണ്ടു
പന്നിത്തടിയനെക്കൊണ്ടു തിന്നും–
ഒന്നു മറ്റൊരുത്തൻ കൊണ്ടുപോയി പൊരിച്ചു
നന്നായി വെച്ചു ഭുജിച്ചുകൊണ്ടിട്ടവൻ
വന്നൊരു ചേകവർ വന്നില്ലിനാലേ
എന്നിങ്ങനെ വാക്കു ചൊല്ലിച്ചു പിന്നെ
ചെന്നുനിറഞ്ഞു കാട്ടുപന്നിയും
ഇത്തരം വേഷം ധരിച്ചൊരു–
മന്തി നിറഞ്ഞുതാൻ ഘോഷം വരുന്നേരം.

നാട്ട്:

കിളികളുടെ കളകളങ്ങളിലന്യകളനാളങ്ങളും
ഭ്രമരികളുടെ പാട്ടുകൾ കേട്ടുകൊണ്ടിരുന്നതും
മതികളൊട്ടു സുരഭികൾ തൂകിത്തുടങ്ങി
മന്ദമന്ദമെന്നു മന്ദമാരുതൻ പരിചൊടു നടിച്ചുതുടങ്ങി
ജനങ്ങൾമറിമാനുകളോടേകം പന്നികളെന്നിവ
[ഒട്ടല്ലം
കാനനങ്ങളിൽ കരടികളും ചെന്നായിക്കൂട്ടങ്ങളും
മാനസമധികമിയന്നു നടന്നുതുടങ്ങി
മാനുകളോടെ സിംഹവും കടുവാകളും പുലികളുമെല്ലാം
[മെല്ലെ

വലയിൽ ചില ചാടിവലഞ്ഞു പലവക പുലി
[പന്നികളും
തലയിൽ ചിലർ തച്ചുടച്ചു വിറച്ചു തിരിച്ചുതരണി
കലഹിച്ചു ഗജതതിയടുത്തു കടിച്ചു പൊളിച്ചു തരണി
കലമാനുകളെ പിടിപെട്ടു വാൾകൊണ്ടറുത്തൊളിച്ചു
[ളുടനെ
പെരുത്തുകൊമ്പന്മാരായ വരാഹവീരന്മാരെ
[കൊമ്പിനിട
കൊത്തുടനെ ചാടിവിറച്ചു പൊത്തുകളെപ്പറ്റ
[വൻ
വിസ്മയത്തോടിളച്ചെന്നാൻ കണ്ടു ചിതാറിൽ
[ചാടി 450
പെരുമ്പാമ്പുകളെ തിരിച്ചുതിരിച്ചു പെരിയവനാന
[ശേഷൻ
വിട്ടാൽ്മരമാമരങ്ങളെ പറിച്ചൊളി
[ച്ചുടിച്ചുടനെ
കരിവായിൽ വായിൽപ്പക്ഷികളെയൊരു കൈക്കാരൻ
കദ്ദമാകിന മന്ദമൃഗങ്ങൾ കിടക്കുമാറിപ്പോരെ
വിട്ടോടാൻ പാഞ്ഞു കിളിപ്പിള്ളത്താനെ ഭയാം
[നോക്കി
വാരിപ്പുലി പൂവിനാരിൽ പെട്ടുപോലെയുന്നുമെരുമ
പരിചയോട്ടുവിട്ടവൻ പുലിയെന്ന പടിച്ചുപൊളി
[ച്ചുളള വലയും
വലയുംകെട്ടിപ്പാർക്കുന്നവരെ തലയുംകൊണ്ടി
[ടോടം
മലയുടെ ഗുഹാന്തരത്തിൽ പൂകിയ പെൺപുലി
വൻപുലിയോടും
ഇടിവെട്ടിടയും പടി പടപടവെടിയും
അടവിയിലിടിഞ്ഞിടിന കിടുകിടുനാദവും

പട്ടുവസ്ത്രാദികൊണ്ടലങ്കാരവുംകളിച്ചെങ്ങനാണ
തടവുകളും വടിവും
തരികളിൽ മൃഗക്കൂട്ടങ്ങളെ പലതരമൊട്ടങ്ങളെ—
[വരുടെ ചാട്ടങ്ങളുമൊരുവക
കേട്ടാൽപൊറുക്കരുതാത്തവക കൂട്ടങ്ങളുടെ
[പല വിളയാട്ടം
ഉലകങ്ങളെല്ലാം പട്ടുതരിയാതെങ്ങും പാട് പടവാരിട്ടും
ഉത്തമമതി വിഷണ്ണമാകിനാലെങ്ങും
സഖ്യാഭരണം കണ്ടുസഹിച്ചുതിരിക്കാഞ്ഞാൽ
ഉത്തമമതിയാകിന മാതാപുത്രൻ
ഉത്തമഗിരിയിൽകരിനടനമാടിത്തൻ.

ശ്രീകൃഷ്ണസ്തുതി

കായാമ്പൂമലർക്കുള്ളിലായാസംവളർക്കുന്ന
കായാ, കാർമുകിൽവർണ്ണ! മായാമാനുഷ! കൃഷ്ണ!
പായസ്സ്വാദനാദികം പാൽപായസപ്രിയ ഗോപാ!
?ായപുത്രമിത്രങ്ങളാം സാഗരം നോക്കി
പായാതെ മനക്കാമ്പിൽ പോരായല്ലോ മുരാ ഗംഗ
തോയത്തിൽ കളിച്ചാലും മായകാം കുറച്ചാലും
കായാമ്പൂകളിൽ ന്യൂപിച്ചായാസം വരുത്താതെ
ഗോപജനാനന്ദന്റെ പാദത്തെ സ്മരിച്ചാലും
ആരെങ്കിൽ മുകുന്ദന്റെ നാമങ്ങളെ ജപിച്ചാലും
നാമകീർത്തനമുള്ളോരവരും മാമക സൌഭാഗ്യം
കാമിനിമണിമാരെക്കളിപ്പിച്ചവലയാതെ
സഹോദരിമൻ പാദാംഭോജം സാദരം ഭജിച്ചാലും
ഭീമന്റെ കഥാശേഷം ശ്രീമൻ കേട്ടുകൊണ്ടാലും
ധീമാന്മാർക്കുമൂലം ക്ഷേമം സംഭവിച്ചീടും

സുന്ദരിമാരുടെ ലീലാവിലാസങ്ങൾ:

കല്ലും മരങ്ങളും തല്ലിത്തകർത്തുകൊ—

ഉല്ലാസമോടങ്ങു ചെല്ലുന്നനേരത്തു
വല്ലീഗൃഹങ്ങളിൽ സല്ലീലമാർന്നു
നല്ലൊരു ഗന്ധർവ്വവല്ലാക്ഷിമാരുടെ
സല്ലാപഭാഷാസുഹല്ലോഹലങ്ങളും
കല്ലോലവിഭ്രമം വെല്ലുന്ന കൺമുന–
ത്തെല്ലിന്റെ ഭംഗിയും ചില്ലിവില്ലുകളും
മുല്ലശരൻ തന്റെ ഭല്ലമല്ലുന്നതു–
ത്തില്ലവും ചന്ദ്രനെ വെല്ലും മുഖാംബുജവും
മല്ലികാമാലയെ തള്ളിയൊടിക്കുന്ന
പല്ലിന്റെ ശോഭയും നല്ലോരധരവും
ജംഭാരിതന്നുടെ കുംഭിപ്രവരന്റെ
കുംഭതടത്തിന്റെ ഡംഭം കുറയ്ക്കുന്ന
സംഭോഗസാൽകുചകുംഭങ്ങളെക്കണ്ടു
സംഭാവനംചെയ്തു ഗംഭീരനായുള്ള
ജംഭാരിപുത്രന്റെ മുമ്പിൽ പിറന്നവൻ
വമ്പൻ വൃകോദരൻ കമ്പിട്ടുനോക്കിനാൻ.
പന്തണിക്കൊമ്പുകൾ പന്തിയിലിളകവേ
പന്തടിക്കുന്നതും ചിന്തുപാടുന്നതും
അന്തികേ കണ്ടൊരു കാന്തികമാരുകൾ
സന്തുഷ്ടനായ്നിന്നു തെല്ലുനേരംമുദാ
പന്നഗസ്ത്രീകളുമപ്സരസ്ത്രീകളും
പിന്നെസ്സുരസ്ത്രീസമൂഹവും കുത്രചിൽ.
വിദ്യാധരികളുമന്യത്രകുത്രചിൽ,
സിദ്ധനാരികളും ചാരണസ്ത്രീകളും,
വീണാപ്രയോഗങ്ങളും വേണുനാദങ്ങളും
ചേണാർന്നവീണാനാദങ്ങളും കുത്രചിൽ
ചെമ്പട തോടി ചമ്പടി കളിത്താള
മുമ്പായനേകം പ്രയോഗങ്ങളിങ്ങനെ
പാട്ടും കളികളും പാർപ്പതാനന്ദമോ

കേട്ടും വിലോകനം ചെയ്തും ഗമിക്കുന്ന
ഭീമസേനൻ ഗന്ധമാദനാധിത്യകാ-
ഭൂമിതന്നിൽത്തദാ നോക്കുംദശാന്തരേ
ശ്യാമളം നല്ല കദളീമഹാവനം
കോമളശ്രീപൂണ്ടതങ്ങു കണ്ടീടിനാൻ
രാമദാസൻ മഹാവീരൻ കപീശ്വരൻ
ശ്രീമഹാദേവന്റെ ബീജജാതനാം
ശ്രീഹനുമാൻമുദാ വാണരുളീടുന്ന
ശ്രീമഹാപുണ്യപ്രദേശം മനോഹരം.

കദളീവനവർണ്ണനം:

പച്ചക്കദളികുലകളണിഞ്ഞിട്ടു
മെച്ചത്തിൽനന്നായ് പഴുത്ത പഴങ്ങളും
ഉച്ചത്തിലങ്ങനെ കാണും പവിഴവും
പച്ചരത്നക്കല്ലുമൊന്നിച്ചുകോർത്തുള്ള
മാലകൾകൊണ്ടു വിതാനിച്ചതിങ്ങുന്ന
മാലോകരൊക്കെയും ശങ്കിക്കുമാറുള്ള
ലീലാവിലാസേന നില്ക്കുന്ന വാഴകൾ
നാലുഭാഗങ്ങളിൽ തിങ്ങിവിങ്ങിത്തദാ
ബാലാനിലൻവന്നു തട്ടുന്നനേരത്തു
കോലാഹലം നൃത്തമാടും ദലങ്ങളും
ആലോകനംചെയ്തു വിസ്മയിച്ചീടിനാൻ
കാലാത്മജാനുജൻ വീരൻ വൃകോദരൻ
താഴത്തുമേറ്റത്തു വീണുകിടക്കുന്ന
വാഴപ്പഴംകൊണ്ടു ഭൂമിമഹീതലം
പാഴ്ത്തറപറ്റു നിറച്ചുകണ്ടീടുന്നു
വാഴയ്ക്കുചുറ്റും പ്രകാശമുണ്ടെപ്പൊഴും.
വാവലും കാക്കയും പച്ചക്കിളികളും
പ്രാവും പരുന്തും പറന്നുനടക്കുന്ന
പക്ഷികൾവന്നിപ്പഴുത്ത പഴങ്ങളെ

ഭക്ഷിക്കമാറില്ല പേടികൊണ്ടാരുമേ
ഭക്ഷിച്ചുപോയെന്നതാരിവനെന്നു
സൂക്ഷിച്ചുനോക്കിത്തുടങ്ങി വൃകോദരൻ

ഹനുമാന്റെ വിചാരം

ഇടന്ത് മൃതകങ്ങൾന്റെ വടിവായിച്ചതയൽ

അതുകണ്ടു ഹനുമാനുമുള്ളിലപ്രീതികൈക്കൊണ്ടു
മതിമാൻമാരുതിയെന്റെ മതികൊണ്ടു ചിന്തിച്ചു:—
“മതിമുഖിമാരിലെന്റെ മതിമോഹം വളർത്തുവാൻ
അതിബലനിവനിന്നതിവേഗം ഗമിക്കുന്നു.
മനുജന്മാരിവരൊന്നുമൊന്നുമല്ലിവൻ മാരുതപുത്രൻ
മനുജനായ്ക്കൊണ്ടു കാമൻ മന്നവൻ ക്ഷിതിയിന്നിൽ
മരത്തിനപ്പുറം നിന്നു കൊള്ളുന്ന സാഹസമെന്റെ
കരത്തിന്റെ ബലമിന്നു തരത്തിലറിയണം
അടുത്താരും ഗമിയ്ക്കാതെ അരുളിച്ചെയ്തു പർവ്വതമിൽ
പടുക്കണം ശരിപ്പിച്ചാൽ കൊള്ളാം മാറ്റവും
[പിന്നെ
മനംകൊണ്ടിങ്ങനെ ചിന്തിച്ചു നാനാമാതിരി മൃത—
കങ്ങളെന്ന വടി പരിച്ചുതൊടുകൈകളും കാലും
കുഴഞ്ഞു വാലുകമോടും കൊഴിഞ്ഞു കൈകളൊക്കെക്കൊണ്ടു
ചൊറിഞ്ഞു രോമങ്ങളൊക്കെയും കൊഴിഞ്ഞു രോമവും
[ചുക്കി—
ച്ചുളിഞ്ഞു കണ്ണിനകത്തു കലങ്ങുകൾ പീളയും വന്നു—
നിറഞ്ഞുതാൻവഴിയിൽക്കിടന്നൊച്ച നേത്രവും ചിമ്മി—
ച്ചുയിച്ചു മൂന്നലോകങ്ങൾ ജയിച്ചുള്ള ഹനുമാൻ.

ഹനുമാൻ ഭീമസംവാദം

ഇരിക്കുന്നതുകൊണ്ടു മുമ്പിൽ പല പല
വനചിച്ചുവഴിയിലൊന്നു പിടിച്ചോടി—
ച്ചൂടെയെക്കൊണ്ടു വരുന്നകാലമതാ—

കൊമ്പന്റെ കുന്നുള്ള കൊമ്പും തണ്ടും പിടി-
ച്ചമ്പരപ്പാലെ കളിമ്പം കലർന്നുള്ളു
മുമ്പിൽ കളിപ്പിച്ചു വന്നാൻ വൃകോദരൻ
കാട്ടാനക്കുട്ടികളോടും മൃഗങ്ങളെ-
പ്പാടേ കടിച്ചിഴച്ചോടിയടുക്കുന്ന
കണ്ഠീരവങ്ങടെ കണ്ഠം ഞെരിക്കയും
കണ്ടോത്സവംകൊണ്ടു തരിച്ചുനിന്നുള്ള
കല്ലോടുനല്ല കളിവന്നതിന്നി-
ല്ലൊപ്പിക്കുമാറും നടന്നുതുടങ്ങിനാൻ
ഉദ്ധതനാകുന്ന ഭീമസേനന്റെ
പശ്ചാത്തിന്നിൽ മുങ്ങിക്കിടക്കുന്ന
വൃദ്ധനാമൊരു ബ്രാഹ്മണനെക്കണ്ടു
ക്രുദ്ധനായിപ്പറഞ്ഞിതന്നാസോദരൻ,
"നോക്കെടാ, നമ്മുടെ കാഴ്ചക്കിടക്കുന്ന
മക്കടോ! നീയെന്തു മാറിക്കിടോ ഭോ!
മൂർഖതനായനായുള്ള വന്നു ചേർക്കുവാൻ നീ-
നക്കേടാ! തേനെവാരൊന്നൊന്നോടാ! സംഗതി?
നാട്ടിൽ പ്രസിദ്ധമല്ലെങ്കിലോ വിദ്യയെ
കാട്ടിൽകിടക്കുന്ന മൂഢികളെന്നായി,
ഒട്ടും പകിതിരിവില്ലാത്ത വല്ലാത്ത
കൂട്ടത്തിൽവന്നു പിറന്നു വളർന്നവി
ചട്ടത്തിൽനിന്നു പഠിച്ചുപോരുമോ നിന്റെ
കൂട്ടത്തിൽമാനമില്ലാത്തവരെന്നപോൽ?
പൊങ്ങിനിന്നെന്നോടുപോകാനില്ലാപുള്ള
പെട്ടിട്ടെന്നു ധരിച്ചുനീ വന്നതോ?"
ഇത്തരം ഭീമന്റെ ഭർത്സനം കേട്ടു
വൃദ്ധൻ ചിരിച്ചുപറഞ്ഞു പതുക്കവേ-
യൊന്നും കയർത്തു പറയുന്നതെന്തിനി
യിന്നുമറ്റാരെന്നറിഞ്ഞുതരേണ്ടല്ലൂ.

മറെറാരു മാർഗ്ഗമായ് പോയ്ക്കൊള്ളുകെന്നവൻ
കുറ്റപ്പിക്കരുതെപ്പെറനോക്കാരണേടോ!
കണ്ണുംതിരിയാ ശരീരം വിറയ്ക്കുന്നു
ദണ്ഡംപലതുണ്ടു പൊറുക്ക കണ്ടുകൊൾ
കൈയിനും കാലിനും ശക്തിയില്ലാതെയായ്
മെയ്യും തളരുന്നു പൊറ്റുമാറഹോ!
അയ്യോ! പരമാർത്ഥമെല്ലാം ഗ്രഹിയാതെ
നിന്നേറ്റു ശൗര്യം തുടങ്ങുന്ന ഭൂതമേ!
പാരംവലഞ്ഞു കിടക്കുന്നവർകളെ-
ദോഷമിറക്കും കലമ്പുമാറില്ലെടോ!
നേർവഴിവിട്ടു നടപ്പതിനെന്നുടെ
മാറിയാലെന്തു വൈലക്ഷ്യം നിനക്കെടോ."
മാരുതിവൃദ്ധന്റെ വാക്കുകൾ കേട്ടവൻ
മാരുതിഭീമൻ കയർത്തുചൊല്ലീടിനാൻ:
ഇത്രയെന്നറിഞ്ഞുപറഞ്ഞതു വാനര,
പാരം മുഴുക്കുന്ന ധിക്കാരസാഹസം.
പൂരുവംശത്തിൽപ്പിറന്നു വളർന്നോരു
പൂരുഷശ്രേഷ്ഠൻ വൃകോദരനെന്നൊരു
വീരനെക്കേട്ടറിവില്ലേ നിനക്കെടോ?
ധീരനാമെന്റെ വഴിമുടക്കാക്കിനി
നേരായമാർഗ്ഗം തടുത്തുനിന്നീടുന്നി-
ല്ലാരൊരുത്തനും തെല്ലുമില്ലെടോ,
മാറിനില്ലെന്നു പറയുന്ന മൂഢന്റെ
മാറിൽപ്പതിക്കും ഗദാഗ്രമെന്നോർക്കണം.
പുറെപ്പുറ ഞാതെയുന്നോറവർഗ്ഗത്തു
മാറിക്കിടക്ക നീ മർക്കടപ്രകൃതേ!
സജ്ജനാചാരംപിടിച്ചുപഠിക്കുള്ളോർ
ദുർജ്ജനാം നിന്നെ ഉപദേശിപ്പാനൊരുമ്പെട്ടു.
ലജ്ജകൂടാതെ വഴിമുടക്കീടിനാ—

ധർമ്മരാജ്യത്തിൽ സഹിയ്ക്കയില്ലെടോ!
ധർമ്മപ്രകാരം ഗ്രഹിയ്ക്കാത്ത നിന്നോടു
ധർമ്മം പറവാൻ നമുക്കെന്തു സംഗതി?
ധർമ്മപുത്രന്മാർ ധർമ്മം വെടിഞ്ഞൊരു
കർമ്മങ്ങൾ ചെയ്യുകയില്ലെന്നു ബോധിയ്ക്കണം”
എന്നുള്ള വാക്കുകൾ കേട്ടു ചിരിച്ചുകൊ-
ണ്ടന്നേരം ചൊല്ലി ഹനൂമാനിതങ്ങനെ:-
“ആകുന്നെടാ! ഭീമ! നിങ്ങൾ ചൊല്ലുന്ന
ചൊന്നവാക്കെല്ലാം ഫലിക്കുന്ന കൂട്ടമോ?
ധർമ്മജൻമുമ്പായ ധാർമ്മികന്മാർ നിങ്ങൾ
ധർമ്മമല്ലാതൊന്നും ചെയ്കയില്ലയോ!
പാഞ്ചാലിയെന്നൊരു പെണ്ണിനെക്കണ്ടിട്ടു
പാണ്ഡവന്മാരൈവർ പിടിപെട്ടൊന്നിങ്ങ-
ളൊന്നുചേർന്നു കൈപ്പിടിച്ചുകൊ-
ണ്ടാഘോഷമോടെ വേളി കഴിച്ചെന്നു കേട്ടു ഞാൻ
അങ്ങനെയുള്ളതും കണ്ടുകണ്ടവരാരുമേ
പാതിവ്രത്യമില്ലാ തെല്ലുപോലുമിങ്ങ-
ളുള്ളജനത്തെയും കണ്മുമ്പിലല്ലിയോ
വാഴിച്ചിരിക്കുന്നുപോലും വാനരരേ!
നാലഞ്ചുപേർക്കൊരു പെണ്ണിനെത്താനും
നാരിമാരിലിതും വിധിച്ചതല്ലോർക്കണം,
നാലുപേർ കേട്ടാൽ നിരക്കാത്ത വസ്തുവി-
വാലുള്ള വാനരന്മാർക്കും ചിരിവരും
ചേട്ടത്തിയാണെന്നും ചേട്ടത്തിയാണെന്നും
ചേട്ടകൾ തന്റെ കളത്രമെന്നിങ്ങനെ
കാട്ടുന്ന ഗോഷ്ഠികൾ കേട്ടാൽ ചിരിയാക-
മൊട്ടും ഗുണമില്ല കാപികന്മാരേ!
ഞാനൊരു മാറ്റും വെടിഞ്ഞു നടക്കാത്ത
വാനരൻ വാനരൻ ഞാനൊന്നു ചൊല്ലുക

നേരെയങ്ങനെ പറവാൻ മടിയില്ല
നാഴികയൊന്നു ശിവ! മറ്റുള്ളകൊൾവതു!
തോറ്റിട്ടില്ല ഞങ്ങളൊന്നിങ്ങനെ
കാറ്റിന്മകൻ നീ പറഞ്ഞതും വിസ്മയം!
ഊറ്റംപേർ നിങ്ങടെ നാട്ടും നഗരവും
ചുറ്റുകാടങ്ങളെടുത്തിവെച്ചിലയോ!
കാറ്റും മഴ മഞ്ഞുമേറ്റുകൊണ്ടെപ്പോഴും
കാട്ടിൽകിടക്കുന്ന കൂട്ടരല്ല ഞങ്ങൾ
കാട്ടിലടിക്കുന്ന ദുർമ്മർത്ത്യശക്തിയാൽ
വീട്ടിൽ കിടക്കാൻ വിധിയില്ല നിങ്ങൾക്ക
നാട്ടിൽനിന്നൊട്ടു സുയോധനനന്നോ–
ട്ടിക്കളഞ്ഞതിൽപിന്നെയൊരില്ലലും
നാട്ടിൽ കടപ്പാൻ കഴിയുന്നതുമില്ല
കാട്ടിൽ സുഖമേകിലായതും കൊള്ളു;
കല്ലിലും പുല്ലിലും കാലത്താറ്റുന്ന
മുള്ളിലുമള്ളിലും കല്ലിലും കാട്ടിലും
തള്ളിയലച്ചു നടക്കുന്ന നിങ്ങളെ
ഉള്ളം കരേന്തിലും കുറവില്ല മന്നോടോ!
കള്ളത്തരം ചൂതുകൊണ്ടു ദുര്യോധനൻ
തള്ളിപ്പുറത്താക്കി നിങ്ങളെയൊക്കെയും
ഉള്ളിൽ വിഷമേറ്റു മരുന്ന നിങ്ങളെ
തള്ളിപ്പുകിന്നോരു പെണ്ണും പുറപ്പെട്ടു
കണ്ടവരുകളിൽ കാട്ടും കുന്നരയവും
കൊണ്ടുവാ, കൊണ്ടുവാ,യെന്നു ചൊല്ലിക്കൊണ്ടും 175
മണ്ടുകൂടിട്ടെങ്ങനാട്ടു വലഞ്ഞെട്ടു
മരിമുട്ടുമടങ്ങാത നിങ്ങളും
കണ്ടുനേരം കൊണ്ടു നിന്റെ പരാക്രമ–
മുണ്ടായ്‌വരുമെന്നറിക വൃകോദര!"
ഇക്കപിവാക്യം കേട്ടു കോപിച്ചു ഭീമനും

"സന്താപമെല്ലാം മതി മതി വാനര!
കാത്തിരിക്കായ്കളും തിന്നു മരങ്ങളിൽ
പാർത്തു സുഖേന മർക്കടവീരരുമായ്
ഖണ്ഡനം ചെയ്‌വാൻ മടിയ്ക്കുന്നതാൻ തുറ-
ഖണ്ഡനാപുത്രന്റെ ജാതിയെന്നാകിലാൻ,
ഭീമസേനന്റെ പരാക്രമമൊന്നതി-
ധൂമകേതു കണക്കോർക്ക് ഗ്രഹിച്ചില
രക്ഷസ്സുകൾക്കു വരനാം ഹിഡിംബന്റെ
വക്ഷസ്സുതള്ളിപ്പിളർന്നു വൃകോദരൻ
രൂക്ഷതപൂണ്ട ബകനാമരക്കനെ
തൽക്ഷണം കാലന്നൂർ കാട്ടിക്കൊടുത്തതും
കൊമ്പൻകൊലയാന തുമ്പിക്കരം കൊണ്ടു
വമ്പിച്ച സാലം പിളർന്ന കണക്കിനെ
ഡംഭിച്ചുവന്ന ജരാസന്ധനന്റെ
ജൃംഭിച്ചവിഗ്രഹം രണ്ടായ്പ്പിളർന്നതും
കിർമ്മീരനായ നിശാചരവീരന്റെ
മർദ്ദനവും രണവും ശരകണ്ടിച്ചതും
നിർമ്മൂലനംചെയ്തു താപസന്മാരുടെ

പരാക്രമമുണ്ടായി = പരാക്രമം അറിയാറായി.

സന്താപം = ദുഃഖഭാവം. മർക്കടി = കുരങ്ങൻ. ഖണ്ഡനംചെയ്യുക = നശിപ്പിക്കുക. ധൂമകേതു = വാൽനക്ഷത്രം. വാൽനക്ഷത്രോദയം ആപത്സൂചകമായി വിശ്വസിച്ചുപോരുന്നു. അതുകൊണ്ടു ധൂമകേതു ശത്രുക്കൾക്കു മൃത്യുവാണ്. നിശാചരന്മാരായ വിരോധികൾക്കാണിതു". രക്ഷസ്സുകൾക്കു വരൻ = രക്ഷസശ്രേഷ്ഠൻ. വക്ഷസ്സ് = മാർവ്വിടം. കാലന്നൂർ കാട്ടിക്കൊടുക്കുക = കൊല്ലുക. രൂക്ഷത = ക്രൂരത. അരക്കൻ = രാക്ഷസൻ. സാലം = പന. ഡംഭിച്ചുവന്ന = ഗർവ്വോടുകൂടി വന്ന. ജൃംഭിച്ച വിഗ്രഹം = വലിയ വിഗ്രഹം.

നിർമ്മൂലനംചെയ്യുക = വേരോടെ പിഴുതെറിയുക.

ധർമ്മസംരക്ഷണം ചെയ്യു വൃകോദരൻ
ഇത്ഥം പരാക്രമപ്രൗഢതയെന്നോട്
സിദ്ധമല്ലതൊരു വൃദ്ധപ്ലവംഗമൻ
നിർജ്ജിതനായതും ഉചിതപ്പരാഭവമോ!
ഓർത്തുകാ! പോരാ ബലമിതുകാ! ഓർത്താലതു!”
അങ്ങനെയാപ്ലവഗവരൻ ചൊല്ലിയനേരം
“ഞങ്ങളും ചെയ്‌വാൻ മടിക്കുന്നില്ല സഖേ!
താങ്ങാനാവാത്ത കോലം ചെയ്ത നിന്നെ
ശിക്ഷസനാഥങ്ങളെന്നതു ചൊല്ലുക.!
ഉച്ഛ്വാസമാൻ പണ്ടു ഉദ്യാനശാഖതമാം
ഉച്ഛ്വാസംകൊണ്ടു തണ്ടിയാണെന്നതോ
അക്കൂരപ്പർ മിറെല്ലും കണ്ടാൽ ഇല്ലത്തെന്നെ
പാണ്ഡവശ്രീ ഭാഗ്യമന്നിപ്പു തലകുനി
ച്ചുറിപ്പുട്ടി വലിപ്പിച്ചെന്നെ
മറ്റും മഹാജനം നോക്കിനില്ക്കുംവിധം
കൂറ്റൻകൊമ്പനാനയെ താഡിച്ചു താഡിച്ചു
തെരോരാനയെ പൂർവ്വ വലിപ്പിച്ചി–
ച്ചൂറ്റിയില്ലാത്തപ്രായവും ചെയ്ത
കണ്ണുമിഴിച്ചതു കണ്ടുനിന്നീടിനാ
പെണ്ണുങ്ങടിയൻമാം നിന്റെ പരാക്രമം
കാണിപ്പാൻ പോരയോ കയറിപ്പാൻ വൃകോദര!
കാശിനോ പോലും വിലപിടിയാത്ത നീ
ഞാനതെ മുന്നിലിട്ടൂഴ്ന്നാം പാർത്ഥൻ
തന്നുടെ പെണ്ണിന്റെ വസ്ത്രം തൊടുന്നേര–
മൊന്നുമനങ്ങാതെ നില്ക്കയോ വേണ്ടൂ?!
ചെന്നതവനെ പ്രഹരിക്കയോ ഭ്രമം!
മിടുക്കുമൊഴുക്കുമെല്ലാമൊട്ടുക്കും നന്ദിയാം നിന്റെ
കഴപ്പും കാട്ടിലേന്നാം കിടക്കും വാനരത്തോട്”
കടക്കണ്ണും ചുവത്തിക്കൊണ്ടൊക്കും വിക്രമി പല്ലും

കരിയും വ്യാളികളും തുള്ളിയൊടിയും പർവ്വതം തുള്ളി-
പ്പൊടിയും പാരിപാതാളം കിട്ടിടിയും വല്ലതും പൊള്ളി-
പ്പൊടിയുന്നെന്തിനു ഭീമ!
നടപ്പാൻ ശക്തിയില്ലാഞ്ഞു കിടപ്പായി നമുക്കിപ്പോൾ
എടുപ്പാം വാലിതങ്ങോട്ടൊതുക്കുവാൻ സാധ്യമല്ലേതും
പൊറുക്കേണം ഭവാൻ ചാടിക്കടന്നാലും നടന്നാലും
മടിക്കുന്നെന്തിനു ഭീമ! മുടക്കുന്നില്ല ഞാൻ മാർഗ്ഗം
പറഞ്ഞു ഭീമനും:—"നിയ്യിപ്പറഞ്ഞ വാക്കുകളെല്ലാം
കറുത്തോരു ചതന്ത്രക്കാർ പറഞ്ഞതുകിലറിയില്ലേ
മുതുക്കന്മാർ പലവട്ടമധിക്ഷേപങ്ങൾ ചെയ്താലും
വധിപ്പാനും ചിതംപോരാ, വധിച്ചാലും ചിതംപോരാ.
കരുത്തൻ മറ്റൊരുത്തൻ വാനരന്മാരിൽ കരുത്തന്മാ-
രടിച്ചു കൈപിടിച്ചു കാട്ടിലേക്കാക്കീട്ടുമിപ്പോൾ ഞാൻ;
അതുകൊണ്ടാമിരിക്കട്ടെ, ഫലമില്ലാതിരിക്കുന്നായ്കിട-
ക്കുന്ന മഹാപാപികൾക്കൊപ്പം
മരത്തിന്റെ മകൻ വാനം മറിപ്പിച്ചെന്നതു കേട്ടാൽ
ചിരിയ്ക്കും സജ്ജനമെന്നു ധരിക്ക കർക്കടനോ!
കടന്നുപോകയോ പിന്നെ കടപ്പുമായ് വരമെന്റെ
ഗുരുവായഞ്ജനാപുത്രൻ കടന്നതും കപിശ്രേഷ്ഠൻ
ജനിച്ചോരു കുലംതന്നിൽ ജനിച്ചോരു കുരങ്ങച്ചി!
നിനച്ചാൽ നിന്നെ ലംഘിച്ചാലെനിക്കു പാപമുണ്ടാകും"
അതുകേട്ടു ഹനുമാനുമുരചെയ്തു കനിവോടെ;
"മതിയിൽ ശങ്കയുണ്ടെങ്കിലതുകൊണ്ടൊന്നുമില്ല.
വഴിതന്നിൽ കിടക്കുന്ന വാലെടുത്തു മാറ്റിവെച്ചു
വഴിപോകിലൊ കുന്നൊട്ടു ശരിക്കു ഭീമസേന! പി
കരംകൊണ്ടു വാലതൊന്നു തൊട്ടു നീക്കിയെന്നാകിൽ
കരംതന്നിലിരിക്കുന്ന ഗദകൊണ്ടുമടിയാതെ
നെടുകംപോലൊരുത്താലും പൊക്കുകെന്നു ദൂരെ നീക്കി
നടക്ക നീ മടിക്ക, വേർപെടുക്ക ദുർഘടമെല്ലാം."

പറഞ്ഞു പാണ്ഡവനപ്പോഴും കാരണത്താനു നിരൂപിച്ചു,
“മുറിച്ചു നീക്കുമന്നേരം മുറിഞ്ഞുപോകയില്ലല്ലീ?”
“മുറിയുമെന്നതെന്തെടോ നിന്റെ ഗദയൊന്നതുടെ വാലൊരി
ഞെറിയാഞ്ഞതിപ്പോൾ ചോദിച്ചനിശ്ചയമുണ്ടാകവേണം”
“കടുത്ത പർവ്വതം തല്ലിപ്പൊളിച്ചു രണ്ടുമാക്കുന്ന
കടുത്ത മൽഗദാദണ്ഡം തടുത്ത വൈരികളില്ല
കൊഴിഞ്ഞു രോമവുമൊട്ടുപൊഴിഞ്ഞു ഭൂമിയിൽ വീണു
ഇഴഞ്ഞു മേവിന നിന്റെ കിഴിഞ്ഞ വാലിന്റെ അംശം
തെറിച്ചുമെന്നുള്ളകൊണ്ടു മടിക്കുന്ന മഹാദോഷി
ചെവിയും പുത്തരിയായിട്ടല്ലാതെ ചില വസ്തു
ഭുജിച്ചുമ്പോളെന്നുരിച്ചുമിൽ ജപിച്ചും ധൈര്യമോടെ വരെ
മെഴിച്ചും നിന്നെ മെരിം നമ്മിക്കാമേ നിനക്കപ്പോൾ”
ഇത്ഥം പറഞ്ഞതിലുന്നേരം പാണ്ഡവൻ
നാകനായകനാമോരു കപിവരന്റെ പുച്ഛാഗ്രം
ഉത്തുംഗമാകും ഗദകൊണ്ടു പൊക്കുവാ-
നത്യന്തവേഗേന ചെന്നടുത്തീടിനാൻ
ദീർഘം പൊങ്ങാത്ത പുച്ഛം ഗദകൊണ്ടു
പൊക്കുവാനായി പ്രയത്നം തുടങ്ങിനാൻ;
രണ്ടുകരങ്ങളുംകൊണ്ടുപിടിച്ചവൻ
രണ്ടുമൂന്നുവാരം പൊക്കി ഗദ-
കൊണ്ടവൻ തിക്കിഞെരുക്കിപ്പലവിധം
കൊണ്ടുമിളകിയതില്ലിവ്വാലിനാ
നീണ്ടു തടിച്ചുള്ള പുച്ഛാഗ്രഭാഗത്തു
രണ്ടു രോമംപോലുമെങ്ങുമിളകീല
വേണ്ടും പ്രയോഗങ്ങളെല്ലാം പ്രയോഗിച്ചു
വേണ്ടുവോളം നാണവുംകെട്ടു മാറിനാൻ
“ഇക്കണക്കുള്ളൊരു പുച്ഛം ഗദകൊണ്ടു
പൊക്കുവാൻമേലാ നമുക്കെന്നു വന്നല്ലോ.

ദിക്കുകളെല്ലാം ജയിച്ചുള്ള ഭീമന്റെ
വിക്രമമിപ്പോഴും ഫലിയ്ക്കാത്തതെന്തഹോ!
ഞങ്ങളൊന്നായതിന്റെ മായാപ്രയോഗമോ
മുറ്റും ഫലിയ്ക്കാത്തതെന്തുവാൻ മദ്ബലം?
കൗരവന്മാരും കർണ്ണനുമായൊത്തു
ഞൊറവുപോലെയെന്നു കേൾക്കുന്നതാകിലു
ന്നവർ നമ്മെ പരിഹസിച്ചീടുക
കൂടുകാർ പിന്നെ പരിഹസിച്ചീടും ദൃഢം
ദുരാശിന്നിഷ്ടീങ്ങ് വിചാരിച്ചിരിപ്പതി.
നൊട്ടും കൊതിയില്ല വല്ലതെന്നാകിലും
മുഷ്ടികൾകൊണ്ടു ദുര്യോധനൻ കർണ്ണന്റെ
താഴ്ച വരുത്തും പരന്തു പാണ്ഡവർ
പൊരുതും ജയവർ കയ്യാർ മരിയില്ല
കഷ്ടമിവർ മനിള പെട്ടീടുമോ!"
ഇത്തരം ചിന്തിച്ചു കോപിച്ചുറച്ചവൻ
സത്വരം പറഞ്ഞൊന്നു വൃകോദരൻ
"നോക്കെടാ! മർക്കടാ! മായാപ്രയോഗങ്ങൾ
ഉൾക്കാമ്പോടെ ഇന്നു നിന്നുടെ
മുഷ്ടികളെല്ലാം തകിടും മുടിയ്ക്കാതെ,
മുഷ്കരാ! ശൂരത്വം ഇന്നിയ്ക്കാൻ
ഇക്കണ്ട നേരം ഒട്ടും നിന്നാതെ
ധിക്കാരമെല്ലാമോ വാടാ ബലിമുഖ!
വക്കാണമൊന്നും ഇത്രയും പൂതിപ്പെട്ടു
ചൊൽക്കം മരക്കൊമ്പു പറക്കയായ നിൻ
ഗൂഢപ്രയോഗങ്ങൾ നാക്കോടു കൂടവേ
കൂട്ടമായ് നിന്നെ ഒടിച്ചുള്ള വാനര!
കൂടെ പ്രയോഗം ഇതെന്തുവിധം നിന്റെ
കൂടെ പ്രയോഗം ഫലിയ്ക്കാതെയായ വരും
കണ്ടുപഠിച്ചതും കേട്ടുപഠിച്ചതും

കൊണ്ടു ഫലിപ്പിപ്പതിന്നു ചിന്തിച്ചു നീ
തണ്ടുതപ്പിക്കൊണ്ടു പോരുവന്നാലിതു
കണ്ടുകൊള്ളാമിനി വൈദഗ്ധ്യമൊക്കവേ
പണ്ടൊരുനാളും പ്രയോഗങ്ങളിങ്ങനെ
കണ്ടറിവില്ലെന്നു തോന്നിപ്പതിന്നു ഞാൻ
കണ്ടാലറിവാൻ സമർത്ഥനല്ലെങ്കിൽ നീ
കൊണ്ടാലറിയുമതിനില്ല സംശയം
ഖണ്ഡാസനാം നീ ഇളക്കുക കാരണം
വേണ്ടിവന്നു ചില ഭർത്സനങ്ങളും
മന്ത്രസ്വഭാവംകൊണ്ടോ നിനക്കെന്റെ
മാർഗ്ഗം തടുക്കുവാൻ ശക്തിയുണ്ടായതും
മന്ത്രവും തന്ത്രവും മറ്റുള്ള വീര്യവും
മാരുതപുത്രനാമെന്നും ഫലമേവ
കൂടാൻ മടിച്ചെന്നാൽ ഗോപുരം കണ്ടുമോ?
വാനരമാരെന്നു കാട്ടുന്നു നാണക്കേട്!
വാനര! നീയല്ലെന്നാകിലൊരുത്തു
വാല്യത്തിൽപ്പറയും കളവല്ലിത്"

ഇത്തരം ഭീമന്റെ ഭർത്സനം കേട്ടു
വൃദ്ധൻ ചിരിച്ചു പറഞ്ഞു പതുക്കവേ:—

"മർക്കടനെന്നു നീ ധിക്കരിച്ചീടുന്നതെന്തെടോ!
മർക്കടന്മാരിലും ദുഷ്കരന്മാരുണ്ടു
പണ്ടൊരു മർക്കടനല്ലയോ പങ്ക്തി-
കണ്ഠനാമായ നക്തഞ്ചരേന്ദ്രനെ
വാലുകൊണ്ടങ്ങു വരിഞ്ഞുകെട്ടിക്കൊണ്ടു
നാലു സമുദ്രത്തിൽ ചാടിക്കുളിച്ചതും
മറ്റൊരു ദേഹം മഹാ വാലി ശൗരിയെ
സത്വരം ചാടിക്കടന്നങ്ങു ചെന്നവൻ
ശങ്കകൂടാതെ നിശാചരവീരന്റെ
ലങ്കയിൽപ്പുക്ക ഭയങ്കരനാരയ

കിങ്കരന്മാരെപ്പലരെ വധിച്ചതും
പൻകെളികാനനം തല്ലിത്തകർത്തതും
ഹുങ്കാരമോടു രണത്തിന്നടുത്തൊരു
ലങ്കേശപുത്രന്റെ കണ്ഠമറുത്തതും
പങ്കജവാക്ഷിയാം വൈദേഹിതന്നുടെ
സങ്കടമെല്ലാം പറഞ്ഞുകളഞ്ഞതും
ശൂലത്തിനൊത്തരിയ നഖദന്തായുധന്റെ
തൊത്തിട്ടില്ലാമ്മാറു ചാടിക്കടന്നിട്ടു
ചണ്ഡമാഴ്ചയുള്ളോരു പാണിതലംകൊണ്ടു
ഗണ്ഡസ്ഥലങ്ങളിൽ താഡനം ചെയ്തതും;
മാനമുള്ളോരുകടം നാട്ടുകൾ തെരുവിൽ
ഞാനറിയുന്നോർ പലതരപ്പാണ്ഡവ!
"മർക്കടൻ മർക്കടൻ" എന്നറിയാതിങ്ങനെ
ധിക്കരിച്ചീടാതെ ഗമിച്ചുകൊള്ളൂ സഖേ!"
എന്നതു കേട്ടു പറഞ്ഞു വൃകോദരൻ:—
"എന്നുടെ സ്വാമി ഗുണസമ്പന്നനായുള്ളോൻ
ശ്രീരാമദാസൻ പവനാത്മജനാമൊരു
ശ്രീഹനുമാൻ മഹാവീര്യപരാക്രമൻ
അദ്ദേഹമെന്റെയൊരു സഹോദരൻ
ധൂർത്തഹോ! വൃദ്ധപ്ലവംഗ! മതിമതി!
പക്ഷീന്ദ്രനാകും ഗരുഡനെന്നോർത്തിട്ടു
മക്ഷികക്കൂട്ടം മദിച്ചും കണക്കിനെ
ശ്രീരാമദാസന്റെ വംശേ ജനിച്ചുയാൽ
പാരം നിനക്കു മഹാമദമിതെന്നോ"

ഹനുമാൻ തന്റെ യഥാർത്ഥരൂപം പ്രദർശിപ്പിക്കുന്നു:

ഉദ്ധതമതി നരപതിതന്നുടെ വാക്കുകൾകേട്ടു
ബുദ്ധിയേറിയതി കനിവുകലർന്നു കളകമിയന്ന

വർദ്ധിതതരമായുള്ള ഹിമാചലസന്നിധിമുഖംഗോചരമിങ്കൽ
നെററിതാകിന കോടിമതെന്നകണക്കെ
[തടിൽപ്പുതപോലും
ഇന്ദ്രന്റെ നയനങ്ങളുമൊന്നായ് ചെമ്പുകിടാങ്ങംപോലെ
കീഴ്പ്പെട്ടുതി ശശികലപോലെ വിളങ്ങിന
[ഭഗണങ്ങളും
ചാരുവായ് പന്നഗസങ്കുളമിടകലർന്ന വെൺകരുവാവും
പാതിപ്പൊൻതോടുപടപോതമിടിന പൃഥുതരകര
[തണ്ഡുഗം
ബൃംഹിതഘനാഘനനികായഭൂഷിതസ്ഥലങ്ങളും
ഗിരിവരസമാകിന ഗർജ്ജിതമുതമുതമാം 875
ഉത്തരകടിവരമേഖലകളുടയിലായ്തി ഗംഭീരം
ലതാപുഷ്പഗോപുരത്തിലുതകങ്ങിൽ ജലവിന്ദുഗളം
കിങ്കിണികളതിടിപൊടിയാകിന്നു പാടലമടി
[മലർ വാടിയും
ശങ്കര! ശിവ! ഇങ്ങനെയെങ്ങമാകിന വിപുലശരീരം
ശശധരനിടയപ്പെട്ടങ്ങിനെ വിരവൊടു കാട്ടി
[ഹനൂമാൻ
ഉൾക്കടചപ്പട്ടിഹേളിതാപുരുഷരുകിലുകിലാരവവും
മർക്കടകുലമകുടമഹാമതി തന്നുടെ തടിയുടെ പടിവും
കർക്കശതരകര ചരണാദികളും കിങ്കരതരവടിവോടും
ദുഷ്ടമതു ഭൃഗസംഗത്തിലുമുത്തമമൊട്ടുവികചിതം!
കണ്ടവനതുലമൊക്കെയാടിനടന്നുകവിതും
[വിളങ്ങിനമ്പം
കേസരിമിവൻ ലംഘനാസമയ സമുദ്ര
[മെന്നുപോലെ
ഭുവനത്തിലൊരു വിന്ധ്യമഹാചലശിഖരമടന്
[കണക്കെ
കണ്ടിരികളിലന്നൊരുക്കു വിതരുകൊണ്ടവിൻ

എന്തൊരു മറിമായമിതിങ്ങനെ സംഗതി
[വന്നതിദാനീം
എന്തിനിതിങ്ങനെ ചെയ്യുന്നതുമിപ്പോളെന്നൊരു
വിസ്മയമേവം
ചിന്തയിലുടനിങ്ങനെ തിങ്ങിനതിവ്യഥകരമോടെ
കന്ദികമാതൻ വിരവൊടു പറവതുമായിതന്നു
[മെന്നാം
ലക്ഷണമതുകേട്ടുടനിപ്പുത്തെളിവൊടു കണ്ടിതുദാനം
തൽക്ഷണമുളവായിതു ചതുരൻ മൽഗുരു
[ഹനുമാൻതന്നെ
ലക്ഷ്മണപൂർവ്വജനോടെ ചെന്നതിമോദമോടായതിവീരൻ
രാക്ഷസകുലമര്യാദ തന്നെയറിഞ്ഞു ചിതൻ,
ജയ! ജയ! ജയ! ജനകസുതാപതിഗുണഹാ
[ഗുണരാമ
ജയ! ജയ! ജയ! ജാനകിമാനസ സരസിജ
[സവിതൃതഹാതൻ,
ജയ! ജയ! ജലരാശിവിലംഘന! ജയ! ജയ!
[ജഗതിപാലന,
ജയ! ജയ! ഹനുമന്നിന്റെ തിരതിയൊടെ
[വിനവങ്ങളി പറഞ്ഞു 900
ഭുവനതലപതി! വരമഹിതകയതി! വാരിധിഗംഭീര!
പരഗുണഗണസാര! നിശിചരകുലകാല!
വിസ്തൃതമനോവിലോല! നിജപദകമല!
ഭാവിതഭവവന! ജനനികരകൃതസേവ!
പാടലസുമവദന! പരിപൂരിതപുരഹര!
നിന്തിരുവടിയുടെ പദയുഗള—
മുന്നതിരതികരണം ഭവഭയഹരണം
ചിന്തയിലിതിനി വിളയാടുക
ചിത്തമോടതുവചനം ശരണം"

ഇത്ഥം വനാന്തി സ്തുതിക്കുന്ന ഭീമന്റെ
ഹസ്തങ്ങളെ രണ്ടും പിടിച്ചു കപീശ്വരൻ
നാകത്തപരാസ്ത്രങ്ങളേറ്റു വട്ടകെട്ടി
വിസ്താരമായുള്ള തന്നുടെ മാറത്തു
ചേർത്തുപുണർന്നുകൊണ്ടാപാദമസ്തകം
പേർത്തുപേർത്തങ്ങു തലോടി കരംകൊണ്ടു
ഭൂരിഭാവമൊടങ്ങനുഗ്രഹിച്ചീടിനാൻ
മാർത്താണ്ഡശിഷ്യനാം മർക്കടവീരൻ.

രാമായണകഥാഖ്യാനം

"ഭീമസേന! മഹാവീര! ധരിച്ചുനീ
രാമഭദ്രസ്വാമിതന്നെയും സേവിച്ചു
താമസം കൂടാതെചോദ്യമാലുടനിന്റെ
കാമസംപ്രാപ്തിക്കു ബാധയില്ലേതുമേ
രാമായണം കഥ കേട്ടുകൊൾക ഭവാൻ
ആമോദമോടെ ചുരുക്കിപ്പറഞ്ഞിടാം
സാമോദമോടതു കേട്ടുകൊണ്ടീടുക
ക്ഷേമമായെന്നും മനോവ്യാധിയാതുരം

മാർത്താണ്ഡവംശേ ദശരഥൻതന്നുടെ
പുത്രനായ്‌വന്നുപിറന്നു നാരായണൻ
ഉത്തരകോസലത്തിങ്കലയോദ്ധ്യയെ–
ന്നത്ഭുതശ്രീരാജധാനിയിൽ മേവിനാൻ.
കൌസല്യതന്നുടെ പുത്രൻ രഘൂത്തമൻ
കൈകേയിതന്നുടെ പുത്രൻ ഭരതനും
അത്രപിന്നെ സുമിത്രാത്മജൻ ലക്ഷ്മണൻ
ശത്രുഘ്നനും നാലുമിങ്ങനെ ജാതരായ്
അത്യന്തര വിരവോടുവിശ്വാമിത്ര–
സത്രംമുടക്കുന്ന ദുഷ്ടരെക്കൊല്ലുവാൻ
വില്ലും ശരവുമെടുത്തു പുറപ്പെട്ടു

തെല്ലുംമടിയാതെ താനമരാജനും
താടകപുത്രരായാഗത്തുവന്നോരു
താടകയെക്കൊലചെയ്തു രഘൂത്തമൻ
സിദ്ധാശ്രമംപുക്ക നിസ്തുലനായൊരു
ബലാതിബലം മന്ത്രം ഗ്രഹിച്ചിട്ടവൻ
വന്നസുബാഹുപ്രമുഖ്യന്മാരെ–
ക്കൊന്നുടൻ യാഗവും രക്ഷിച്ചുരാഘവൻ
ചെന്നഹല്യയ്ക്കു മോക്ഷം കൊടുത്തുടൻ
പിന്നെജനകന്റെ നാടിനെപ്രാപിച്ചു.
ത്രൈയംബകമെന്നുള്ളവില്ലുത്തമത്തെ
കൈയിലെടുത്തു കുലച്ചു മുറിച്ചുടൻ
സീതാവിവാഹവും ചെയ്തു മുദാതന്റെ
സോദരന്മാരും വിവാഹം കഴിച്ചിതു.
മാർഗ്ഗത്തെവന്നു കരുത്തുതടുത്തൊരു
ഭാർഗ്ഗവരാമന്റെ ദർപ്പം ശമിപ്പിച്ചുടൻ
സാകേതമന്ദിരം പുക്കവൻ സീതയാ
സാകംവസിച്ചു സുഖിച്ചു രഘൂത്തമൻ.
വൃദ്ധനായുള്ള ദശരഥപുത്രനെ
യൗവരാജ്യാഭിഷേകവും ഭാവിച്ചു
ദൈവബലേന മുടക്കിനാൾ കൈകേയി
കൈതവത്തിനാൽ പുറപ്പെട്ടു കാനനം
പ്രാപിച്ചു സൗമിത്രി സീതാസമേതനായ്
ഭൂപാലനന്ദനൻ ഭൂപൻ മരിച്ചവൻ.

ധരിച്ചു വല്ക്കലം പിന്നെപ്പിരിച്ചു ചെഞ്ചടാഭാരം
തിരിച്ചു സൂതനും ഗംഗ തരിച്ചു ചിത്രകൂടത്തിൽ
വസിച്ചുകാനനകൈകേയിപ്രസാദിച്ചു ഭൂവനമപ്പോൾ
ഗ്രഹിച്ചു മെതിയടികളെത്തൊഴിച്ചു ഭരതനന്നിശം
വഹിച്ചു തല്ലമംകൊണ്ടേ പതിച്ചോരു തരുണനാ
തിരിച്ചു പാർക്കുംനേരപ്പോഴിരുപ്പിട്ടിരിക്കെപ്പിന്നെ

ദണ്ഡകാരണ്യേ വസിച്ചു രാഘവൻ തത്ര
എതിർത്തോരു വിരാധനെ വധിച്ചു മാമുനികളെ
സ്തുതിച്ചു, തത്ര പുനരടിനടന്നു ഘോരകാന്താരേ
കുംഭസംഭവനാഗസ്ത്യന്റെ ഗൃഹത്തിലങ്ങകംപുക്കു,
ഉടനെ വന്ദനം ചെയ്തു, പഞ്ചവടിയിൽ ഗോദാ-
വരീതീരെ വസിക്കുമ്പോൾ വരിപ്പാനാഗ്രഹത്തോടെ
വന്ന ശൂർപ്പണഖയുടെ മുലയും മൂക്കുമൊക്കെ
കരവാൾകൊണ്ടു സൌമിത്രി മാനംകെടുത്തയച്ചിതു.
കരനോടു ശൂർപ്പണഖയപ്പോൾ ചെന്നങ്ങറിയിച്ചു;
ഖരനും ദൂഷണൻതാനും ചെമ്മുള്ള ത്രിശിരാവും
പരന്ന വൻപടയുമായ് വന്നണഞ്ഞനേരം രാമൻ
കടുത്ത സായകം പാരം തൊടുത്തു രാഘവൻവേഗാൽ
അടുത്ത രാക്ഷസന്മാരെ ചെന്നു കൊലചെയ്താക്കി
അതുകേട്ടു ദശഗ്രീവനതിരോഷം കലർന്നിട്ടു
ചതിപ്പാനായ് പുറപ്പെട്ടു മാരീചനുമൊരുമിച്ചു.
അമ്പരന്നാകുന്ന മാരീചനെച്ചെന്നു
പൊൻമാൻവടിവാക്കി വിട്ടു ദശാനനൻ,
സന്തോഷമുണ്ടാക്കി രാമന്റെ പത്നിക്കു
തന്നോടുകൊണ്ടുപോകിലാവല്ലോ
മട്ടോലുംമൊഴിയായ സീതയ്ക്കതിൽ ക്ഷണം
കൗതുകമുള്ളിലുദിച്ചിതന്ന
ഉഴന്നുപോന്ന മൃഗത്തെ രാഘവൻ
വെട്ടി വധിച്ചു കളഞ്ഞു ദശാനനൻ
പട്ടണലങ്കാപുരത്തെ പ്രാപിച്ചു
കഷ്ടമാദ്ദേവിയെ തത്ര വെച്ചീടിനാൻ
മാരീചനാകുന്ന മാനിനെക്കൊന്നോരു രാഘവൻ
തൽപ്രാണനായികയെക്കാണാഞ്ഞു ഖിന്നനായ്
തമ്പിയോടൊന്നിച്ചു തേടി വനംതോറും
വലഞ്ഞു കാനനേ വന്നു മരിച്ചോരു

ബന്ധനാം ഗന്ധർവനെ സംസ്കരിച്ചീടിനാൻ
കമ്പംവെടിഞ്ഞു കബന്ധനോദിതംകൊണ്ടു
സമ്പന്നമോദം ശബരിയ്ക്കു മോക്ഷം
സംഭാവനംചെയ്തു താന്തമനാതും
പമ്പകടന്നു നടന്നുവഴിപോലെ
വ്യഗ്രത കൂടാതെ ഞാൻകൈവണങ്ങിച്ചു–
ന്നുഗ്രഹംവാങ്ങി മഹാഗിരിതന്നിൽ
അഗ്രജനോടു വിരോധപ്പെട്ടിരിക്കുന്ന
സുഗ്രീവനോടൊത്തു സഖ്യവുംചെയ്യിച്ചു
ഉഗ്രങ്ങളായുള്ള സാലങ്ങളുംഛേദി–
ച്ചുഗ്രനാം ബാലിയെ ബാണേനരാഘവൻ
നിഗ്രഹിച്ചമ്പോടു രാജ്യപ്പട്ടവും
സുഗ്രീവനാക്കിക്കൊടുത്തുവാഴിച്ചിതു
ദിക്കുകൾ നാലിലും ജാനകീദേവിയെ
ചികഞ്ഞുതേടുവാനായിപ്പുറപ്പെട്ട
മർക്കടന്മാരുടെ കൂട്ടങ്ങളായതിൽ
തെക്കോട്ടു തേടുവാൻ ഞാനും പുറപ്പെട്ടു
അക്കടൽചാടിക്കടന്നു തെളിഞ്ഞി–
രക്കന്റെ ലങ്കാപുരത്തെയും പ്രാപിച്ചു
മൈക്കണ്ണിമാർക്കണിയായൊരു നിന്നെയും കണ്ടു ഞാൻ
തൃക്കാൽതൊഴുതിട്ടു രാമാംഗുലീയകം
ചൊൽക്കൊണ്ട രാഘവന്റെ കൃപകൊണ്ടി–
തൊക്കെയും സാധിച്ചു ഞാനും പൂങ്കാവിനെ
മെതിച്ചു പൂവാടിക, ഒടിച്ചു കല്പകവൃക്ഷം,
മുടിച്ചു മന്ദിരമെല്ലാം പൊടിച്ചു, രാക്ഷസന്മാർക്കി–
ട്ടിടിച്ചു, മേഘനാദൻതാൻ പിടിച്ചുതൻ കരം കെട്ടി–
ച്ചിരിച്ചു രാവണൻമുമ്പിൽ ഗമിച്ചു രാക്ഷസൻകണ്ടു
ചിരിച്ചു, നമ്മുടെ വാലും കരിച്ചു, മൊഴികളും വ–
ന്നെത്തുന്നു, ഞാനതപ്പോഴും വാലെടുത്തു മാളികകളിൽ തീ–

കൊട്ടത്തു, ലങ്കയും ചുട്ടുകരിച്ചു ഭസ്മമാക്കിക്കൊ—
ന്നെത്തുവാനവർക്കുള്ളം കുളുർത്തു ഭൂഷണരത്നം
കൊട്ടത്തു, ലങ്കയും ചുട്ടുകരിച്ചു ഭസ്മമാക്കിക്കൊ—
ണ്ടെത്തി വൈരിവൃത്താന്തമറിയിച്ചതാൻ പിന്നെ
സന്നദ്ധരാക്കിച്ചു പോരിനായിപ്പുറപ്പെട്ടു
പാരാതെ കപിശ്രേഷ്ഠന്മാരോടുമൊന്നിച്ചു
വീരപുംഗവൻ രാമൻ വാരിധിതീരമെത്തി
ള്ളിടസമയം താനും പാരാതെ പംക്തിമുഖാനുജനുറപ്പിച്ചു
അനന്തരം വിഭീഷണൻ ചെന്നു രാമനെക്കണ്ടു
വന്ദിച്ചു കപികളുമൊന്നിച്ചു വസിച്ചിട്ടു
പിന്നെ മടിയാതെ സേതുബന്ധനം ചെയ്തു
യാളുകളെക്കൊണ്ടു കെട്ടുവാനിപ്പിന്നെ
സാധ്യമാക്കേ കടൽ കടന്നീടുവാനും താമ—
സേതുവെന്നതിന്നിപ്പോളുമില്ല സംശയമില്ല.
ലംഘിച്ചു സമുദ്രത്തെ ലങ്കയിലകംപുക്കു
ശങ്കിച്ചുവരുന്നോരു ലങ്കാവാസികളെല്ലാം
ഞെട്ടിത്തെറിച്ചോടി രാക്ഷസന്മാരും
ഒട്ടും താമസിയാതെ വില്ലും കുന്തവും വാളും
കല്ലും വൃക്ഷവും കുന്തം പല്ലുകൾ നഖംകൊണ്ട്
തല്ലും തമ്മിലടിയോ തല്ലും തള്ളലുംവെട്ടും
കൊല്ലുന്നതുമാരാനാകെ കൊല്ലും ശത്രുക്കളെ
കണ്ണുകൊണ്ടെങ്ങും കൂടും ചങ്ങുനോക്കുവാനുള്ള
യുദ്ധത്തിലെത്തും കൂട്ടി ദൃഷ്ടാന്തത്തിൽ ചിലർ
ഉത്തമനിൽ ചിലരും പോരാട്ടം തുടർന്നതും
ധൂമ്രാക്ഷൻ മകരാക്ഷൻ യൂപാക്ഷൻ പ്രഹസ്തൻ
താമ്രാക്ഷൻ വിരൂപാക്ഷൻ ശോണിതാക്ഷനും പിന്നെ
കുംഭൻ നികുംഭനകമ്പനനെന്നുള്ള
വമ്പരാം നേതാക്കളിവരെ വധിച്ചതും
കുംഭകർണൻ മേഘനാദനെന്നുള്ള
കുംഭീന്ദ്രവിക്രമന്മാരായ വൈരികളെ

സംപ്രഹാരമതേ തകർത്തു ശിവചാപം
സംഭ്രമത്തോടെ പുറപ്പെട്ടു രാവണൻ
രാവണൻ കണ്ഠങ്ങളും പത്തും കണകൊണ്ടു
രാഘവൻ ഖണ്ഡിച്ചു ഖണ്ഡിച്ചു പലതായും
കണ്ഠങ്ങളന്നിയെ വന്നതുകണ്ടു ശേഷം
കണ്ടക്കാ ബ്രഹ്മാസ്ത്രമാകുന്ന സായകം
കൊണ്ടു വധിച്ചു പതിപ്പിച്ചു ഭൂമിയിൽ
കണ്ടു സ്തുതിച്ചു വന്നമരി സുരന്മാരും
അന്നേരം കാന്താരം സുരസ്ത്രീകളും വന്നു
വേണ്ടുംവിധം പ്രശസ്തം പ്രശംസിച്ചിതു
ഇങ്ങനെ സാധിച്ചു സാധ്യങ്ങളൊക്കെയും
തിങ്ങിനമോദേന രാമചന്ദ്രസ്വാമി
ലങ്കാധിരാജൻ വിഭീഷണൻതാനെന്ന
പങ്കജനേത്രനാം കല്പിച്ചു, സീതയെ
വഹ്നിപ്രവേശനശുദ്ധ സാക്ഷികൊണ്ടു
ധന്യമാം പുഷ്പകമേറിപ്പുറപ്പെട്ടു
തന്നുടെ സാകേതമന്ദിരം പ്രാപിച്ചു
പട്ടാഭിഷേകവും സാധിച്ചുമന്നിടം
ഇഷ്ടിയിൽ രക്ഷിച്ചു വാഴുന്നകാലത്തു”
ലോകാപവാദേന സീതയെക്കാനനേ
ശോകാകുലസ്വാന്തലോകാധിനായകൻ
വാസമെല്ലാം ചെയ്യിപ്പിച്ചു കീർത്ത്യപാരം 1076
വിശ്വാധിപൻ മമ സ്വാമി രഘൂത്തമൻ
അശ്വമേധാദികൾ ചെയ്തു ശോഭനമെ,
വൈദേഹിപെറ്റുള്ള രണ്ടു ശിശുക്കളെ
സാദരമന്നു തദ്ബാലന്മാരോടൊന്നിച്ചു
വാല്മീകി മാമുനിശ്രേഷ്ഠനും വന്നുടൻ
രാമായണകഥ കേൾപ്പിച്ചുമമ്പൊടി
ഗീതിനാൽ രാമനെ വന്ദിച്ചനന്തരം

വന്മാർക്കശൽമണി വൈദേഹി വഹ്നിയിൽ
ഒന്നമെത്തും പ്രവേശിപ്പാൻ നിയോഗിച്ചു
കൊണ്ടാടിയിലവം ഭൂമി പിളർന്നാശു
തന്മാതാവിൻ മാതുതാൻ പാലാഴിപുക്കിതു.
അന്തകൻതാനുമന്നേരമയോധ്യയിൽ
അന്തണവേഷം ധരിച്ചുവന്നാദരാൽ
മന്ത്രിച്ചുപായമന്നേരത്തു സൌമിത്രി
യന്ത്രിച്ചുനേരെ വൈകുണ്ഠം പ്രവേശിച്ചു.
വെണ്മ ഭരതനും ശത്രുഘ്നനും ശംഖ-
ചക്രങ്ങളായിച്ചമഞ്ഞതാനന്തരം
നമ്മോടു യാത്രയുംചൊല്ലി രഘുനാഥൻ
നിർമ്മലവിഷ്ണുസ്വരൂപം ധരിച്ചുടൻ
പാലാഴിപുക്ക ഫണീന്ദ്രതല്പമതിൽ
മെത്തമേലച്യുതനായ് വസിപ്പൂ തദാ ഞാനും
ഞാനും വിഭീഷണൻ ജാംബവാൻ താനുമി-
മ്മൂന്നുപേരിങ്ങനെ ശേഷിച്ചു ഭൂമിയിൽ,
മറ്റുള്ള വാനരന്മാരമരാലയത്തിൽ
പെറ്റവരൂന്നോരു നാനാജനങ്ങളും
തെരുതെരെ ദേഹം വെടിഞ്ഞു സുരാലയം
പരിഗ്രഹിച്ചു വസിക്കുന്നു സാദരം.
ഇക്കഥ കേട്ടറിഞ്ഞോ ചൊല്ലും ജനങ്ങളെ
ക്കലികാലമുണ്ടാകപോലൊരു-
ല്ലൊരുനാളിലും ജനനമരണം വരാതെ,
നിശ്ചയിച്ചുള്ള മാതൃഗർഭത്തിൽ പിന്നെ
പുക്കു പിറന്നു വളർന്നു മരിച്ചുമി-
ങ്ങുള്ള ദുഃഖവും വേർപെട്ടു സംസാര-
മാർഗ്ഗങ്ങളും വിട്ടൊഴിഞ്ഞാനന്ദമേ..
സായൂജ്യം ഗമിക്കും, രഘുപ്രവീരന്റെ
സത്കഥാ സംഭാഷണമുള്ളവർക്കെന്നെ

കേടംകൂടാതവർ ധരിച്ചു വൃകോദര
പോരെന്നുണ്ടോ നീയിനി മടങ്ങിപ്പോൻ
മൈക്കണ്ണിയാളുടെ മോഹം വരുത്തുക
പൊൽക്കൊണ്ട കല്യാണസൗഗന്ധികങ്ങളെ
കൈക്കലാക്കിക്കൊണ്ടുപോകെടോ പാണ്ഡവ!
അക്കാര്യമെങ്ങും വൈശ്രവണന്റെ
പുഷ്പവനിയിലിന്നിറങ്ങുന്നതിനൊക്കെ
അകത്തിലേക്കിറങ്ങുന്നതൊന്നു
വക്കാണമെത്ര പരൻ വന്നുകാണും ചില
ക്രൂരതരമായുള്ള കാവൽക്കാരൊക്കെ—
കിങ്കരൻ ക്രോധവശൻ മഹാമണികൻ
വെക്കെട്ടുതുടങ്ങിനാൽ ഒരുത്തൻ
കൂർത്തുള്ള ശരംകൊണ്ടു തൊടുത്തു
ശിരസ്സുകൾകൊയ്യപ്പെടുക വൃകോദര! 1125
ബുദ്ധിയുള്ളവനായാൽ കരുതിക്കൊള്ളണം—
ഒരു കാര്യം ചോദിച്ചു കേൾക്കുന്നതുപോലെ
വിക്രമമുള്ള നീ കാര്യം ലഭിക്കുകട്ടെ”
ഇത്ഥം പറഞ്ഞു മറഞ്ഞു ഹനുമാനും—
മെത്രയും മോദിച്ചു ഭീമകുമാരനും,
അത്രനിന്നുടൻ പുറപ്പെട്ടു ഭീമനപ്പോൾ
വിത്തേശധാമനിലയം നോക്കിനടന്നിതവൻ.

സൗഗന്ധികപ്പൊയ്ക

കല്ലോലജാലം കളിക്കുന്നതും കണ്ടു,
കമലങ്ങൾ നിറവുടയ കമലങ്ങളും കണ്ടു,
കല്യാണിമാരും കളിക്കുന്ന കണ്ടു,
പൊലിമയോട ചാടുന്ന മീനുകളും കണ്ടു,
അന്നങ്ങളങ്ങു പറക്കുന്ന കണ്ടു,
അരയന്നങ്ങൾ നടക്കുന്ന നടകളും കണ്ടു,
ചക്രവാകങ്ങളുടെ വിക്രമം കണ്ടു

ചപലമലർ മിഴികളുടെ കളിവിരുതുകണ്ടു,
മസൃണജലോലിനക്കണ്ണുകണ്ടു,
മണിമയവലയണികനകമണികളും കണ്ടു,
മത്തേഭഗൌരൃത്പ്രയാണങ്ങളും കണ്ടു,
മലർമധുര തരുനിരകളുമസമശരി കണ്ടു
സംഭോഗശൃംഗാരഭാവങ്ങളും കണ്ടു,
സരസതര സരസിജാവലികളെയും കണ്ടു,
ചക്രവാകങ്ങടെ ചാപലം കണ്ടു,
ചപലതരനദികളുടെ സരസരവി കണ്ടു,
ഋക്ഷങ്ങളും കേറിക്കിടക്കുന്ന കണ്ടു,
നടുവിലതി ചടുലമതി വടിവൊടുമ കണ്ടു,
വൃക്ഷങ്ങളിലായുള്ള കീരങ്ങളും കണ്ടു,
വലിയ ജലതിര നികരം വിരവിനൊടു കണ്ടു,
ഗന്ധദ്വിപം വന്നിറങ്ങുന്ന കണ്ടു,
ഗളഗളിത വരമണിക ളപൊലിമ കണ്ടു,
ഗന്ധർവ്വികൾ വന്നു വീഴുന്ന കണ്ടു,
ഗഗനചരകുലമതിലെ കുചഭരമതി കണ്ടു,
കല്പകവൃക്ഷം നിറഞ്ഞതു കണ്ടു,
പുളിനഭുവി നളിനികളെ തെളിവൊടുമ കണ്ടു,
വെള്ളരയന്നം വന്നിറങ്ങുന്ന കണ്ടു,
അവനിതലവിപിനമതിൽ മിഥുനാവലി കണ്ടു,
മാതരിശ്വാൻ മതിയുന്ന കണ്ടു,
മന്നവരുടെ കൊടിയുടയ മകരമതു കണ്ടു,
ശുക്ലിമവന്റെ ഇംഗിതങ്ങളും കണ്ടു
അരികിലുടനവനിയെ നടനമതു കണ്ടു,
ഇങ്ങനെ സൌഗന്ധികപ്പ്രാപ്തിക കണ്ടു,
ഇതുപോലുമധു ജനിച്ചൊരു വാസനകണ്ടു,
ഇംഗിതം ചൊരിയുന്ന പുഷ്പങ്ങളും കണ്ടു,
ഇള സകലമിതസുലഭമിതിമനസി കണ്ടു.

സൗഗന്ധിക പുഷ്പഹരണം:

ചാടിമെല്ലവെ പുഷ്പവാടിയിൽ ഭീമസേനൻ
മോടിയിൽ ചെടിതന്നിൽ ചൂടി നല്ലൊരുപുഷ്പം
പേടിപൂണ്ട രാക്ഷസരോടി ദൂരവെ മാറി,
ആടിമിന്നലും ചെന്നികൂടി രോമവും കണ്ട്,
പാടി വാരിജംതന്നിലാടിടുന്നരയന്നം
വാടിടാത്ത പുഷ്പങ്ങളും തേടിടും ചക്രവാകം
കോടിസാരസങ്ങളിൽകൂടിയെത്രയുമുള്ളിൽ 1175
പേടി കാരണം തത്ര സാരസങ്ങളിൽനിന്നു
സാരസങ്ങളുമെല്ലാം ദൂരത്തു പാഞ്ഞങ്ങു
തീരത്തു വസിക്കുന്നു;
സാരസ്യമേറുന്ന വീരൻ ഭീമസേനൻ താൻ
ചാരത്തുചെറിയലും കൽഹാരത്തെ കരംകൊണ്ട്
കണ്ടിച്ചു, മുതലയെ മണ്ടിച്ചു വരുന്നേരം
കണ്ടപ്പോളരക്കരും ഞെട്ടിച്ചു പുറപ്പെട്ടു
ശണ്ഠയ്ക്കായൊരുമ്പെട്ടു കണ്ടാനാർ പലർകൂടി-
ച്ചെന്നക്കാർ കുമിമാനം കൈക്കൊണ്ടാപതിക്കുന്നു.

കാവൽക്കാരുമായുണ്ടായ ഏറ്റുമുട്ടം

സൗഗന്ധിക സമർപ്പണവും:

"കല്ഹാരപുഷ്പങ്ങളും കട്ടുപറിക്കുന്ന
കള്ളാ നീയാകുടികൊള്ളുമെന്നിങ്ങനെ
കൊള്ളാമഹോ ചാപല്യമെന്തെടോ കശ്മല!
വെള്ളത്തിൽനിന്നങ്ങു കേറിനിന്നീടുക.
കല്യാണസൗഗന്ധികം വന്നു മോഷ്ടിച്ചു
മെല്ലെത്തിരിച്ചങ്ങു കൊണ്ടുപോവാൻ നിന-
ക്കില്ലഹോ! സാമർത്ഥ്യമല്ലോ മഹാജളാ!
നില്ലഹോ! നിന്റെ വിനാശം വരുംദൃഢം
ഞങ്ങളെ തമ്പുരാനായ ധനേശ്വരൻ
ഞങ്ങളെ കാവൽക്ക കല്പിച്ചിരിക്കുന്ന
എങ്ങാനുമിവക പുഷ്പം ലഭിക്കുമോ?

ചന്ദനാദി മോഹിച്ചതെല്ലാം വൃഥാഫലം.
കല്പവൃക്ഷങ്ങടെ പുഷ്പങ്ങളെക്കാളു–
മുത്തമമാകുന്ന കല്ഹാരപുഷ്പങ്ങളും
കൈക്കലാക്കിക്കൊണ്ടുവന്നണയാക്കി തമ്പുരാൻ
പൂന്തോപ്പൊഴികെതല്ലാതില്ല ചിന്തിതം
മന്ദിരത്തിലും നിധിവെച്ചിരിക്കുന്നു
തമ്പുരാനിപ്പോളതിലും വിശേഷിച്ച്
പൊൻപൂവിലൊരാശയുണ്ടെന്നു ധരിച്ചു നീ
വമ്പു തുടർന്നാൽ കണക്കല്ല പൂതമേ!
തമ്പുരാനിപ്പോളുഴപ്പൊൻകൊടുക്കുന്ന
പൊന്നുപിറന്നോർ പത്തുനൂറിൽ കുറയില്ല.
പൊൻപൂവു ചൂടുന്നവൾക്കു കൊടുക്കുന്ന–
കമ്പളമൊപ്പവും നിത്യം ചൊല്ലുന്നു.
അമ്മമാർക്കൊക്കെയും വെളുത്ത വെളുത്ത
പൊന്നു പകുത്തു കൊടുക്കുന്ന ഞങ്ങൾക്ക്
തിന്മാൻ പുകയില വെറ്റില പാക്കെന്ന–
തമ്മാർ തന്നെ പുലർത്തുന്നതെന്നറി
കിരീടംവരെത്തിപ്പാർത്തിരിക്കുവാൻ.
മറ്റുള്ള മന്ത്രിമാർ നോക്കുന്നതുകൊണ്ടു
ചോറും ഫലിച്ചതില്ലമ്മമാർ ഞങ്ങൾക്ക
കൊറ്റിനും തെറ്റുന്നതെല്ലാം തരമല്ലോ.
മോഷണം തെല്ലുണ്ടിവർക്കന്ന ഞങ്ങടെ
ഭൂഷണക്കാർക്കുന്ന മുപ്പിലെ കേടുപ്പിച്ചാൽ
പുഷ്പണിക്കാരും പാലങ്ങളെവരെ
ഭീഷണികൊണ്ടു ഭയമില്ല ഞങ്ങൾക്ക
പൊൻപിറന്നോർക്കുന്നത്തിപ്പൊരാനകി–
തമ്പുരാൻ കേൾക്കാതിരിക്കില്ല നിശ്ചയം
പൊൻപൂവു കാക്കുന്ന ഞങ്ങളെ വെച്ചേച്ചു
പൊൻപിറന്നോർക്കു സംസാരമില്ലമ്മേ!

കാരിയക്കാരന്റെ മനോവികാരപ്പുറ–
ണാരിയപ്പെട്ടവരൊന്നാർ പലതരും
കോയിമ്മമാരെക്കരളക്കാരനും
നായന്മാരായുള്ള കമ്പടിക്കാരനും
ലന്തക്കരൽക്കാർ പതിനെട്ടുപള്ളിയു–
മെന്തിനിപ്പൊളുള്ള കാപ്പിരി തന്നി–
ലന്തണന്മാരും പ്രഭുക്കളും ഭൃത്യരും
ചന്തമേറീടും പണിക്കരപ്പന്മാരും
എന്തിനിന്നേകം പറഞ്ഞിട്ടു കാര്യം
ചിന്തിച്ചുകണ്ടാലതിനൊന്ന് തരികി–
ന്നാരിയും തന്നിലും ഉണ്ണുമില്ലെന്ന
സന്തതം ചൊല്ലുന്ന സജ്ജനങ്ങളും
ഇവെണ്ണമുള്ള കുബേരന്റെ നാട്ടിൽ
നീ വന്നുകേറി കവിയാൻ തുടങ്ങിയാൽ
ഇതവന്ന ഞങ്ങളിക്കെന്തുള്ളന്നീ
മാവിച്ചതൊന്നും നടക്കയില്ലെന്നതേ.
ഇങ്ങനെയെന്തൊക്കെ മാറ്റാനനേകന–
ന്റെക്കാറ്റിലായതുപോലെ തെല്ലും ഭയമില്ല
ചൊൽക്കൊണ്ടരാക്ഷസൻ ക്രോധവശനെന്ന
ഭീഷ്മകളുടെക്കണ്ടാവിച്ചോരു പൂരുഷൻ
ക്രോധവശനെന്ന പേരുകേട്ടാൽതന്നെ
ബോധം വരും നിനക്കയാളെ വിഭ്രമം
വമ്പന്മാരെങ്ങൾ കഴുത്തുവരെന്നതിൻ
മുമ്പ തെരിക്കനൊപ്പൊഴുതുകെ നീ പോ!
പൊൻപൂ പറിക്കുന്ന നിന്നെപ്പിടിച്ചുകെട്ടി–
ച്ചെമ്പുകിടാരത്തിലിട്ടു വറുക്കാതെ
തമ്പുരാൻ തൃക്കാലിണയാണെ ചൊല്ലില്ല
വമ്പുകാട്ടാതെ നടക്കനീ മൂർഖ!
ശംഖസഖന്റെ സരസ്സിലെ പുഷ്പം ത–

തിന്നുപോലും കൊണ്ടുപോവാൻ കഴിവതോ."
ഇത്തരം ഘോഷിച്ചു ചെന്നടുത്തീടുന്ന
നക്തഞ്ചരന്മാരെയൊക്കെ ഗദകൊണ്ടു
താഡിച്ചു താഡിച്ചു മദിച്ചു മദിച്ചു
താമസിയാതെ കയർത്തു വൃകോദരൻ.
തല്ലുകൊണ്ടീടിന കിങ്കരന്മാരുടെ
കണ്ണുപോയീ ചിലർ കാലുംപോയീ ചിലർ,
എല്ലൊടിഞ്ഞു ചിലർ പല്ലുപോയെന്നല്ല
വല്ലാതെ ദേഹം വലഞ്ഞുപോയീ ചിലർ
കൈക്കൊണ്ടുചെന്നങ്ങു ക്രോധവശൻതന്റെ
കാല്ക്കൽ പതിച്ചു പറഞ്ഞുതുടങ്ങിനാർ:—
"വക്കാണമെന്ന പൊണ്ണത്തടിയനാം
ധിക്കാരി മാനുഷൻ പോന്നുവന്നിങ്ങിതാ
ചൊല്ലുള്ള കല്യാണസൗഗന്ധികങ്ങളു-
മൊക്കെപ്പറിച്ചു കരസ്ഥമാക്കിക്കൊണ്ടു
നില്ക്കുന്നനേരത്തു ഞങ്ങൾ നിരോധിച്ചു
ദുഷ്ടക്കള്ളവനിതു തെല്ലും ഭയമില്ല.
എന്നല്ല ഞങ്ങളെത്തല്ലിയോടിച്ചവൻ
പിന്നെയും പുഷ്പം പറിക്കുന്നു കള്ളവൻ.
ദണ്ഡുമെടുത്തങ്ങുയർത്തിപ്പിടിച്ചവൻ
കണ്ണുംചുവത്തിക്കയർത്തു വരുന്നേരം
കാലനെപ്പോലെ കരുത്തുള്ളവൻ തന്നെ 1276
കാലാന്തരംകൊണ്ടുതടുപ്പാൻ വശമല്ല
കാവല്ലു കല്പിച്ചു കിങ്കരന്മാർ ഞങ്ങളെ
ധാവനംചെയ്തുപോരുന്നതെന്നല്ല
തൃക്കണ്ണുരുട്ടിയതു ഞങ്ങടെ ചങ്ങാതിയു
കാൽകൾ മുടക്കം ചിലർക്കുവന്നു പിന്നെ
നാക്കു മുറിഞ്ഞുപോയ്" വാക്കുപുറപ്പെട
ചക്രമൊന്നും പുനരാർക്കും ലഭിച്ചീല.

ലോകത്തിലിക്കാലത്തുള്ളൻ ഗമ്യമായ്
പാർക്കുന്ന കൊൾവാൻ വരുമെന്നതോന്നുന്നു
രാക്ഷസാധീശന്മാരേ! രാജരാജൻ തൻറെ
രക്ഷണായുള്ളൊരു ഭൃത്യൻ മഹാബലൻ
കാൽക്ഷണം വൈകാതെ ചെന്നപ്പുരുഷനെ
കാലപുരിക്കാക്കുവാനെന്നു മടിക്കുന്നു?"
എന്നുള്ള കിങ്കരന്മാരുടെ വാക്കുകേ-
ട്ടൊന്നു കയർത്തു പുറപ്പെട്ടു തൽക്ഷണം
വാളും പരിചയും കൈയിലാക്കിക്കൊണ്ടു
ചീറിടുന്ന ചെന്നു തടുത്തു നിശാചരൻ:—
"നില്ലെടാ! മൂഢാ! നിനക്കിന്നു നമ്മുടെ
കല്യാണപുഷ്പം കവർന്നു കരുതണം
വല്ലാത്ത മോഹമതെല്ലാം ശമിപ്പതി-
നുള്ളൊരു സംഗതി വന്നുകൂടി ജളാ!
വിക്രമിയാകുന്ന ക്രോധവശൻ പണ്ടു
ശക്രനെപ്പോലും ജയിച്ചു പലകുറി
ദിക്കരികളെയും തല്ലിത്തകർത്തോരു
ദിക്കുകൾ പോലും ജയിച്ചു വിളങ്ങുന്ന
നാകതലപരാക്രമത്തെപ്പേടിക്കാതെ നീ
മത്തനായ് വന്നിതധിക സൌഗന്ധികം
കട്ടുകൊണ്ടോടുവാൻ ഭാവിച്ചതാലിന്നു
വെട്ടിക്കൊന്നുടൻ നിന്നെ പക്ഷികൾക്കിട്ടിടും.
അഷ്ടലോകാധിപന്മാരിൽ വെച്ചേറ്റവും
ശ്രേഷ്ഠനാം വിത്തേശനാഥൻറെ പുഷ്പങ്ങൾ
കിട്ടുമോ മൂഢാ! നിനക്കെടാ, ഇന്നിനി
കിട്ടും തലയ്ക്കിട്ടു വെട്ടുമെന്നോർക്ക നീ
മറ്റുള്ള ദിക്കിൽ നടന്നു ഫലിപ്പിച്ചു
മറ്റുള്ള വിദ്യകളെല്ലാം പ്രയോഗിച്ചു
അതെന്നു കിട്ടും വിരുതു കെട്ടിക്കൊണ്ടു

ഊറ്റം നടക്കുന്ന കൂട്ടങ്ങളൊക്കെയും
ഇട്ടിട്ടിൽവന്നു കടന്നാക്രമിച്ചി–
ട്ടിന്നാളും കണ്ടുപോകുന്നതിങ്ങനെ
ഇന്നു വിരുതഴിപ്പിച്ചീടുന്നുണ്ടു ഞാൻ
എന്നോടെതിർപ്പാൻ മതിയാകയില്ല നീ
പെണ്ണുങ്ങൾതന്നെ ജയിച്ചീല ഞാനെന്നു–
ലിട്ടതല്ലെന്റെ പേരച്ഛനാണെ നിന്റെ
മസ്തകം വെട്ടിപ്പിളർക്കുന്നുണ്ടു ഞാൻ
ഹന്ത! സന്തോഷപ്രതിജ്ഞ ചെയ്യുന്നു ഞാൻ
  മൺകുടം മങ്കലി ചട്ടി കലങ്ങളും
മൺകൊണ്ടുവെട്ടിയുണ്ടാക്കും കുശവൻ താൻ
പങ്കജസംഭവ ബ്രഹ്മാവുതാനെന്നു
സങ്കല്പമുള്ളോർ മുഴക്കുന്ന സാമ്പ്രതം
സൃഷ്ടിച്ചുകൊണ്ടുള്ളതിന്നു വിധിവശാൽ
പുഷ്ടിച്ചുപോകും പ്രവൃത്തിയെന്നിങ്ങനെ
അഷ്ടിച്ചുവെണ്ടിക്കലങ്ങൾ കൊട്ടി വില്ക്കുന്ന
ചെട്ടിക്കഹംഭാവമയ്യോ ശിവ! ശിവ!
എന്നതുപോലെ ജനങ്ങളെല്ലാം സമ–
ന്നന്ന നിനക്കുള്ളിലുണ്ടായഹംഭാവം
ഇക്കാലമായതു പോരും പിടിപ്പിച്ച–
നിക്കണ്ണ താളിയവരെന്ന മഹാബലൻ
അക്കണക്കാകുന്നതു മിന്നാമിനുങ്ങുപോ–
ലർക്കനോടൊപ്പം നിന്റെ പരാക്രമം.
  അളകാമന്ദിരമതിലിളകാതെയിരിക്കുന്ന
ഇളവില്ലാത്തതൻ തന്റെ കളികളി കുളംതന്നിൽ
കിളുന്നായൊരു പുഷ്പമൊളിച്ചുകൊണ്ടു

[പോവാനായ്

പുളച്ചുവന്നൊരു നിന്റെ തിളപ്പു പൊഴിഞ്ഞു വീഴുന്നു.
വെളിച്ചെണ്ണക്കിടാരത്തിൽ വലിച്ചിട്ടു വറുക്കാതെ
നിലച്ചിടില്ലനിന്നുള്ളിൽ ജ്വലിച്ചീടുന്നൊരു കോപം
കലച്ചു വീഴ്ത്തു ഞാനാ"ത്തൊന്നുന്നവനെ [മെച്ചമോടും

കലച്ചുവീണാനിയന്നു മരിച്ചുപോകാതെല്ലെങ്കിൽ
പിടിപ്പിൻ മുഷ്ടികൾകൊണ്ടു കൊട്ടപ്പിൻ
[നിങ്ങളൊട്ടു
നടപ്പിൻ മന്ദനാക്കട്ടിയെടുപ്പിൻ മന്ദിരത്തെചുറ്റ
കടപ്പിൻ ചോരയൊക്കെയന്നു കുടിപ്പിൻമന്നവരെന്നിതം
വലിച്ചു കാട്ടുമൃഗമെ"വച്ചു വന്നതിപ്പോഴവൻ
നിണം"

ഇത്തരം ഉൾപ്പൂക്കളർപ്പിന്ന ഭക്തരോ—
ടിത്തരം സന്ദേശം ചൊന്നാൻ പുരോഹിതൻ
"മത്തരാം നിങ്ങടെ വംശം മുടിച്ചൊരാ—
നത്തരാമേശ്വരനാമക്കശ്യപൻ
പത്തരാം കീർത്തിക്കൊടിച്ചുതിളങ്ങും
ചിത്രങ്ങളെല്ലാം കരസ്ഥമാക്കീടുവൻ
പത്തിലൊന്ന കറവുള്ള നിക്ഷേപമേ—
ളൊത്തവസ്തുക്കൾ ചൊന്ന വേദനാ ശ്രുതം
കീർത്തിക്കെടിച്ചുമത്തെത്തുമൊമ്പോരുപോ—
ലെത്തുന്നവർകൾ പത്തനോ സമ്പന്നം.
ചോദര, കന്മള, നിർമാച്ചത്, നീ, ശഠാ
മൂഢാ, ഞെന്നതിന്ന വാദം, ദുർബുദ്ധേ,
ക്ഷിപ്രപ്രയോഗം ഉള്ളതെന്നു നേരത്തു
നാശം കൈസൂത്രമൊന്നാകും മുള്ള്! നിന്റെ
നിത്യം വെടിത്തതു പാട്ടുപെടും കാല—

ഞാനോടുള്ള സംഗരം കൂടാതെ പോകയില്ലാ—
[ടയ്കിലിന്നി
തന്നെത്താനറിയാതെ തന്നെക്കാറ്റം ബലമുള്ള
ധന്യന്മാരോടേറ്റെന്ന സന്നാഹം തുടർന്നാൽ
പിന്നെത്താനറിയാറാമെന്നു നീ ധരിച്ചാലും
മന്നിലും സുരലോകം തന്നിലും പുകഴ്ന്നോരു
മന്നവൻ വൃകോദരൻ ഞാനെന്നു ധരിച്ചാലും
ഇന്നുള്ള വീരന്മാരൊന്നും നമ്മുടെ നേരെ
നിന്നു സംഗരം ചെയ്കയില്ല ശങ്കയില്ലേതും
അയ്യോ! രാക്ഷസന്മാരേ! നിങ്ങളോ നമ്മോടു യുദ്ധം
ചെയ്യാമെന്നോർത്തു ബാണമെയ്യാനായ് പുറപ്പെട്ടു
അയ്യോ! മോഹമേ, നിങ്ങളുള്ളായിരവും കോടി
ലക്ഷവും സ്വരൂപിച്ചിട്ടക്ഷമന്മാരാകുന്ന
പക്ഷമായ് പുറപ്പെട്ടു തൽക്ഷണം വരുന്നാകി—
ലിക്ഷണനടിച്ചുതാൻ തൽക്ഷണം തുടിച്ചീടും 1375
പക്ഷികൾക്കൊക്കത്തെപോലെ ഭക്ഷിപ്പാൻ വകയാകും."

ഇത്ഥം പറഞ്ഞു ഗദകൊണ്ടു വേഗേന
യുദ്ധം തുടങ്ങി മടങ്ങാതെ പാണ്ഡവൻ
നക്തഞ്ചരന്മാരത്യന്തകോപേന
യുക്തമായ് ഘോരപ്രയോഗം തുടങ്ങിനാർ.
രൂക്ഷമാംവണ്ണം കയർത്തുവരുന്നൊരു
യക്ഷലക്ഷത്തെയും തൽക്ഷണം മാരുതി
ക്ഷിപ്രം ഗദകൊണ്ടു താഡിച്ചു മണ്ടിച്ചു
പുഷ്പങ്ങളെല്ലാമറുത്തു സ്വരൂപിച്ചു
കെട്ടിത്തലയിലെടുത്തു പുറപ്പെട്ടു
പെട്ടെന്നു ചെന്നു കപീന്ദ്രനെ വന്ദിച്ചു
ഗന്ധവാഹാത്മജൻ മോദേന സാദരം

ഗന്ധമാദനമരണ്യേനാപോയ് ചൊന്നവൻ
തിരുവടിയോടു വായുസുതൻ ധർമ്മ-
പുത്രനെയും മാതൃതന്നെയും കണ്ടവൻ
സന്തുഷ്ടനായ്ത്തീർന്നു വന്ദിച്ചു ജ്യേഷ്ഠനെ
ചന്തമേറും നല്ല പുഷ്പങ്ങളൊക്കവേ
ദ്രൗപതി തന്നുടെ കയ്യിൽ കൊടുത്തിതു
ഭൂപതിനന്ദനൻ ഭൂപൻ മഹാരഥൻ.
ഇങ്ങനെ കല്യാണസൗഗന്ധികാർപ്പണം
മംഗളം ചാരുകല്യാണം ശുഭം ശുഭം. 1896



പദാർത്ഥസൂചി; ചോദ്യങ്ങൾ

1_60 കാവ്യത്തിന്റെ നിർവ്വിഘ്നപരിസമാപ്തിക്കായി കവി ഇഷ്ടദേവതകളെയും ആശ്രയദാതാവിനെയും വന്ദിക്കുന്നു.

ഗണപതി വന്ദനം:— കുലഗിരിസമം=കുലപർവ്വതത്തിനു തുല്യം. (മഹേന്ദ്രം, മലയം, സഹ്യൻ, ശുക്തിമാൻ, ഋക്ഷം, വിന്ധ്യൻ എന്നീ ഏഴെണ്ണമാണ് കുലപർവ്വതങ്ങൾ) കുലയാനത്തലവൻ=ഗജശ്രേഷ്ഠൻ. മദഭാരതെ=മദക്കൊഴുപ്പോടെ (മുഴുവൻ) ഉമാകാന്തൻ=ശിവൻ (ശിവൻ ഗജാസുരനെ വധിച്ച കഥ സൂചിപ്പിക്കുന്നു) മലമകൾ=പാർവ്വതി. മലർബാണം=പുഷ്പബാണം. (കാമന്റെ അമ്പുകൾ പുഷ്പങ്ങളാണ്) മലനിര=പാർവ്വതി. ഗണനാഥൻ=ഗണപതി. ശുഭകർമ്മഫലം=സൽക്കർമ്മങ്ങളുടെ ഫലം. ആശുബലൻ=ബാല്യത്തിൽ ബലവാനായിത്തീർന്നവൻ (ആശു ബാലനായിട്ടിരിക്കുമ്പോൾ എന്നൊരു പാഠവുമുണ്ട്). പരദൈവം=ധർമ്മദൈവം. കലവി=ലീല. കല്മഷം=പാപം.

(ശിവൻ കൊമ്പനാനയായും പാർവ്വതി പിടിയാനയായും കാട്ടുകളിൽ കളിച്ചു നടക്കുമ്പോൾ ലോകനന്മക്കായി അവതരിച്ചു ഗണപതി എന്നു കല്പിക്കണം)

സരസ്വതി വന്ദനം:— അഹം നമസ്കാരം കലയേ=ഞാൻ നമസ്കരിക്കുന്നു. കളവാണി=മനോഹരമായ വാക്കോടു കൂടിയവൾ. മനക്കാമ്പിൽ=മനസ്സിൽ. കളികാംക്ഷകളോരു വിഘ്നം=ഉള്ളിൽ അവതരിപ്പിക്കുമ്പോൾ വരാനിടയുള്ള തടസ്സം.

അയ്യപ്പവന്ദനം=ഹരിഹരസുതൻ, അയ്യൻ=അയ്യപ്പൻ. അമ്പലപ്പുഴ കൃഷ്ണനെ വന്ദിക്കുന്നു. വാരാന്നാശിപുരേ=അമ്പലപ്പുഴയിൽ (അംബരപ്പുഴ, അമ്പലപ്പുഴയായി എന്ന ആഗമമനുസരിച്ചാണ് ഈ പ്രയോഗം.) ദീനാനുകമ്പി=ദുഃഖിതന്മാരോട് അനുകമ്പയുള്ളവൻ. ദീനം=ദുഃഖം, പാരവശ്യം.

ചെമ്പകശ്ശേരി രാജാവിനെ സ്തുതിക്കുന്നു (നമ്പ്യാർ ചെമ്പ

കസ്തൂരി രാജാവിന്റെ ആശ്രിതനായിരുന്നു.) അലങ്കാരങ്ങൾ=തൊടുകുറി. കമ്പം=ഇളക്കം (ഭയം) തമ്പുരാൻപാദാംബുജം=അദ്ദേഹത്തിന്റെ കാൽത്താമരകൾ (ആദ്യത്തെ തുള്ളൽ കൃതിയാണ് കല്യാണസൗഗന്ധികം അത് അവതരിപ്പിക്കുമ്പോൾ ഉണ്ടാകാനിടയുള്ള എതിർപ്പുകളിൽനിന്ന് തമ്പുരാൻ തന്നെ രക്ഷിക്കണം എന്നായിരിക്കണം കവി ഉദ്ദേശിച്ചിരിക്കുക.)

ഗുരുവന്ദനം—നമ്പികാരണവർ=നന്തിക്കാട്ട്. മന്ദാരം=കല്പകവൃക്ഷം. ബാലരവി=ഉണ്ണിരവി. കനകക്കരിക്കു്=കനകക്കരി എന്ന സ്ഥലം. ഇന്ദുചൂഡപ്രിയ=പാർവ്വതി വന്ദേ=വന്ദിക്കുന്നു. മനതരം=വേഗത്തിൽ. വന്നിട്ടു തന്നിൽ തുള്ളൽ അവതരിപ്പിക്കുന്ന സഭയിൽ ഗുരുവിന്റെ സാന്നിധ്യം ഉണ്ടാവേണമെന്ന് പ്രാർത്ഥിക്കുന്നു. നമ്പ്യാരുടെ രണ്ടു ഗുരുക്കന്മാരാണ് ദ്രോണമ്പള്ളിനായ്ക്കനും കനകക്കരിയിൽ നന്തിക്കാട്ട് ഉണ്ണിരവിക്കുറുപ്പും. ഇവർ രണ്ടുപേരും അമ്പലപ്പുഴക്കാരായിരുന്നു.)

കിള്ളിക്കുറിശ്ശി മഹാദേവനെ വന്ദിക്കുന്നു. വെള്ളസ്സരസ്വതീ=ശുഭ്രസ്വരൂപിണിയായ സരസ്വതി. (നിർമ്മലമായ വാക്ക് എന്നും പറയാം) കള്ളംവരാതെ=തെറ്റുപറ്റാതെ

(നമ്പ്യാരുടെ ജന്മദേശമാണ് കിള്ളിക്കുറിശ്ശി. അവിടത്തെ ക്ഷേത്രത്തിലെ ശിവനെയാണ് കവി വന്ദിക്കുന്നത്. വെള്ളത്തിലെ തിരകൾപോലെ കാവ്യരചനാവേളയിൽ പദങ്ങൾ സ്വാധീനമാവാനും, തുള്ളൽകളങ്ങളിൽ മഹേശസാന്നിധ്യമുണ്ടാവാനും കവി പ്രാർത്ഥിക്കുന്നു.

“വാരിധി തന്നിൽ തിരമാലകളെന്നപോലെ
ഭാരതീപദാവലി തോന്നണം കാലേ കാലേ”—എഴുത്തച്ഛൻ.
“വെള്ളത്തിര...വരികണം—അലങ്കാരം—ഉപമ—
“ഒന്നിനൊന്നോടു സാദൃശ്യം
ചൊന്നാലുപമയാമതു്.”

ഭാഷ=മലയാളം. ദൂഷണം=ദോഷം. ശോഷൻ=വിദ്ഗ്ധി. ഭൂഷണം= അലങ്കാരം.

മലയാളത്തിൽ കാവ്യം രചിക്കുമ്പോൾ കഠോരമാകാതാവാൻ പ്രയാസമുണ്ട്. അത് മനസ്സിലാക്കാതെ വല്ലവരും എന്നെ കുറ്റം പറഞ്ഞാൽ എനിക്ക് അതൊരു ഭൂഷണമാണ്. “ഇന്നു ഭാഷയിതപൂർണ്ണമിങ്ങഹോ വന്നുപോംപിഴയുമർത്ഥശങ്കയാൽ” എന്ന് ആശാൻ പറഞ്ഞ കാര്യം തന്നെ നമ്പ്യാർ തന്റെ കാവ്യത്തെ വിമർശിക്കുന്ന മട്ടാക്ക് പറയുന്നു.

ഭാഗ്=ഭംഗി. കൂറുള്ളവർ=മസ്സാറമുള്ളവർ. പോരാത്തം=വിദ്ധിത്തം.

“കൂറുള്ളവർക്കും.........വജ്ഞിയരിന്നു!
അലങ്കാരം ദൃഷ്ടാന്തം—
“ദൃഷ്ടാന്തമാകിലോ ബിംബ
പ്രതിബിംബങ്ങളാകയിൽ.”

ഏറെ പോറ്റൽ ഗുണങ്ങളിയാൽ കൂറുള്ളവർക്കും മുഷിച്ചിൽ ഇടവരും എന്ന ഉപമേയത്തിനും അരിവെയ്പുപുരയിലാണെങ്കിലും കോരി വിളമ്പിയാൽ പോരാതെ വരും എന്ന ഉപമാനത്തിനും തമ്മിൽ ബിംബപ്രതിബിംബഭാവം.

51_100 “പാലനാരപ്പൂണ്ടി......കാണാതെപോം”

അലങ്കാരം അപ്രസ്തുതപ്രശംസ—
“അപ്രസ്തുതപ്രശംസാഖ്യ-
മപ്രസ്തുതമുരയ്ക്കതാൻ—”

പണ്ഡിതനാകുന്നകാര് അകത്താക്കിയാൽ ഛർദ്ദിക്കാറും തൊണ്ടയും പിടിച്ചുപോരുമെന്നാണ് പ്രസ്തുതാർത്ഥം.

“ചൊല്ലുന്ന കേൾക്കാതിപാനെന്നൊഴിട്ടു—
....

..............കല്ലിലും പുല്ലിലും തൂകിത്തുടങ്ങൊലാ!

ഈ വരികളിലും അലങ്കാരം അപ്രസ്തുതപ്രശംസ.

ഇണങ്ങിയ പാമ്പ് പാമ്പാട്ടിയുടെ ഗാനത്തിനനുസരിച്ച് പത്തി വിടർത്തി ആടും. എന്നാൽ അതിന്റെ വാ പൊളിച്ച് പല്ലെണ്ണാൻ തുടങ്ങിയാൽ ചിലപ്പോൾ കൊത്തിയെന്നുവരും. നെല്ലും പണവും ധാരാളം ഉണ്ടെന്നുവച്ച് അവ കല്ലിലും പുല്ലിലും വാരിത്തൂകിയാലോ? സമ്പത്തിന്റെ പ്രയോജനം ലഭിക്കയില്ലെന്നു മാത്രമല്ല അവ അസ്ഥാനത്തായി പോകുന്നതുകൊണ്ട് ആർക്കും ഉപയോഗപ്പെടാതെ പോകുകയും ചെയ്യുന്നു.

ഈ അപ്രസ്തുതങ്ങളിലൂടെ നമ്പ്യാർ ലക്ഷ്യം വെച്ചിട്ടുള്ളത് ചാക്യാർ കൂത്തിനെയാണെന്ന് കരുതുന്നതിൽ തെറ്റില്ല. ചാക്യാരോട് പകരം വീട്ടാനാണല്ലോ ഒറ്റ രാത്രികൊണ്ട് കല്യാണസൗഗന്ധികം നിർമ്മിച്ച് അടുത്ത ദിവസം അവതരിപ്പിച്ചത്.

കൂത്ത് ശ്രേഷ്ഠമായ ഒരു കലാരൂപം തന്നെ. ഫലിതപരിഹാസങ്ങളിലൂടെ വ്യക്തികളെയും സമൂഹത്തെയും വിമർശിക്കുന്ന അതിന്റെ സമ്പ്രദായം അതിരുകവിഞ്ഞ് രൂക്ഷവും ആക്ഷേപപൂർണ്ണവുമായിത്തീർന്നപ്പോൾ ജനങ്ങൾ കൂത്തിന്റെ അരങ്ങത്തുനിന്ന് മാറിനിന്നു. കല മധുരവും മനോഹരവും ശക്തവുമാണ്. അതിന്റെ പ്രയോഗക്രമം തെറ്റുമ്പോഴും ധർമ്മം മറക്കുമ്പോഴും അത് കലാവൈദഗ്ദ്ധ്യമാർന്നതാണെങ്കിലും ഉപയോഗിക്കുമ്പോഴും ജനങ്ങളിൽ അത് പ്രതികൂലഫലമുണ്ടാക്കുന്നു എന്നർത്ഥം.

ഇതിന് വിമർശനവുമായി ബന്ധപ്പെടുത്തി ഒരർത്ഥവും പറയാം. കവിതയുടെ ആരോഗ്യകരമായ വളർച്ചക്ക് വിമർശനം ആവശ്യമാണ്. എന്നാൽ ദോഷൈകദൃക്കുകളുടെ വിമർശനം സഹൃദയൻ ഒരിക്കലും ഇഷ്ടപ്പെടുകയില്ല. മാത്രമല്ല വെറുക്കുകയും ചെയ്യും. അത്തരം നിരൂപകന്മാർ തങ്ങളുടെ കഴിവുകൾ ദുരുപയോഗപ്പെടുത്തുകയാണ് ചെയ്യുന്നത്.

“രാമനെക്കൊണ്ടു്”

ഭൂഷണംകെട്ടിച്ചുകൊണ്ടൊരുക്കയാൽ

“ദോഷനാശമെല്ലാരെയുമകറ്റുന്നവെ

ഭൂഷണമാണു മനസ്സിലുറക്കണം” എന്നു് നമ്പ്യാർ ആദ്യമേ പറഞ്ഞതു് ഈ വരികളുമായി ബന്ധപ്പെടുത്തി വ്യാഖ്യാനിക്കാം:—

കല്യാണം = മംഗളം. അംബുജനാളം = താമരത്തണ്ടു്. ഉന്മീലിതം = ഉയർന്നതു് (ഉന്മീലിതത്തിന് എന്നൊരു പാഠം = മുകളിലേക്കു് പ്രവഹിച്ചുകൊണ്ടിരിക്കുന്നതു്.) (“അംഭോ... പോതം = സുഷുമ്ന എന്ന നാഡിയിൽ നിന്നു് തെളിഞ്ഞുയരുന്ന പ്രാണവാതം). അയുതപത്രങ്ങളിൽ പെരുകിട്ടു് = ആയിരം ആക്കിയിട്ടു്. അര (അരം) = പരിണമിപ്പിച്ചു്. പഞ്ചാക്ഷരം = നമശ്ശിവായ. സന്താനം = കല്പവൃക്ഷം. “അംഭോജ...വെച്ചിട്ടു്” = ഹൃദയമാകുന്ന താമരയുടെ തണ്ടായ സുഷുമ്നയിൽ നിന്നു് മേലോട്ടു് ഉല്ലലിച്ചുകൊണ്ടിരിക്കുന്ന ആത്മചൈതന്യത്തെ ആയിരമായി പരിണമിപ്പിച്ചു് നമശ്ശിവായ എന്ന പഞ്ചാക്ഷരവൃക്ഷത്തിന്റെ തടിയിലും ശാഖയിലും പൂക്കളിലും ഫലങ്ങളിലും മറഞ്ഞും നികഞ്ഞും പ്രത്യക്ഷപ്പെടുന്ന കല്പവൃക്ഷമാകുന്ന ആ വേദാന്തസാരത്തെ ധ്യാനിച്ചിട്ടു്.—

ദാമോദരന്റെ മേനി = അനന്തൻ. താഴത്തു് താങ്ങി കിടക്കുന്നവൻ = ആദിശേഷൻ. പൂക്കുന്ന വമ്പൻ = പാലാഴി. ആ കൊമ്പൻ = പാലാഴിയിൽ നിന്നുണ്ടായ ഐരാവതം. അതിന്റെ കൊമ്പൊന്നൊടിച്ചവൻ = കുംഭകർണ്ണൻ. ജ്യേഷ്ഠൻ = രാവണൻ. അയാളെ പേടിച്ചു് നാട്ടിന്നു പോയോൻ = വൈശ്രവണൻ. പാട്ടിന്റെ കൂട്ടിന്റെ കോട്ടം തിമിർപ്പവൻ = പുഷ്പകവിമാനത്തിന്റെ ചട്ടക്കൂട്ടിനു് കോട്ടം വരുത്തിയവൻ = രാവണൻ. അവന്റെ മുണ്ഡം അറുത്തവൻ = രാവണനെ വധിച്ചവൻ = ശ്രീരാമൻ. (ചിലർ മറ്റു പല തരത്തിലും ഈ വരികൾക്കു് അർത്ഥം പറയുന്നുണ്ടു്.) രാവണന്റെ മുണ്ഡിയുടെ (അക്ഷകുമാരൻ) കഴുത്തറു

ത്തവൻ = രാമൻ എന്നർത്ഥവും, ശ്രീകൃഷ്ണൻ എന്ന് മറ്റൊരർത്ഥവും വ്യാഖ്യാനിച്ചു കാണുന്നു.

ശ്രീരാമൻ എന്ന അർത്ഥമാണ് സ്വീകാര്യം. തിരുവില്വാമല ശ്രീരാമനെയാണ് നമ്പ്യാരിവിടെ അനുസ്മരിക്കുന്നത്. ആദ്യകൃതിയായ കല്യാണസൗഗന്ധികത്തിൽ നമ്പ്യാർ തിരുവില്വാമല ദേവനെ വിസ്മരിക്കാൻ വഴിയില്ല. പുരാണേതിഹാസങ്ങളിലും വേദാന്തത്തിലും നമ്പ്യാർക്കുള്ള അവഗാഹത്തിന് ഈ ഭാഗം തെളിവാണ്.

കാർമുകിൽവർണ്ണൻ = ശ്രീകൃഷ്ണൻ. കല്യാണമാവാനു = ശുഭമായ മനോഭാവത്തോടുകൂടി. മാനസസത്തമം = മാനസത്തിൽ വെച്ച് ശ്രേഷ്ഠം. മേദിനീശൻ = ഭൂനാഥൻ. കല്ഹാരപുഷ്പം = സൗഗന്ധികപുഷ്പം. കിഞ്ചിൽ = കുറച്ച്. കഥിക്ക = പറയുക. കില്ല് = സംശയം. ഭോഷച്ചാർ = വിഡ്ഢി.

(പല വിദ്വാന്മാരും കല്യാണസൗഗന്ധികം കഥയെ ആധാരമാക്കി വിശിഷ്ട കൃതികൾ രചിച്ച് പേരും പെരുമയും നേടിയിരിക്കുന്നു. യാതൊരു സംശയവും കൂടാതെ അതേ കഥ കൈകാര്യം ചെയ്‌വാൻ ശ്രമിക്കുന്നവൻ വിഡ്ഢിയാണെന്നു പലരും പരിഹസിക്കാം. അതിനു മറുപടി പറയുന്നു.) മന്ദാകിനീജലം = ഗംഗാജലം. തർപ്പിക്ക = ബലിയർപ്പിക്കുക. മജ്ജനം ചെയ്യുക = മുങ്ങുക.

(കപിലശാപത്താൽ വെണ്ണീറായ പ്രപിതാമഹന്മാരെ മുക്തിക്ക വേണ്ടി ഭഗീരഥൻ ആകാശഗംഗയെ പാതാളത്തിലേക്ക് കൊണ്ടുവന്നു. ഇന്ന് ജനങ്ങൾ ആ ഗംഗയിൽ കുളിച്ച് തർപ്പണം ചെയ്ത് പിതൃക്കൾക്ക് സദ്ഗതി വരുത്തുന്നു.

അർജ്ജുനാഗ്രജൻ = ഭീമൻ. വർജ്ജിച്ച് = ഉപേക്ഷിച്ച്

ചോദ്യങ്ങൾ:— ഉള്ളിൽ സന്തോഷിച്ചുള്ളം തെളിഞ്ഞണം.”
ആരുടെ? എങ്ങിനെ?

2. "ദൂഷണമെന്നു മനസ്സിലുറയ്ക്കണം." എന്തിനെയാണു് ദൂഷണമെന്നു കരുതുന്നതു്?

3. "ഇന്നു ബോധിക്കണമിന്നാലോകരേ!"

എന്തിനെക്കുറിച്ചാണിവിടെ പറയുന്നതു്.

4) തന്നെ പരിഹസിക്കുന്നവൾക്കു് നമ്പൂർ കൊടുക്കുന്ന മറുപടിയെന്തു്?

ചോദ്യം II. 1) സന്ദർഭമെഴുതി ആശയം വിശദമാക്കുക.

1) ആമരാലെങ്കിലും.......നിർണ്ണയം.

2) പഞ്ചസാര.......കുറഞ്ഞുപോം.

3) ചൊല്ലുന്ന.......ഇടങ്ങാലോ.

4) നെല്ലും.......തൂകിത്തുടങ്ങാലോ.

5) അഞ്ജലം.......ചെയ്യുന്നു.

ചോദ്യം:— തന്റെ കവിതയിൽ ദോഷം കാണുന്നവൾക്കു് നമ്പൂർ നൽകുന്ന ഒരു മറുപടി ഖണ്ഡികയിൽ വിവരിക്കുക.

101–200 യുധിഷ്ഠിരൻ = ധർമ്മപുത്രൻ. മങ്കമാർമൗലി = സ്ത്രീരത്നം. മാദ്രീസുതന്മാർ = നകുലസഹദേവന്മാർ. അദ്രിവനാന്തേ = പർവ്വതത്തിലുള്ള കാട്ടിൽ. ഗന്ധവാഹൻ = വായു. സമാഹൃതം = കൊണ്ടുവരപ്പെട്ട. പാർഷതി = പാഞ്ചാലി. ഗന്ധവാഹാത്മജൻ = ഭീമൻ. ഗന്ധദ്വിപപ്രവരമന്ദസഞ്ചാരിണി = മദിച്ചു ഗജവീരനെപ്പോലെ മന്ദം മന്ദം സഞ്ചരിക്കുന്നവൾ.

ആശ്ചര്യപുഷ്പം = ആശ്ചര്യകരമായ പുഷ്പം. വല്ലഭൻ = ഭർത്താവു്. കാഞ്ചനാഭം = സ്വർണ്ണവർണ്ണത്തോടുകൂടിയ. കഞ്ജാതമധുരസം = താമരത്തേൻ. (താമരത്തേൻ തേടിയെത്തുന്ന വണ്ടുകളും പതിവു പുഷ്പങ്ങളെ ഉപേക്ഷിച്ചു് കൂട്ടം കൂട്ടമായി ഈ പൂവിലേക്കു് പറന്നുവരുന്നു.)

വൃന്ദം = കൂട്ടം. കരിവാർകേശി = കരിവണ്ടിനൊത്ത കുഴലോടുകൂടിയവൾ. കണ്ടകം = മുള്ളു്. കന്മഷമെന്യേ = മടികൂടാതെ.

(ഭീമന്റെ വീരപരാക്രമങ്ങൾ വർണ്ണിച്ച്, ഈ പുരുഷപുഷ്പം കൊണ്ടുവന്ന ആളുടെ കരുത്ത് അത്ഭുതാവഹമാണെന്ന് പാഞ്ചാലി ഇങ്ങനെ പറയുന്നു. ഹിഡിംബൻ, കിർമ്മീരൻ, ബകൻ എന്നിവരെ വധിച്ചതു് ഭീമന്റെ കൈക്കരുത്തിനും, ധൈര്യത്തിനും തെളിവാണല്ലോ.)

ഉത്തരാശാമുഖം = വടക്കേദിക്ക്. സത്വവാൻ = ബലവാൻ. സമീരസൂനു = വായുപുത്രൻ (ഭീമൻ) ചിത്തരംഗം = മനസ്സ്. അത്രചെന്ന് = അവിടെ ചെന്ന്. ഇത്രനിന്ന് = ഇവിടെ നിന്ന് ബന്ധിച്ചുരക്കുക = മറുത്തുപറയുക. (എതിർക്കുക) ഖേദിക്കുക = കഷ്ടപ്പെടുക. വൃഥാഫലം = നിഷ്ഫലം ഇത്ഥം = ഇപ്രകാരം. പഥ്യം = ഇഷ്ടം. ധർമ്മാടവീവാസി = ധർമ്മാരണ്യത്തിൽ വസിക്കുന്നവൻ. തന്നാരി = തന്റെ ഭാര്യ. വൈദേഹി = സീത. വൈദേശിക വ്യാജസന്യാസി = വിദേശിയായ കള്ളസന്യാസി. വാമാക്ഷിവാക്യം = സുന്ദരിയുടെ വാക്യം (പെൺചൊൽ) പ്രമാണിക്കുക = പ്രമാണമായി സ്വീകരിക്കുക.

(നല്ല ചതുരവാക്കിൽ സംസാരിച്ച് പുരുഷന്മാരെക്കൊണ്ട് കാര്യം നേടിയെടുക്കാൻ പെണ്ണുങ്ങൾക്കുള്ള ആ "സിദ്ധി"യാണ് പാഞ്ചാലിയുടെ സംസാരത്തിൽ നിറഞ്ഞു നില്ക്കുന്നത്. പെണ്ണിനോട് മറുത്തു പറയാൻ വയ്യാതെ ചാടിപ്പുറപ്പെട്ട ഈ വിഡ്ഢി ഒടുവിൽ കഷ്ടപ്പെടാറായി എന്ന് ജനങ്ങൾ പരിഹസിക്കുമോ എന്നോർത്ത് ശങ്കിച്ചു നില്ക്കുന്നു—ഇഷ്ടമില്ലെങ്കിൽ ഞാൻ പറഞ്ഞിട്ടില്ല. സീതയുടെ വാക്ക് കേട്ടു പൊന്മാനിനെ പിന്തുടർന്ന രാമന് എന്തെല്ലാം ക്ലേശമനുഭവിക്കേണ്ടി വന്നു! അതിനാൽ എന്റെ വാക്ക് കേട്ട് അബദ്ധമൊന്നും പറ്റരുത്. ആലോചിച്ചു നോക്കുക. നന്നെങ്കിൽ അങ്ങനെ ചെയ്താൽ കൊള്ളാമെന്ന് ആഗ്രഹമുണ്ട്.)

ഭീമന്റെ മറുപടി— ദ്രുപദനന്ദിനി = പാഞ്ചാലി. മാരുതി = വായുപുത്രൻ. ചപലസ്ത്രീകൾ = ചഞ്ചലചിത്തകളായ സ്ത്രീകൾ.

ശുകവാണിമണി = സുന്ദരീരത്നം. (ശുകവാണി = കിളിമൊഴി) സുകരം = എളുപ്പം. ധരണി = ഭൂമി. വിരഞ്ഞു° = ബദ്ധപ്പെട്ട്°. ദാനവൻ = അസുരൻ. സുരൻ = ദേവൻ. പന്നഗം = സർപ്പം. (പാതാളവാസികൾ) ചരന്മാർ = ചാരന്മാർ. ചാരന്മാർ = ദൌത്യത്തിൽ പെട്ടവർ. ചരന്മാർ = ശത്രുക്കൾ. പാർത്ഥിവൻ = രാജാവ്°. കർക്കശം = കഠിനമായ. സംഗരേ = യുദ്ധത്തിൽ. കശ്മലൻ = ദുഷ്ടൻ. എപ്പേരും = മുഴുവൻ. മദവാർണലിക = സുന്ദരിരത്നം. കാലാലയം = യമലോകം. കുംഭീപാകം = 28 നരകങ്ങളിൽ ഒന്ന്°. പൊടുക്കനെ° = വേഗത്തിൽ.

ഇത്ഥം = ഇപ്രകാരം. ഉത്ഥായ ചൊല്ലുക = എഴുന്നേറ്റു ചൊല്ലുക. സഭാശോഭാഗംഭീരപൂരുഷർ = പ്രശസ്തനായ അധികാരത്താൽ ഗംഭീരനായ പുരുഷൻ. അഗ്രേ = മുമ്പിൽ. അഗ്രഹാരം = ബ്രാഹ്മണർ താമസിക്കുന്ന ഗ്രാമം. നിഗ്രഹാനുഗ്രഹാധികൃത പ്രൗഢർ = നിഗ്രഹാനുഗ്രഹ ശക്തിയുള്ളവർ. വിപ്രലോകം = ബ്രാഹ്മണർ. വിഗ്രഹാകാരൻ = ശരീരശക്തിയുള്ളവൻ. വൃകോദരൻ = ഭീമൻ. വ്യഗ്രമാനസം = ക്ഷോഭം കൂടാതെ.

ചോദ്യങ്ങൾ:—

1) സന്ദർഭം എഴുതി ആശയം വിശദമാക്കുക.
"ചിത്തേ വിചാരിച്ചു നിൽക്കേണ്ട വല്ലഭ!
പത്ഥ്യമില്ലെങ്കിൽ പറഞ്ഞതുമില്ല ഞാൻ.

2) വാമാക്ഷിവാക്യം പ്രമാണിക്ക കാരണം
രാമാദികാന്തന്മാരെയും പിരിഞ്ഞുപോൽ.

3) സഫലം നിന്നുടെ കാര്യം സപദി സംഭവിച്ചിടും.

ചോദ്യം II "കണ്ടിവരുന്നതു കണ്ടിലയോ ഭവാൻ"
ആര്? എന്തിനെന്ന്?

2) "ദേഹവും ബലം നിനക്കെന്നും നിർണ്ണയം!"
എന്തിനു വേണ്ട ബലം?

3) "കണ്ടുകേട്ടുള്ളിലുറപ്പുണ്ടാനോ കിക്കേണ്ടോ!"
എന്ത്" കണ്ടു കേട്ട്? എന്തിനെക്കുറിച്ചുള്ള ഉറപ്പ്"?

4) "ഇത്യാദി നമ്മെ ദുഷിക്കും മഹാലോക-
ർ അത്യാഗ്രഹം മൂലം"—ലോകർ എങ്ങിനെ ദുഷിക്കുമെന്നാണ്" പറയുന്നത്"?

ചോദ്യം: III പാഞ്ചാലി തന്റെ ആഗ്രഹം ഭീമനെ അറിയിക്കുന്നതും, അദ്ദേഹം അതിനു നൽകുന്ന മറുപടിയും ഒരു ഖണ്ഡികയിൽ എഴുതുക.

201—250. ദുർഗ്രഹക്രൂരധീരാകാരപൂരുഷൻ = ദുർഗ്രഹവും ക്രൂരവും ധീരവുമായ ആകാരത്തോടു കൂടിയ പുരുഷൻ ദുർഗ്രഹം = മനസ്സിലാക്കാൻ പ്രയാസമായ.

സൗഗന്ധികം തേടി പുറപ്പെട്ട ഭീമൻ കദളീവനത്തിലെത്തി. അവിടെയുള്ള വിവിധ വൃക്ഷലതാദികളുടെ പേരുകളിവിടെ പറയുന്നു.

നക്ഷത്രമാർഗ്ഗം = ആകാശം. ലക്ഷകോട്യർബ്ബുദം ഖുളിപരാഗവും = ലക്ഷം, കോടി, പത്തുകോടി, ഖുളി, പരാർദ്ധം ഇവ ഒക്കെ വലിയ സംഖ്യകളാണ്". കാട്ടിലുള്ള വൃക്ഷങ്ങൾ അസംഖ്യങ്ങളാണെന്നർത്ഥം.

താലം = കരിമ്പന. തമാലം = പച്ചിലമരം. നക്തമാലം = ഉങ്ങ്". സാലം = മരുത്" (പന) രസാലം = തേന്മാവ്". ഹിന്താലം = ഈന്തപ്പന. അർജ്ജുനം = നീർമരുത്". കേസരം = ചായില്യം. നീലം = പേരാൽ. പലാശം = പ്ലാശ്". സർജ്ജകം = വേങ്ങ. ഖർജ്ജൂരം = ഈന്തപ്പന. കാരസ്കരം = കാഞ്ഞിരം. ചൂതം = മാവ്". പനസം = പിലാവ്". ചിഞ്ചികാ ചെമ്പകം = ചെറിയ ചെമ്പകം. മാതുലുംഗം = മാതളം. മാകന്ദം = തേന്മാവ്". പുന്നാഗം = പുന്നമരം. നാഗം = നാഗവൃക്ഷം. പ്രിയാളം = മുരടം. വകുളം = ഇലഞ്ഞി. അശ്വത്ഥം = അരയാൽ. കപിത്ഥം = വിളാർ. [illegible]ണലുള്ള = സ്ഥിരം തണലുള്ള. തിലകദ്രുമം = മഞ്ചാടിവൃക്ഷം.

കൃതമാലം = കൊന്നമരം. കന്ദം = കരുകത്തിവള്ളി. കരഞ്ജം = ചെറിഞ്ഞി. ഷണ്ഡം = കൂട്ടം. കന്നരാളം പൂവരശു്. തിന്ത്രിണി = പുളി. വംശഗുല്മം = മുള. ജംബു = ഞാവൽ. കദംബം = കടമ്പു്. ജംബീരം = ചെറുനാരകം. ശിഗ്രുദ്രുമം = മുരിങ്ങ. ഇംബിലക = ചുരവള്ളി. താംബൂലി = വെറ്റിലക്കൊടി. ദ്രാക്ഷാ = കന്നിക്കുവള്ളി. നികുഞ്ജം = വള്ളിക്കുടിൽ. മല്ലികാവള്ളി = മുല്ലവള്ളി. മാലതി = പിച്ചകം. പുഷ്പവല്ലീതൃണങ്ങൾ = പൂക്കളും വള്ളികളും പുല്ലും.

തൽപ്രദേശം = ആ പ്രദേശം. ക്ഷിപ്രം = വേഗത്തിൽ. മുദാ = സന്തോഷത്തോടെ. വിഹഗരവങ്ങൾ = പക്ഷികളുടെ നാദങ്ങൾ. അട്ടഹാസനാദം = അട്ടഹാസംകൊണ്ടു് ഭയങ്കരമാംവിധം. ഗദാഘട്ടനം = ഗദകൊണ്ടുള്ള അടി. ചട്ടറ = ഉറപ്പുള്ള. ദ്രുമശ്രേണി = വൃക്ഷക്കൂട്ടം. ഗദാഘാതം = ഗദാപ്രഹരം. പലായനം ചെയ്യുക = ഓടുക, ഓടിരക്ഷപ്പെടുക.

251—354. ഗന്ധമാദനപർവ്വതത്തിന്റെ വർണ്ണന:— ഉത്തുംഗശൃംഗം = ഉയർന്ന കൊടുമുടി. ദീപ്യജ്ജ്വാലാകലാപം = മിന്നുന്ന ജ്വാലകളുടെ കൂട്ടം. നക്രം = മുതല. പാതാളരന്ധ്രം = പാതാള ഗുഹ. ചേതസി = മനസ്സിൽ. വേതാളപാളി = പിശാചുക്കളുടെ കൂട്ടം. ഭൂതാളി = ഭൂതക്കൂട്ടം. പൂതനാജാലം = പിശാചസമൂഹം. പ്രേതാശരബ്രഹ്മരക്ഷോഗണങ്ങൾ = പ്രേതങ്ങളുടെയും രാക്ഷസന്മാരുടെയും, ബ്രഹ്മരക്ഷസ്സുകളുടെയും കൂട്ടം. വാതവേഗങ്ങൾ = വായുവിനെപ്പോലെ വേഗതയുള്ള. കല = കലമാൻ. മാതംഗയൂഥം = ആനക്കൂട്ടം. [illegible]. ശരം = അമ്പു്. പാടനം ചെയ്യുക = പിളർക്കുക. എട്ടടിമാൻ = സിംഹത്തെപ്പോലും കൊല്ലാൻ കഴിവുള്ള ഒരു മൃഗം.

കേശം = മുടി. അഞ്ജനപർവ്വതം = നീലമല. ദ്രോണാചലം = കന്നിക്കര. കുഞ്ജരം = ആന. കുംഭതടം = മസ്തകം. ഭഞ്ജനം ചെയ്യുക = തകർക്കുക. അഞ്ജസാ = പെട്ടെന്നു്. സഞ്ജാതം =

ഉണ്ടായി. താലീകലാപം = താലിക്കൂട്ടം. മായൂരപിഞ്ഛം = മയിൽപ്പീലി.

"കൈമ്പിച്ച...... വേഷം ഭയങ്കരം—" കാട്ടാളരാജാവിന്റെ ആകൃതിയെ വൎണ്ണിക്കുന്നതിനാൽ—സ്വഭാവോക്തി.

'സൂക്ഷ്മസ്വഭാവം വൎണ്ണിച്ചാൽ
സ്വഭാവോക്തിയലംകൃതി—'

"ചെമ്പരത്തിപ്പൂക്കണക്കെ നേത്രം"— ഉപമ.

കണ്ഠേ = കഴുത്തിൽ. കണ്ഠനാദം = ശബ്ദം. ഘണഘണാസംഘോഷശൃംഖല = ഘണഘണശബ്ദം മുഴക്കുന്ന ചങ്ങല. കുക്കുടം = കോഴി. മുഷ്കരൻ = ശക്തൻ. വികടപരാക്രമി = വലിയപരാക്രമത്തോടു കൂടിയവൻ.

ചോദ്യം:— 1. ഗന്ധമാദന പൎവ്വതത്തിന്റെ ഔന്നത്യവും ഗാംഭീര്യവും ഒരു ഖണ്ഡികയിൽ വിവരിക്കുക.

2. കാട്ടാളരാജാവിന്റെ വേഷവും, നായാട്ടുകാരുടെ കോലാഹലങ്ങളും ഒരു ഖണ്ഡികയിൽ എഴുതുക.

326—400. നായാട്ടുകാരുടെ സംഭാഷണം—

പൎവ്വതം, കാട്, കാട്ടിലെ വൃക്ഷലതാദികൾ, മൃഗങ്ങൾ, നായാട്ടുകാർ, അവരുടെ കോലാഹലം എന്നിവയെല്ലാം നമ്പ്യാർ ഭംഗിയായി വൎണ്ണിച്ചിരിക്കുന്നു. നായാട്ടുകാരുടെ സംഭാഷണത്തിൽനിന്ന് അന്നത്തെ കേരളത്തിലെ സാമൂഹ്യസ്ഥിതിഗതികൾ ഏറെക്കുറെ മനസ്സിലാക്കാം—

വക്കാണം = വഴക്ക്. ഉരുൾപ്പോയ് = ഇല്ലാതായി. ഇണങ്ങർ = ചങ്ങാതിമാർ (ബന്ധുക്കൾ). ഉള്ളതെല്ലാം പകയാക്കുക = ഉള്ളതെല്ലാം ചെലവാക്കുക. ഒള്ള് പറയുക = ഏഷണിപറയുക. കൊറവ് = കഷണം. കോപ്പ് = ആഭരണം. കൊള്ളിവാക്ക് = കുത്തുവാക്ക്. വേട്ടാളരെ = വേട്ട + ആളരെ (വിവാഹം ചെയ്ത ആൾ) കലമ്പുക = ലഹളകൂട്ടുക. വേട്ടാളൻ എന്ന ജന്തു പുഴുക്കളെ കൂട്ടിൽ കൊണ്ടുവന്ന് വെച്ച് ഊതുന്നു. ഒരു ദിവസം കഴി

ത്താൽ പുഴു വേട്ടാളുവായി മാറുമത്രെ. (ഇത് തെററായ ധാരണയാണ്.) ഭ്രമരകീടന്യായം എന്ന് ഇതിനെ പറയുന്നു. പാവപ്പെട്ട കാട്ടാളരാജാവിനെ ഉഗ്രയായ ഭാര്യ തന്റെ ഹിതാനുവർത്തിയാക്കിത്തീർക്കുന്നു എന്നർത്ഥം.

കള്ളിനും കറുപ്പിനും വേണ്ടി ആയുധം പണയംവെക്കുന്ന നായർഭടന്മാരെയാണ് നമ്പ്യാർ ഇവിടെ കണക്കിന് കളിയാക്കിയിട്ടുള്ളത്. കീഴ്ജാതിക്കാരോട് കണ്ണിൽ ചോരയില്ലാത്ത പെരുമാറുന്ന പെൺകോന്തന്മാരായ കാട്ടാളന്മാരെ ആക്ഷേപിക്കുമ്പോഴും നമ്പ്യാരുടെ മനസ്സിൽ മറെറാരു രാജാവ് ഉണ്ടായിരിക്കണം.

ചോദ്യങ്ങൾ:— സന്ദർഭമെഴുതി ആശയം വിശദമാക്കുക:—

1) ആകാത്ത നാളിൽ പിറന്നാലും കാതില
പോകാത്തതല്ലയോ കഷ്ടമെൻ വേടരേ

2) കൊററില്ലാത്തവർ കോപ്പുമോഹിക്കുമോ
വററില്ലാത്തവർ പാൽകുടിച്ചീടുമോ.

3) വീട്ടിലുണ്ടെങ്കിൽ........തെളിയുന്നാകിലോ.

ചോദ്യം:— നായാട്ടുകാരുടെ സംഭാഷണം ഒരു ഖണ്ഡികയിൽ എഴുതുക:—

401-475 അച്ചി = ഭാര്യ (സ്ത്രീ) തൊപ്പിയിടുക = മയക്കുക. ഗുളം = ശർക്കര. ഗ്രാസം = ഗ്രാസം. ദുസ്സരൻ = ബ്രാഹ്മണൻ കിംഫലം = എന്തു മെച്ചം? പാരാധീനം = ക്ലേശം. ചെണ്ടകൊട്ടുക = അപമാനിതനാവുക. കണ = അമ്പ്.

നായാട്ട്:— കരി = ആന. ജൃംഭിതമദഭരന്മാർ = വർദ്ധിച്ച അഹങ്കാരത്തോടുകൂടിയ കാട്ടാളന്മാർ. മിഴിസമക്ഷം = മിഴിയുടെ മുമ്പിൽ വെച്ച്. മാരി = മഴ. മറിവം = പൊന്ത്. പടലം = കൂട്ടം. കഴുവ = പുലി. വിടുവായൻ = ഔചിത്യമില്ലാതെ സംസാരിക്കുന്നവൻ. കളമാകിന = കറുത്തമായ. ഇളപ്പംപെടി = തോററപേടിയം. കിടുകിടനട = പേടിച്ചുകൊണ്ടുള്ള നടത്തം. തടവു

കരം വടിവു് = തുമ്പിക്കൈയിന്റെ ഭംഗി. പടഹം = പെരുമ്പറ. തോഷം സന്തോഷം, ഉദ്ധതമതി = അഹങ്കാരി. ഉത്തമഗിരി = ശ്രേഷ്ഠമായ പൎവ്വതം.

ചോദ്യം:— ഗന്ധമാദനപൎവ്വതത്തിൽ ഭീമൻ ദർശിച്ച നായാട്ടു് ഒരു ഖണ്ഡികയിൽ വിവരിക്കുക:—

476—525— ശ്രീകൃഷ്ണസ്തുതി—നമ്പ്യാരുടെ ഏറ്റവും സുന്ദരവും ഭക്തിനിർഭരവുമായ സ്തുതിയാണിതു്.

കായാമ്പൂ.........കായം = കായാമ്പൂവിന്റെ മനസ്സിൽ വിഷമമുണ്ടാക്കുന്ന ശരീരത്തോടുകൂടിയവനെ (കായാമ്പൂവിനെ അതിശയിക്കുന്ന കായകാന്തിയോടുകൂടിയവൻ). മാം അനിശം പായാ = നീ എപ്പോഴും രക്ഷിച്ചാലും. ജായാപുത്രമിത്രങ്ങൾ = ഭാര്യ, മക്കൾ, സുഹൃത്തുക്കൾ എന്നിവർ. സംഗമം = സമ്പർക്കം. ഗംഗാതോയം = ഗംഗാജലം. കായാദികൾ = ശരീരം മുതലായവ. ആയാസം = വിഷമം. തോയജനയനൻ = താമരക്കണ്ണൻ. ആമതിൽ = ആവശ്യമതിൽ. നാമെന്നുള്ള ഭാവം = ഞാനെന്ന ഭാവം. കാമിനിമണികൾ = സുന്ദരികൾ. സാമോദം = സന്തോഷത്തോടുകൂടി. ധീമാന്മാർ = ബുദ്ധിമാന്മാർ.

“മായാ......... മോഹിനി—” രൂപകം.

“ചെഞ്ചുണ്ടത്തൊട്ടു ചെഞ്ചുണ്ടതി—

സാദൃശ്യം പൊലിപ്പു രൂപകം:—

പാൎത്ഥസാരഥിയായ അമ്പലപ്പുഴ കൃഷ്ണനെക്കുറിച്ചാണു് ഈ സ്തുതി. മായയിൽനിന്നു് മോചിപ്പിച്ചു് തന്നെ രക്ഷിക്കണമെന്നു് കൃഷ്ണനോടദ്ദേഹം പ്രാർത്ഥിക്കുന്ന സുന്ദരിമാരുടെ ലീലാവിലാസങ്ങൾ:—

വല്ലീഗൃഹങ്ങൾ = വള്ളിക്കുടിലുകൾ. കല്യാണി = സുന്ദരി. സല്ലാപസാരസ്യോല്ലാസം = സരസസംഭാഷണംകൊണ്ടുള്ള ആനന്ദം. കല്ലോലവിഭ്രമം = തിരമാലകളുടെ വിലാസം. ചില്ലീവില്ലാട്ടം = പുരികക്കൊടികളുടെ ഇളക്കം. പുഷ്പായുധൻ = കാമദേ

വൻ. അല്ലൽ = ദുഃഖം. ധമ്മില്ലം = തലമുടി. മുഖാംബുജം = താമരപോലത്തെ മുഖം. കാമന്റെ തേരിനെ ജയിപ്പിക്കുന്ന മനോഹരമായ മുട്ടിക്കെട്ട്. മല്ലിക = മുല്ല. ജംഭാരി = ഇന്ദ്രൻ. കുംഭിപ്രവരൻ = ഇന്ദ്രന്റെ ഗജശ്രേഷ്ഠൻ (ഐരാവതം) കുംഭത്തടം = മസ്തകം. ഡംഭം = അഹങ്കാരം. കുചം = സ്തനം. സംഭാവനം = ബഹുമാനം (വന്ദനം) ജംഭാരി പുത്രന്റെ മുമ്പിൽ പിറന്നവൻ = അർജ്ജുനന്റെ ജ്യേഷ്ഠൻ (ഭീമൻ). പന്തണികൊങ്കമാർ = പന്തുപോലെ മനോഹരമായ കൊങ്കകളോടു കൂടിയവർ. ചിന്ത് = പാട്ട്. കുത്രചിൽ = ചില ദിക്കിൽ. അന്യത്രകുത്രചിൽ = മറ്റൊരിടത്ത്. വേണു = ഓടക്കുഴൽ. ചേണാർന്ന = മനോഹരമായ. വിലോകനം ചെയ്യുക = നോക്കുക. അധിത്യകാഭൂമി = മുകളിലുള്ള പീഠഭൂമി. ശ്യാമളം = കറുത്ത. കദളീവനം = വാഴത്തോട്ടം. ശ്രീപുഷ്ടം = ഐശ്വര്യപുഷ്ടം. ശ്രീ മഹാദേവന്റെ ബീജസമുജാതൻ = ശിവനിൽനിന്നു ജനിച്ചവൻ. ശിവനും പാർവ്വതിയും വാനരവേഷം ധരിച്ച് കളിച്ചു നടക്കുന്ന കാലത്ത് പാർവ്വതി ഗർഭിണിയായി. ശിവൻ വാനരരൂപത്തിലുള്ള ആ ബീജത്തെ വായുവിന് കൊടുത്തു. വായു അതിനെ അഞ്ജനയുടെ ഗർഭത്തിലാക്കി. ഇങ്ങിനെയാണ് ഹനൂമാന്റെ ജനനം.

ചോദ്യം:— സുന്ദരിമാരുടെ ലീലാവിലാസങ്ങളെ നമ്പ്യാർ എങ്ങിനെ വർണ്ണിച്ചിരിക്കുന്നു?

“ജംഭാരിതന്നുടെ..............കുചകുംഭഭാരം—” അലങ്കാരം ഉപമ.

(ഐരാവതത്തിന്റെ മസ്തകത്തെ ജയിക്കുന്ന കുചകുംഭങ്ങൾ.)

“വല്ലീഗൃഹങ്ങളിൽ.........കുചകുംഭങ്ങളെക്കൊണ്ട്”—സ്വഭാവോക്തി അലങ്കാരം.

“മല്ലപലവിഭ്രമം ചൊല്ലുന്ന കൺമുനത്തല്ല്—”

“മല്ലായുധൻ......................ധമ്മില്ലം

"മല്ലികമൊട്ടിനെ ......പല്ലിന്റെ ശോഭയും—എന്നീ വരികളിലും ഉപമ.

526—575. ബാലാനിലൻ = ഇളങ്കാറ്റ്. ദലം = ഇല. മഹീതലം = ഭൂമി. ചാരുതര = മനോഹരമായ. കാലാത്മജാനുജൻ = യുധിഷ്ഠിരന്റെ അനുജൻ.

(പച്ചവാഴക്കിലകൾക്കിടയിൽ പഴുത്ത പഴങ്ങൾ നില്ക്കുന്നതു കണ്ടാൽ പവിഴവും മരതകവും ഇടകലൎത്തി കോൎത്ത മാലകൾകൊണ്ട് അലങ്കരിച്ച സ്ഥലമാണോ എന്ന് ജനങ്ങൾ സംശയിക്കുമാറ് കാറ്റേറ്റ് ഇളകിക്കൊണ്ടിരുന്ന വാഴകളോടുകൂടിയ കദളീവനം ശോഭിച്ചു. അലങ്കാരം ഉപമ. പവിഴവും മരതകവും ഇടകലൎത്തിക്കോൎത്ത മാലപോലെ പച്ചക്കിലകൾക്കിടയിൽ പഴുത്ത പഴങ്ങൾ ശോഭിച്ചു.)

"താഴത്തു...പ്രകാശമെന്നപ്പോഴും"— ഉപമ.

മനോഹരമായ പട്ടു വിരിച്ചതുപോലെ, അടുക്കെ വീണുകിടക്കുന്ന വാഴപ്പൂക്കൾകൊണ്ട് ആ കദളീവനം പ്രകാശിച്ചു.

"പച്ചക്കദളീ ......വൃകോദരൻ" സ്വഭാവോക്തി. (കദളീവനത്തിന്റെ തേജസ്സും ചൈതന്യവും മനോഹരിതയും നിറഞ്ഞുനില്ക്കുന്ന ഒരു ചിത്രമാണ് ഈ വരികളിൽ നമ്പ്യാർ വരച്ചുവെച്ചിട്ടുള്ളത്".

ഹനുമാന്റെ വിചാരം:— [illegible] = വായ്പിച്ചു. മതിമാൻ = ബുദ്ധിമാൻ. നിരൂപിച്ച് = ചിന്തിച്ച്. മതിമുഖിമണി = ചന്ദ്രമുഖികളിൽ രത്നം. (സുന്ദരിരത്നം). മനുജൻ = മനുഷ്യൻ. തനുജൻ = അനുജൻ. മരുത്ത് = വായു. കരുത്ത് = ശക്തി. ചാതുരം = സാമൎത്ഥ്യം.

"മനംകൊണ്ടിതിനെ... ...മഹാബലൻ"— സ്വഭാവോക്തി— മുപ്പാരും ജയിച്ച മഹാബലനായ ഹനുമാൻ അനുജനായ ഭീമന്റെ കരുത്തിനെ പരീക്ഷിപ്പാൻ വൃദ്ധവാനരന്റെ വേഷം ധരിച്ച് മാൎഗ്ഗമദ്ധ്യത്തിൽ കിടന്നു.

ചോദ്യങ്ങൾ:— 1) ഭീമൻ കണ്ട കദളീവനത്തിന്റെ മ നോഹാരിത ഒരു ഖണ്ഡികയിൽ എഴുതുക.

2) തന്റെ അനുജനായ ഭീമനെ കണ്ടപ്പോൾ ഹനൂമാൻ ചിന്തിച്ചതെന്തു്? അദ്ദേഹം സ്വീകരിച്ച തന്ത്രമെന്തു്? (ഒരു ഖ ണ്ഡിക.)

ചോദ്യ:— II. 1) "അതിവീരനായ ഭീമനതിവേഗം ഗ മിക്കുന്നു. എന്തിനു്?

2) "ഒട്ടത്താശുഗമിക്കാതെ തെറ്റെന്നു നീങ്ങുവാൻ എന്തെല്ലാ ശങ്കയോടുകൂടിയാണു് ഇങ്ങിനെ ചെയ്യാൻ തീരുമാനിച്ചതു്?

3) "വഴിയിൽക്കിടന്നുറച്ചു നേത്രവും ചിമ്മിസ്സുഖിച്ചു"—"
ആര്? എന്തു് വേഷം ധരിച്ചു?

ഹനൂമദ്ഭീമസംവാദം:— കദളീവനം = വാഴത്തോട്ടം. കണ്ഠീര വം = സിംഹം. പദ്ധതി = വഴി. ബലീമുഖൻ = കുരങ്ങൻ. അ ഞ്ജസാ = പെട്ടെന്നു്. "ഇന്ദിരാകാന്തം......നടന്നു തുടങ്ങിനാൻ" സ്വഭാവോക്തി.

(ഇന്ദിരകൊണ്ടു് വമ്പനക്കൊമ്പുകൾ കടിച്ചുപൊട്ടിയടുക്കു ന്ന കൊലയാനക്കൊമ്പന്റെ കൊമ്പുകൾ പിടിച്ചു് കളിയാ യി അമ്പതുവട്ടം ചുററിയും, കാട്ടുകടുക്കുന്ന മൃഗങ്ങളെ ചാ ടിക്കളിച്ചു് ഇളകിയോടുന്ന സിംഹങ്ങളുടെ കഴുത്തിൽ കമ്പുക ളെല്ലിച്ചു് പായിച്ചും ഭീമൻ കദളീവനത്തിൽ പ്രവേശിച്ചു.)

576—625. ശഠൻ = ദുഷ്ടൻ. ദുർഘടസ്ഥാനം. അപ കടം പിടിച്ച സ്ഥലം. ദുർഭാഷണം = ചീത്തവാക്കു്. ഏററു മാറുക = എഴുന്നേററു് മാറുക. മാതരിശ്വാത്മജൻ = ഹനൂമാൻ. യയാതിയുടെ പുത്രനാണു് പൂരു. ആ വംശത്തിലാണു് (ചന്ദ്രവം ശം) പാണ്ഡവന്മാരുടെ ജനനം. ഗദാഗ്രം = ഗദയുടെ അററം. മ ർക്കടപ്രകൃതൻ = സംസ്കാരശൂന്യനായ കുരങ്ങൻ. സജ്ജനാചാ രം = സജ്ജനങ്ങളുടെ ആചാരം. ധർമ്മപ്രകാരം = ധർമ്മത്തിന്റെ രീതികൾ.

ചോദ്യം:— I "മുമ്പിൽ കളിപ്പിച്ച വമ്പൻ വൃകോദരൻ."

ആരെ എന്തിനെ കളിപ്പിച്ചു?

2. "കദള്യുദ്യാനം കൊണ്ടുമറച്ചിപ്പതെന്നോ."

ആരെ എന്തിനെ മറച്ചു.

ചോദ്യം:— II "ക്രുദ്ധനായിപ്പറഞ്ഞിതന്നേരം"

1) "മാരുതി വൃദ്ധന്റെ വാക്കുകൾ കേട്ടടൻ."

ഇവിടെ ഭീമൻ പറഞ്ഞതും ഹനുമാൻ അതിന് നല്കിയ മറുപടിയും ഒരു ഖണ്ഡികയിൽ എഴുതുക:—

2) മാരുതി ഭീമൻ കയർത്തു ചൊല്ലീടിനാൻ."

എന്തെല്ലാമാണ് ഭീമൻ പറഞ്ഞതു് (1 ഖണ്ഡിക)

ചോദ്യം:— III. 1) "വീരനാമദ്ദേഹമദ്ദേഹമോർക്കനീ"

"അദ്ദേഹം" എന്ന പദംകൊണ്ടു് ഉദ്ദേശിക്കുന്ന യോഗ്യതയെന്താണ്? (1 വാക്യം)

2) "മാറിൽപ്പതിക്കും ഗദാഗ്രമെന്നോർക്കണം".

ആരുടെ മാറിൽ?

3) "അർജ്ജുനാഗ്രജൻ സഹിക്കയില്ലേതുമേ"

എന്തു് സഹിക്കയില്ലെന്നാണ് പറയുന്നതു്?

4) "ചെയ്കയില്ലെന്നു് ബോധിക്കണം." എന്തു് ചെയ്കയില്ലെന്നാണ് പറയുന്നതു്?

5) "അർജ്ജുനാഗ്രജൻ" "ധർമ്മപുത്രാനുജൻ" എന്നു് ഭീമൻ സ്വയം വിശേഷിപ്പിക്കുന്നതുകൊണ്ടു ലഭിക്കുന്ന പ്രത്യേകതയെന്തു്?

(വില്ലാളിവീരനാണ് അർജ്ജുനൻ. ഒരിടത്തും അദ്ദേഹം പരാജയപ്പെട്ടിട്ടില്ല. അജയ്യനും അതിമാനിയുമായ ആ അർജ്ജുനന്റെ സഹോദരനായ തന്നെ ആർക്കും കീഴ്പ്പെടുത്തുവാൻ സാദ്ധ്യമല്ലെന്നാണ് ഭീമൻ "അർജ്ജുനാഗ്രജൻ" എന്നു് പറയു

ന്നതുകൊണ്ടു് ഉദ്ദേശിക്കുന്നതു്. ധർമ്മരാജാവിന്റെ പുത്രനും, ധർമ്മാനുസൃതമായ ജീവിതം നയിക്കുന്നവനുമാണു് ധർമ്മപുത്രർ. അദ്ദേഹത്തിന്റെ മേൽനോട്ടത്തിൽ വളർന്ന താൻ ആരോടും ധർമ്മത്തിനെതിരായി യാതൊരു കർമ്മവും ചെയ്യുന്നതല്ല; മനുഷ്യനായാലും മൃഗമായാലും എന്നാണു് "ധർമ്മപുത്രാനുജൻ" എന്ന വിശേഷണംകൊണ്ടു് ലഭിക്കുന്ന വിശേഷാർത്ഥം.

"ലംഘിക്കകൂടാതെ.........സാഹിക്കയില്ലേതുമേ"
"ധർമ്മപുത്രാനുജൻ.........ബോധിക്കണം."
ഈ രണ്ടിടത്തും പരികരം—അലങ്കാരം.
"വദ്യം പരികരം ചൊന്നാൽ
സാഭിപ്രായം വിശേഷണം."

ചോദ്യം IV സന്ദർഭമെഴുതി ആശയം വിശദമാക്കുക:—

1) "നാട്ടിൽ പ്രജകളെ.........മൂളിക്കൊണ്ടുനി."
2) പാരം വലഞ്ഞു.........കലമ്പുമാറില്ലയോ!"
3) ധിങ്മാമകദുരഹങ്കാരശക്തി.
4) "മാനമായ മാർഗ്ഗം.........തെല്ലുമതില്ലയോ!"
5) "സജ്ജനാചാരം.........സാഹിക്കയില്ലേതുമേ"
6) "ധർമ്മപ്രകാരം.........ബോധിക്കണം".

626—700 നയജ്ഞൻ = നയങ്ങളെ അറിയുന്നവൻ. പഞ്ചബാണാർത്തി = കാമപാരവശ്യം. ചാഞ്ചല്യം = ഇളക്കം. കൺമുനത്തല്ലു് = കടാക്ഷമാകുന്ന പ്രഹരം. ചിതം = ഉചിതം. വളരും = കൂടും. ജ്ഞാതികൾ = ബന്ധുക്കൾ. സുയോധനൻ = ദുര്യോധനൻ. മുഷ്ക്കു് = അഹങ്കാരം. കാംക്ഷ ആഗ്രഹം. മർദ്ദനം ചെയ്ക = തകർക്കുക. പരാക്രമമുണ്ടായു് = പരാക്രമത്തെക്കുറിച്ചു് അറിയാൻ കഴിഞ്ഞു. നരകൻ = രാക്ഷസൻ. ധൂമകേതു = വാൽനക്ഷത്രം. (ഇതു പ്രത്യക്ഷപ്പെടുന്നതു് ആപത്സൂചകമാണെന്നു് വിശ്വസിക്കപ്പെടുന്നു.) ധ്വംസിച്ചു = അതിക്രമിച്ചു. സാലം = പന. ജൃംഭിച്ച വിഗ്രഹം = തടിച്ച ശരീരം. നിർമ്മൂലനം ചെയ്ക = വേരോടെ പി

ഴുതറിയുക. സിദ്ധൻ = ശിഷ്യൻ. പ്ലവംഗമൻ = വാനരൻ. ദുർമ്മതി = ദുർബുദ്ധി.

(ഭീമൻ തന്റെ കേമത്തങ്ങളും അല്പം അഹംഭാവത്തോടെ പറയുകയാണ്. ഹിഡിംബൻ, ബകൻ, ജരാസന്ധൻ, കിർമ്മീരൻ എന്നിവരെ വധിച്ച സംഭവമാണ് പരാമർശിക്കുന്നത്.

(മക്കളില്ലാത്ത ദുഃഖിച്ച മഗധരാജാവ് ഋഷ്യനെ സേവിച്ചു. അദ്ദേഹം ഒരു മാമ്പഴം രാജാവിന്റെ രണ്ടു പത്നിമാർക്കായി കൊടുത്തു. അവർ പകുതി ശരീരമുള്ള ഓരോ ശിശുക്കളെ പ്രസവിച്ചു. ജര എന്ന രാക്ഷസി രണ്ടു ശരീരഭാഗങ്ങളെ ചേർത്ത് ഒന്നാക്കി. അവനാണ് ജരാസന്ധൻ (ജരയാൽ സന്ധിപ്പിക്കപ്പെട്ടവൻ) ഭീമൻ ജരാസന്ധനുമായി ദ്വന്ദ്വയുദ്ധം ചെയ്തു. ഭീമൻ തളരുമെന്ന ഘട്ടം വന്നപ്പോൾ കൃഷ്ണന്റെ നിർദ്ദേശമനുസരിച്ച് അർജ്ജുനൻ ഒരു പച്ചില കീറി എറിഞ്ഞിട്ടു. അങ്ങിനെ ഭീമൻ ജരാസന്ധന്റെ ഒരു കാൽ ചവിട്ടി മറ്റേക്കാൽ പിടിച്ചു രണ്ടായി പിളർന്നു കൊന്നു.)

"കൊമ്പൻ കൊലയാന .... പിളർന്നതും"–ഉപമ.

(ഭീമൻ ജരാസന്ധന്റെ ശരീരം പിളർന്നതിനെ കൊലയാന സാലവൃക്ഷം പിളർക്കുന്നതിനോട് സാദൃശ്യപ്പെടുത്തിയിരിക്കുന്നു.)

ചോദ്യങ്ങൾ:– 1) "വഞ്ചിപ്പതിന്നവധം ചെയ്യും വാനരാധമാ!"

ആര് ആരെ എങ്ങിനെ വഞ്ചിക്കുന്നുവെന്നാണ് പറയുന്നത്?

2) "വാലുള്ള വാനരന്മാർക്കും ചിതം വരാ!"

എന്താണ് ചിതമല്ലെന്ന് പറയുന്നത്?

3) "കാററിന്മകൻ നീ പറഞ്ഞതും വിസ്മയം!"

എന്താണിവിടെ വിസ്മയമെന്ന് ഹനുമാൻ പറയുന്നത്?

4) "മണിസ്തുതങ്ങളും മടങ്ങാതെ നിന്നല്ലോ!"
എന്തിന്? ആരെക്കുറിച്ചാണ് പറയുന്നതു്?

5) "ഭജനം ചെയ്‌വാൻ മടിക്കുന്ന ഞാൻ"
ആരെ? എന്തുകൊണ്ടു്?

6) "ഭഞ്ജിച്ചു വിശ്രമം കൊണ്ടായ് പിളർന്നതും"
ആരുടെ വിശ്രമം? ഇതിനെ എന്തിനോടുപമിച്ചിരിക്കുന്നു?

7) "ധർമ്മസംരക്ഷണം ചെയ്യു പ്രകാരമേൻ!"
ആരുടെ ധർമ്മസംരക്ഷണം? എന്തിനെ?

ചോദ്യം II. "മദമതി ഭീമൻ കയറ്റുകൊല്ലിടിനാൻ"
"ചിരിച്ചുകൊണ്ടങ്ങനെയും ചെയ്തു
ഹനൂമാനഹിതനെ!"

ഈ ഉക്തിപ്രത്യുക്തികളെ ഒരു ലേഖനത്തിൽ സംഗ്രഹിക്കുക:—

701—776: അഞ്ജനാപുത്രൻ = ഹനൂമാൻ. ഭുജഗാസനനാദരം = ഗരുഡനായ ഭക്തൻ. ഭക്തപാലനലോലൻ = ഭക്തന്മാരെ രക്ഷിക്കുന്നവൻ, കല്യാണവാരാശി = ഭംഗിച്ചു കല്പന. കാതിക്കപോവുക = നടിച്ചുപോവുക (നാശപ്പെടുക). നാസ്തി നാം = ഇല്ലാതാവുക. പാദപം = വൃക്ഷം. ചപ്പോം = കരിഞ്ഞു പോയ. വൃദ്ധൻ = വൃദ്ധൻ. ഗ്രന്ഥ = പൗരുഷ്യൻ. ചാപലികൾ = ചാടികളിക്കുക. മൗഢ്യം = തിന്മ. കോപം = കോപം. ദശരഥാത്മജവാസൻ = ശ്രീരാമന്റെ ദാസൻ. പുച്ഛാഗ്രം = വാലിന്റെ അറ്റം. ഉത്തുംഗം = ഉയർന്ന (വലിയ). അരിസ്സ് = അല്ലും.

ചോദ്യം: "കാതിക്ക പോകാതെ കഥിക്ക വൃക്ഷങ്ങളേ!"

1) ഇവിടെ ആരെ എന്തു പറഞ്ഞതാണ് പരിഹസിക്കുന്നതു്?

2) "ചെന്നവനെ പ്രഹരിക്കയോ ഗുണം?"
ഏതു സന്ദർഭത്തെക്കുറിച്ചാണിവിടെ വിവരിക്കുന്നതു്?

3) "കുടിക്കുന്നതിന് ജലം! തൊടുകുന്നില്ല ഞാൻ മാറ്റും!" എന്തിനെ കുടിക്കേണമെന്നാണ് പറയുന്നത്?

4) "ചിരിക്കും സജ്ജനമെന്ന ധരിക്ക—" എന്നു കേട്ടാൽ ചിരിക്കുമെന്നാണ് പറയുന്നത്?

5) "നിരാപ്പൻ, നിന്നെ ലംഘിച്ചാലെനിക്ക പാപമുണ്ടാകും!"— എന്നു നിരാപ്പൻ ലംഘനം പാപമാണെന്നാണ് പറയുന്നത്?

6) "വേർപെടുക്ക ശൃംഖലകളെല്ലാം!"—ശൃംഖലം എന്തിനെ വേർപെടുക്കാനാണ് നിർദ്ദേശിക്കുന്നത്?

7) "പറഞ്ഞു പണ്ഡിതനപ്പോൾ"—എന്തു പറഞ്ഞു?

8) "കുറിച്ചു............പോകരുതില്ലല്ലി!" എന്ന ഭീമന്റെ പരിഹാസത്തിന് ഹനുമാൻ നൽകിയ മറുപടിയെന്തു്?

ചോദ്യം: ഭീമനെ തോൽവിയും കൊള്ളുന്ന തിരിയിലുള്ള ഹനുമാന്റെ പരിഹാസവും അതിന് ഭീമൻ നൽകുന്ന മറുപടിയും വിവരിക്കുക:—

ചോദ്യം: സന്ദർഭവും ആശയവും വിവരിക്കുക:—

1) "പൊളുന്നതടിയനാം..........ദുഷ്കരമോ.
2) "കനമേറെയാകെ..........ളുണ്ടോ?"
3) "ക്ഷുദ്രക്കാർ..........ചിതം പോരാ!"
4) "നിരാപ്പൻ..........പാപമുണ്ടാകും!"
5) "കുറിയുന്നതെപ്പോ..........അതിശയമുണ്ടാകയോ."
6) "ഭ്രമിക്കുന്നവളെന്നിക്കിട്ടിൽ ....നിനക്കുമ്പോൾ."

776—850: നാരി = നാശം. ഇരപ്പെട്ടിരിക്കുക = മരിച്ചിരിക്കുക. ഉൽക്കടാഭോഗം = വർദ്ധിച്ച അഹങ്കാരത്തോടുകൂടി. ദുശ്ശു് = കറുമ്പു്. ശമിക്കുക = അടങ്ങുക. ദുഷ്ടൻ = ശക്തൻ

(ഗുസ്തിക്കാരൻ). കൂടപ്രയോഗം = ചതിപ്രയോഗം. ഞെളിച്ചുകൊണ്ടു് = ഞെളിവാണിത്തം കാണിച്ചുകൊണ്ടു്. തൊഴുതുവരിക = സ്തുതിക്ക.

"കൂനൻ മതിച്ചാൽ ഗോപുരം കുത്തുമോ!" ഇതൊരു പഴഞ്ചൊല്ലാണു്. "കൂനനായ ഒരുവൻ എത്ര അഹങ്കരിച്ചാലും ഏറ്റവും ഉയരമുള്ള ഗോപുരം തകർക്കാൻ കഴികയില്ല എന്നർത്ഥം.

"മന്ദ്രവും.............നാദത്തോടു്" — അലങ്കാരം ദൃഷ്ടാന്തം.

ദൃഷ്ടാന്തമതിനൊ ബിംബ-
പ്രതിബിംബതയാകുകിൽ"

പംക്തികണ്ഠൻ = രാവണൻ. നക്തഞ്ചരൻ = രാക്ഷസൻ. മഹോരഗാരാതി = ഗരുഡൻ. കീശൻ = വാനരൻ. കേളീകദനം = ക്രീഡായുദ്ധം, ഹുങ്കാരം = അഹങ്കാരം. രണം = യുദ്ധം. ലങ്കേശപുത്രൻ = രാവണപുത്രൻ (അക്ഷകുമാരൻ). [illegible] = താക്കോന്നു്. കഠോരം = കഠിനം, ക്രൂരം. ഗണ്ഡസ്ഥലം = കവിൾത്തടം.

ചോദ്യം:— I "വാതാത്മജനോളം താനുമൊക്കെ മാറിവരാൻ."

ആര്? എന്തിനെയാണു് താനെടുത്തതു്?

"ഇത്തരം ചിന്തിച്ചു കോപിച്ചുറച്ചവൻ"

2. "ആര്? എന്തെല്ലാമാണു് ചിന്തിച്ചതു്" (1 ഖണ്ഡിക.)

3. കൂനൻ മതിച്ചെന്നാൽ ഗോപുരം കുത്തുമോ?"

ഈ വരിയിലൂടെ വ്യക്തമാകുന്ന ആശയമെന്തു്?

(കൂനൻ എത്രതന്നെ കരുത്തുള്ളവനായാലും ഗോപുരം തകർക്കാൻ കഴിയുന്നതല്ലല്ലോ. അതുപോലെ ഒരു മനുഷ്യൻ എത്ര തന്നെ ശക്തനായാലും, മന്ത്രതന്ത്രവിദ്യകൾ പഠിച്ചവനായാലും തന്നെ പരാജയപ്പെടുത്താൻ ശക്തനല്ലെന്നു് ഭീമൻ ഈ വാക്കുകളിലൂടെ വ്യക്തമാക്കുന്നു.)

ചോദ്യം:— II സന്ദർഭവും ആശയവും വ്യക്തമാക്കുക.

1. "ഒരുവനൊരുനായത്തന്റെ……… മദ്ബലം".
2. കഷ്ടമിപ്പ്രകൃതിനിലപ്പെട്ടിരിക്കുമാറു;
3. കണ്ടാലറിവാൻ………സംശയം
4. മന്ത്രവും………നഷ്ടമാക്ക്.

851—900:— അഗ്രജൻ=ജ്യേഷ്ഠൻ. പവനാത്മജൻ-വായുപുത്രൻ (ഹനുമാൻ. "അഗ്രജ……മതിമതി"— വിഷമാലങ്കാരം.

"വിഷമം ചേർച്ചയില്ലാത്ത
രണ്ടിനെച്ചേർത്തു ചൊല്ലുകിൽ."

(രാമദാസനും, വായുപുത്രനും മഹാവീരപരാക്രമിയും ആയ എന്റെ ജ്യേഷ്ഠൻ ഹനുമാനെവിടെ, വികൃതശരീരിയും ദുർബ്ബലനും വൃദ്ധനുമായ നീയെവിടെ, നിങ്ങൾ തമ്മിൽ ഒരു തരത്തിലും യോജിപ്പില്ല.) പക്ഷീന്ദ്രൻ=ഗരുഡൻ. മക്ഷികളുണ്ടും— ഈച്ചകളുണ്ടും.

"പക്ഷീന്ദ്രനെങ്ങ്……മിണ്ടരുതേ"— അലങ്കാരം—ഉപമ.

ഹനുമാൻ യഥാർത്ഥരൂപത്തിൽ പ്രത്യക്ഷപ്പെടുന്നു.

വലിത……ശരീരൻ=ഏറ്റവും ഉയരംകൂടിയതും, വെളുത്തതുമായ ഹിമാലയത്തിന് തുല്യമായ ശരീരത്തോടുകൂടിയവൻ. അത്യുന്നതാകിതാനനൻ. കപിലാകൃതി = വളുന്നത. ശശികല = ചന്ദ്രക്കല. ദന്തകദംബം = പല്ലുകൾ. ചടുലസ്ഫുടസടകൾ = ഇളകുന്നതും വ്യക്തവുമായ കഴുത്തിലെ രോമങ്ങൾ. പരിഘം = ഇരുമ്പുലക. പരിഘോപമമായ = തുല്യമായ, പൃഥുതരകരയുഗം = ഏറ്റവും തടിച്ച് ഉരുണ്ട കൈകൾ. ഭാരതകനകാചലാകാരം = കനകപർവ്വതം പോലെയുള്ള (സ്വർണ്ണമയമായ) ഗിരിവരസമം = ശ്രേഷ്ഠമായ പർവ്വതത്തിനു തുല്യം. ഉദരം = വയർ. കടിതടം = അരക്കെട്ട് ഉരുതരം = വലിയ. ജംഘായുഗളം = രണ്ടു കണങ്കാലുകൾ. കിങ്കരകലം = ഭൃത്യസമൂഹം. അടിമലർവടിവ് = കാലുകളുടെ ആകൃതി. ശശിധരനിഭവാലം = ചന്ദ്രനെപ്പോലെ വെളുത്ത. ഉൽക്ക

കെട്ടഴിക്കു തിനാദം = അത്യധികം ഉച്ചത്തിലുള്ള ശബ്ദം. മർക്കടകുലമകുടമഹാമണി = വാനരവംശശ്രേഷ്ഠൻ. കർബ്ബുര......ചാരണാളികൾ = [illegible]. അംബരതലം = ആകാശം. അംബുധി = സമുദ്രം. ലംഘനസമയസമുദ്യത്തം = ചാടുന്ന സമയത്ത് വലുതായ. വിന്ധ്യമഹാചലശിഖരം = വിന്ധ്യമഹാപർവ്വതത്തിന്റെ കൊടുമുടി. വിരണ്ട് = പരിഭ്രമിച്ച്. തദാനീം = അപ്പോൾ. ലക്ഷ്മണപൂർവ്വജൻ = ശ്രീരാമൻ. രാക്ഷസ......ശനൻ = രാക്ഷസവംശമാകുന്ന പാറകൾക്ക് അഗ്നിയായവൻ.(രൂപകം) ജനകസുതാപതിഭൃത്യൻ = രാമഭൃത്യൻ. ജാനകീ......മഹാത്മൻ = സീതയുടെ മനസ്സാകുന്ന താമരപ്പൂവിന് സൂര്യനായ മഹാത്മാവ്. ജലരാശിവിലംഘനൻ = സമുദ്രലംഘനം ചെയ്തവൻ.

"ചലിതതര.........വിചിത്രം" സ്വഭാവോക്തി — ഉപമ.

(ഹിമാലയതുല്യമായ ശരീരം, കൊടിമരംപോലെ നിവർന്നിരിപ്പു വാൽ, ചെമ്പുകുടംപോലെ ചുവന്ന കണ്ണുകൾ, ചന്ദ്രക്കലപോലെ വളഞ്ഞ ദന്തനിര, ഇളകുന്ന സടകളോടുകൂടിയ ശിരസ്സും, ഇരുമ്പുലക്കകൾപോലെ തടിച്ച നീണ്ട കൈകൾ, മൂർച്ചയുള്ള നഖങ്ങൾ, മുറുകിയ കഴുത്ത്, പർവ്വതതുല്യമായ മാറിടം, വയർ, ലങ്കയിലെ ഗോപുരവും മതിലുകളും തകർത്ത കണങ്കാലുകൾ, രാക്ഷസരെ ചവിട്ടിയരച്ച പാദങ്ങൾ, [illegible]മയ ശരീരം. ഇങ്ങനെ ഹനുമാൻ തന്റെ വിശ്വരൂപം പ്രദർശിപ്പിച്ചു. ഈ ഖണ്ഡത്തിലെ ഉപമകൾ ശ്രദ്ധിക്കുക.)

"അംബര.........മെന്നപോലെ — ഉപമ.

"വെണ്മയിലൊരു ....കണ്ടകം" — ഉൽപ്രേക്ഷ.

ചോദ്യങ്ങൾ: —

1. "മാമകബാഹുകൾ.........പോണവൻ"

ആരെയാണ് ഇവിടെ ഉദ്ദേശിച്ചിട്ടുള്ളത്. അയാൾ അഭിമാനിക്കത്തക്ക എന്ത് കാര്യമാണ് ചെയ്തത്?

2. "പാരം നിനക്കഹംഭാവമിങ്ങനെ". ആർക്ക്? എങ്ങിനെയുള്ള അഹംഭാവം?

3. കണ്ണീരികളിലണയാതെ കണ്ടു വൃകോദരവീരൻ"—
ആരെ? ഏതു രൂപത്തിൽ?

ചോദ്യം:— II സന്ദർഭവും സാരവും എഴുതുക.

1. "പക്ഷീന്ദ്രനതു.........മനംഭാവമിങ്ങനെ.
(ഇവിടെ ഉപമാലങ്കാരം)

2. അംബര.........വൃകോദരവീരൻ"

ചോദ്യം:—III

1. [illegible] ദുഷ്കരമാണെന്ന് ഹനുമാൻ പറഞ്ഞതും ഭീമൻ അതിന് മറുപടി നൽകിയതും ഒരു ഖണ്ഡികയിൽ വിവരിക്കുക.

2. ഹനുമാന്റെ വിശ്വരൂപം.

901—1000 പയോധിഗംഭീരൻ = സമുദ്രംപോലെ ഗംഭീരൻ. വരഗുണഗണസാരൻ = ശ്രേഷ്ഠഗുണങ്ങളുടെ സാരമായവൻ. നിസ്സീമകരുണാനിലയൻ = മരണമില്ലാത്തവൻ. ബാധിതദശവദനൻ = രാവണനെ ഓടിച്ചവൻ. ജനനികൃതസദനൻ = ജനങ്ങളിൽ വസിക്കുന്നവൻ. പാദജലധുതവാദനൻ = പാദപ്പറ്റിപ്പോന്ന പ്രജയോട് കൂടിയവൻ. പരിപൂതസേവകൻ = ഉല്ലംഘിതമായ ശത്രുക്കളാകുന്ന തിരയോടുകൂടിയവൻ. ചരണം = കാലടി. ഹസ്തം = കൈ. ആപാദമസ്തകം = കാലുമുതൽ ശിരസ്സുവരെ. മൂൎദ്ധാവ് = ശിരസ്സ്. മാൎത്താണ്ഡശിഷ്യൻ = സൂൎയ്യന്റെ ശിഷ്യൻ.

രാമായണകഥാഖ്യാനം— കഥാസംക്ഷേപം = സംക്ഷേപിച്ചു. ബാധ = അരിഷ്ടം. രക്ഷാകരം = ക്ഷേമകരം. സക്തം = യോഗം. ബഹുവിധാലാപം = അനേകതരത്തിൽ. സംഗം = യോഗം. ഭൃഗുരാമൻ = പരശുരാമൻ. സാകേതം = അയോദ്ധ്യ. സീതയാസമം = സീതയോടുകൂടി. വര്യൻ = ശ്രേഷ്ഠൻ. കൈവല്യം = മോക്ഷം. വൽക്കലം = മരവുരി. കരിപ്പ് = കടന്നു. വചിച്ചു = പറഞ്ഞു. പാദുകം = മെതിയടി. ധ്യാനംചെയ്ക = ധ്യാനിക്കുക.

ത്രിശിരാവ് = ത്രിശിരസ്സ്. സായകം = അമ്പ്. ദശഗ്രീവൻ = രാവണൻ. മട്ടോൽമൊഴി = തേന്മൊഴി. ഗൃധ്രേന്ദ്രൻ = കഴുകൻ (ജടായു) വ്യഗ്രത = ദുഃഖം. (ഒരൊററ അമ്പുകൊണ്ട് സപ്തസാലങ്ങളെ മുറിച്ച് താൻ ബാലിവധത്തിന് കഴിവുള്ളവനാണെന്ന് രാമൻ സുഗ്രീവനെ ബോധ്യപ്പെടുത്തി.)

ചോദ്യം:—I

1) മെയ്യു തൊട്ടെന്നനുഗ്രഹിച്ചീടിനാൻ — ആര്, ആരെ? എങ്ങിനെ?

1001 — 1100: തെറ്റെന്ന് = വേഗത്തിൽ. ആശരൻ = രാക്ഷസൻ. രാമാംഗുലീയകം = രാമന്റെ മോതിരം. കൂപ്പി = വന്ദിച്ചു. സംപ്രഹാരം = യുദ്ധം. അമർത്ത്യവൈരി = രാക്ഷസൻ. ഉരിരസ = വലിയ ശബ്ദം. ദനുജസഞ്ചയം = അസുരക്കൂട്ടം. യാതുക്കൾ = രാക്ഷസന്മാർ.

(ഹനുമാൻ .... സംശയമില്ല.)

രാമൻ രക്ഷിച്ചു (രാമസേതു) രാക്ഷസന്മാർക്ക് ധൂമകേതുവും സജ്ജനങ്ങൾക്ക് പുണ്യഫലവുമായിത്തീർന്ന — അലങ്കാരം

ഉല്ലേഖം — "ഉല്ലേഖമൊന്നിനെത്തന്നെ
പലതായി നിനയ്ക്കയിൽ

ഉൾഭയമാവുക = പേടിക്കുക. നിശാചാരി = രാക്ഷസൻ. കിമ്പുരുഷൻ = ഗജരാജാകൃതി. ദിവംപൂകുക = സ്വർഗ്ഗം പ്രാപിക്കുക. അമരർകോൻ = ഇന്ദ്രൻ. പ്രശസ്തം = പ്രസിദ്ധമായ. സാധ്യം = സാധിക്കേണ്ടതു. പങ്കജാക്ഷന്മാർ = രാമലക്ഷ്മണന്മാർ. സന്ത്യജ്യ = ഉപേക്ഷിച്ച്. ഗിര് = വാക്ക്. വഹ്നിശുദ്ധി = വഹ്നിയിൽപ്പാൽപോലുള്ള ശുദ്ധിയോടുകൂടിയവൾ തന്നെ. (സുമതി തന്നെ) കൈക്കൊണ്ടതില്ല = സ്വീകരിച്ചില്ല. (രാമനെയും അഗ്നിപ്രവേശം ചെയ്തെന്ന രാമനെ സീത സ്വീകരിച്ചില്ല) അന്തണൻ = ബ്രാഹ്മണൻ. മന്ത്രിച്ച് = നിമന്ത്രിച്ച് (രാമൻ യമനോട് ചെ

ള്ള സത്യം പരിപാലിക്കാൻ ലക്ഷ്മണനെ ഉപേക്ഷിച്ചു. സർവ്വവും ത്യജിച്ച് സാധുത്വത്തിലെത്തി യോഗചിന്തയിൽ മുഴുകിയ ലക്ഷ്മണനെ ഇന്ദ്രൻ സ്വർഗ്ഗത്തിലേക്ക് കൊണ്ടുപോയി. [illegible] = [illegible] നായകൻ. [illegible] കം = കേവലം. സൽകഥാസംവാദം = സൽകഥ പറയൽ.

1101—1250: [illegible] = [illegible]. പുഷ്പ[illegible] = താമരപ്പൊയ്ക. [illegible] = [illegible]. [illegible] = [illegible]. [illegible] = പുലി. [illegible] = [illegible] ന്റെ [illegible].

"പുഷ്പ[illegible] ...... [illegible]"

[illegible]: [illegible] = [illegible]. [illegible] = [illegible]. [illegible] = [illegible]. [illegible] = [illegible]. [illegible] = [illegible]. [illegible] = ഇളകുന്ന [illegible]. [illegible] = [illegible]. [illegible] = [illegible]. [illegible] = [illegible]. [illegible] = [illegible]. [illegible] = ഇളകുന്ന [illegible] പോലുള്ള [illegible]. [illegible] = [illegible] പറകൾ. [illegible] = പൂക്കളുംകൊണ്ട് [illegible]. [illegible] = [illegible]. [illegible] = താമര. [illegible] = [illegible]. [illegible] = [illegible]. [illegible] = [illegible]. [illegible] = ഇളകുന്ന [illegible]. [illegible] = [illegible]. [illegible] = [illegible]. [illegible] = [illegible] കൂടി [illegible] മാധുര്യം. [illegible] = [illegible]. [illegible] = [illegible]. [illegible] = സൌഗന്ധികപുഷ്പം. [illegible] = [illegible]. [illegible] = താമരപ്പൊയ്ക. [illegible] = [illegible]. [illegible] = [illegible] കാറ്റ്. [illegible] = [illegible].

ൻ. മകരം = മത്സ്യം. ആദിദേവൻ = സൂര്യൻ. തുരഗം = കുതിര. രജനീചരവസതി = രാക്ഷസന്മാരെ വിട്ട്. ഇംഗിതം ചേർന്ന = ഇഷ്ടത്തിനൊത്ത.

സൗഗന്ധികപുഷ്പഹരണം:—

പുഷ്പവാടി = ഉദ്യാനം. മോടി = ഭംഗി. വാരിജം = താമര. കേളീസാരസങ്ങൾ = അനവധി താമരകൾ. സാരസം = വണ്ണാത്തിക്കോഴി. ചാതകം = ഭംഗി. (ഭീമൻ പൊയ്കയിൽ ഇറങ്ങിയപ്പോൾ ചക്രവാകം മുതലായ പക്ഷികൾ ഭയപ്പെട്ട് പറന്നു പോയി.)

കാവൽക്കാരുമായുള്ള യുദ്ധം: ഭീമനെ കണ്ട് കാവൽക്കാർ ചോദിക്കുന്നു. ധനേശൻ = കുബേരൻ. വൃഥാവലം = വിസ്തരം. കുബേരന് ഒമ്പത് നിധികളുണ്ട് — പത്മം, മഹാപത്മം, ശംഖം, മകരം, കച്ഛപം, മുകുന്ദം, കുന്ദം, നീലം, ഖർവ്വം — പൊൻപൂവ് = സൗഗന്ധികം. കൊറ്റിന് = ഭക്ഷണത്തിന്. ദൂഷണക്കാർ = ഏഷണിക്കാർ. വെടിഞ്ഞ് = ഉപേക്ഷിച്ച്.

(കാവൽക്കാരുടെ ഈ സംബോധനകളിൽനിന്ന് അക്കാലത്തെ കൊട്ടാരങ്ങളിലെ നടപ്പുശീലങ്ങൾ മനസ്സിലാക്കാം. കുബേരന് 100 ഭാര്യമാർ. അവർക്ക് സൗഗന്ധികം കൊണ്ടു കൊടുക്കാൻ കാവൽക്കാർ. അവരെക്കുറിച്ച് ഏഷണിക്കാർ രാജാവിനോട് എന്തു പറഞ്ഞാലും കുഴപ്പമില്ല. ഈ പത്നിമാർ കാവൽക്കാർക്കെതിരായി ഒന്നും പറയുന്നില്ല. രാജാവും, രാജ്ഞിമാർ പറയുന്നതല്ലാതെ മറ്റൊന്നും കേൾക്കുകയുമില്ല.)

കൊട്ടാരത്തിലെ സിൽബന്ദികളുടെ കുസൃതികളും മറ്റും ഇടകലർന്ന് വിവരിക്കുന്നു. പത്തക്കടക്കാർ = ഭോഗികൾ. അന്തികം = അടുത്ത്. വൈശ്രവണൻ = കുബേരൻ.

ചോദ്യം I:

1) "ദുഷ്ടരായ ....വൃകോദരാ!" ഇതിനെ എന്തിനോടുപമിച്ചിരിക്കുന്നു?

2) "ഭിക്ഷുണികൊണ്ടു" മന്ത്രമില്ല ഞങ്ങൾക്കു""—ഭിക്ഷുണികൊണ്ടു്! എന്താണു് മന്ത്രമില്ലെന്നു പറയുന്നതു്?

ചോദ്യം: സന്ദർഭവും സാരവും എഴുതുക:—

1) വ്യാളും..............ചതിക്കുമോടോ!
2) പൊൻപിറന്നോർ.............വിഷയം
3) "പൊൻപൂവു..............സംസാരമില്ലേടോ!

ചോദ്യം: സങ്കടസ്ഥിതപ്രാസ്ഥ്യവുമായ മനോഹാരിത ഒരു ഖണ്ഡികയിൽ വിവരിക്കുക:

കാവൽക്കാർ ഭിക്ഷുവോടു് പറഞ്ഞതെന്തെല്ലാം? (1 ഖണ്ഡിക)

1251—1350: കിങ്കരന്മാർ = ഭൃത്യന്മാർ. ധാവനംചെയ്യുക = ഓടുക. ദന്തി = ആന. ചാക്കു് = ഭരണം. ധനദാജൻ = കുബേരൻ. ചടുലം = വേഗത്തിൽ. ശക്രൻ = ഇന്ദ്രൻ. ഭിക്ഷുകീകഞ്ചുകം = ഭിക്ഷുകളുടെ വസ്ത്രം. വിരമിപ്പിക്കുക = വിശ്രമ അവസാനിപ്പിക്കുക. സന്താപം = ദുഃഖം. പക്ഷസംഭവൻ = രാജാവു്. അക്ഷി = കണ്ണ്. കമണ്ഡലു = ഭിക്ഷുക്കളുടെ ജലപാത്രം. വിടിന്ദ്രൻ = രാജാവു്.

(പട്ടികളെന്നു പറയുന്ന കരുവാരം, രാജാക്കന്മാരുടെ ഭൃത്യന്മാരും ഒരുപോലെയാണോ? ശബ്ദംകേട്ടുണർന്ന പട്ടിയുണ്ടാകുന്ന കലാപത്തിന്റെ അറ്റംവരെ ചെറുതല്ല. താൻ രാജാവല്ലൂ താനെന്നാണവൻ ഭാവിക്കുന്നു. അതുപോലെ ഭൃത്യന്മാരെല്ലാം സമന്മാരാണെന്ന കരുതുന്നതു ശരിയല്ല.)

"അക്കരെ............നിന്റെ പരാക്രമം—ഉപമ.

ഇളിബിളിമന്ദൻ = കുബേരൻ ഇളിബിള എന്നതു് കുബേരന്റെ അമ്മയുടെ പേർ. വചിച്ചു = പറഞ്ഞു.

ചോദ്യം:—1. തല്ലുകൊണ്ടിട്ടു കിങ്കരന്മാരുടെ അവസ്ഥകൾ എന്തെല്ലാം?

2. ഭീമന് ആരെപ്പോലെ കരുത്തുണ്ടെന്നാണ് കാവല്ക്കാരുടെ അഭിപ്രായം.

3. സന്ദര്ഭവും സാരവും വ്യക്തമാക്കുക.

1. കാലനും കൂടെത്തടുപ്പാൻ വശമില്ല.
2. ഭാഗമാത്രം പുമാനാർക്കും ലഭിച്ചീല.
3. എന്നെപ്പോലെ.........മറ്റൊരുവൻ.

ചോദ്യം:— ക്രോധവശന്റെ അടുത്തുചെന്ന് കാവൽക്കാർ പറഞ്ഞ ആവലാതിയും, അത് കേട്ട് പുറപ്പെട്ട രാക്ഷസന്റെ പോരിനു വിളിയും ഒരു ഖണ്ഡികയിൽ വിവരിക്കുക.

1331—1396. മത്തർ = മദിച്ചവർ. ഉത്തരാശാവരൻ = വടക്കേദിക്കിന്റെ നാഥൻ. (കുബേരൻ.) പത്തനം = ഭവനം (പട്ടണം) മൽപത്തനേ = എന്റെ ഭവനത്തിൽ. ധ്വസ്തമാക്കുക = തകർക്കുക. പ്രഭഞ്ജനാത്മജൻ = ഭീമസേനൻ. പക്ഷം = ഭാഗം. ക്ഷിപ്രം = വേഗം. ഗന്ധമാദനം = ഗന്ധമാദ പർവ്വതത്തിലെ വനം. മഹാരഥൻ = പതിനായിരം തേരാളെ തേരിൽനിന്ന് എതിർക്കുന്ന വില്ലാളിയെ മഹാരഥനെന്ന് പറയുന്നു. പത്തിലൊന്ന് കുറവുള്ള നിധി = ഒമ്പതു നിധി. കല്യാണസൗഗന്ധികാർപ്പണം = മംഗളകരമായ സൗഗന്ധികപുഷ്പത്തിന്റെ സമർപ്പണം. കല്യാണം = ശുഭം, മംഗളം.

ചോദ്യം:— സന്ദർഭം വിവരിച്ച് ആശയം വ്യക്തമാക്കുക.

1. "തടുക്കാമോ.........നീ ധരിച്ചാലും"
2. പക്ഷികൾക്കൊക്കപോലെ ഭക്ഷിപ്പാൻ പാകമാക്കും."

ചോദ്യം: തന്നെ അധിക്ഷേപിച്ച രാക്ഷസനോട് ഭീമൻ പറഞ്ഞ മറുപടിയെന്ത്? (ഒരു ഖണ്ഡിക)



A. B. C. യുടെ

പുരാണ കാവ്യ വ്യാഖ്യാനങ്ങൾ

വ്യാഖ്യാതാ:

വി. കെ. എഴുത്തച്ഛൻ എം. എ.

PRE-DEGREE

1 സ്യമന്തകം (കിളിപ്പാട്ട്) ... 1

2 കല്യാണസൗഗന്ധികം (തുള്ളൽ) ... 3

B. A. B. Sc.

3 രുഗ്മിണീ സ്വയംവരം (കൃഷ്ണഗാഥ) ... 2 0

4 കേശവീയം (1-ഉം 2-ഉം സർഗ്ഗങ്ങൾ) ... 2 5

5 നളചരിതം (ആട്ടക്കഥ) Under Printing